കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

**നെടുമങ്ങാട് നഗരസഭ**

**ഓഡിറ്റ് റിപ്പോർട്ട്**

**2017-18**

**ജില്ലാ ഓഡിറ്റ് കാര്യാലയം,**

**തിരുവനന്തപുരം.**

**e-mail:**lfadtvm@yahoo.in

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ.35/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി:16.03.19

Phone No: 0471-2331231

Email: lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

നെടുമങ്ങാട് മുിസിപ്പാലിറ്റി

സർ,

വിഷയം :നെടുമങ്ങാട് മുനിസിപ്പാലിറ്റി- 2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

**വിശ്വസ്തതയോടെ,**

ഒപ്പ്

**ജോയിന്റ് ഡയറക്ടർ**

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശസ്വയം ഭരണവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)

4) റീജിയനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം.

5) ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ.35/2019

തീയതി:16.03.19

**തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ നഗരപാലികാ നിയമം - വകുപ്പ് 295(4), 1994 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.17 മുതൽ 7.12.18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 78 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 60 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മുഹമ്മദ് നിസാർ. എ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.12.2018 മുതൽ 24.12.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ശ്രീജ കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി. സിന്ധു പി.എസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ശാലിനി വി കെ , ഓഡിറ്റർ (സീ.ഗ്രേ)<br>ശ്രീമതി.രേഖ സി എസ്, ഓഡിറ്റർ (സീ.ഗ്രേ)<br>ശ്രീമതി.സീന കെ, ഓഡിറ്റർ (സീ.ഗ്രേ)<br>ശ്രീ.വിജയൻ, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീ.ചെറ്റച്ചൽ സഹദേവൻ | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 31.03.2018 വരെ |
| മുൻസിപ്പൽ സെക്രട്ടറി | ശ്രീമതി.ബീന.എസ്.കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.ഉഷാകരൻ.കെ. | 01.04.2017 മുതൽ 30.06.2017 വരെ |
| | ശ്രീ.കിരൺ എസ്. (ചാർജ്ജ്) | 01.07.2017 മുതൽ 08.10.2017 വരെ |
| | ശ്രീ.ജി. ഉണ്ണി | 09.10.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ.എസ്.എസ്. ഗിരി | 01.04.2017 മുതൽ 31.03.2018 വരെ |
| ഇൻഡസ്ലീയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുനിൽ. കെ.ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ് | ശ്രീ.ശരത് ചന്ദ്രൻ. എ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.വിജയകുമാരി.എൻ | 25.03.2017 മുതൽ 31.03.2018 വരെ |
| എസ്.സി.ഡി.ഒ | ശ്രീ. പ്രശാന്തൻ. ഇ.പെരേര | 01.04.2017 മുതൽ 12.07.2017 വരെ |
| | ശ്രീ.രാജേഷ്. ജി. ആർ | 13.07.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അംബിക അന്തർജ്ജനം | 01.04.2017 മുതൽ 12.07.2017 വരെ |
| | ശ്രീമതി.രജി.വി.എസ്. | 13.07.2017 മുതൽ 31.03.2018 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.ഷിജു ചന്ദ്രൻ. ആർ | 01.04.2017 മുതൽ 07.11.2017 വരെ |
| | ശ്രീ.ജൈനേന്ദ്രദാസ് | 08.11.2017 മുതൽ 04.01.2018 വരെ |
| | ശ്രീ. പി. കൃഷ്ണകുമാർ | 05.01.2018 മുതൽ 31.03.2018 വരെ |
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീ.സുദർശനൻ | 01.04.2017 മുതൽ 24.01.2018 വരെ |
| | ശ്രീമതി.ആനിറോസ് | 25.01.2018 മുതൽ 31.03.2018 വരെ |
| പ്രോജക്ട് ഓഫീസർ | ശ്രീ.ശ്രീകുമാരൻ. ഡി | ലഭ്യമല്ല |

**<u>ഉള്ളടക്കം</u>**

| ക്രമ | ഭാഗം - 1 | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ബജറ്റ് രൂപീകരണം -നടപടിക്രമം പാലിച്ചില്ല | 2-1 |
| 13 | രസീത് ബുക്കുകൾ ഉപയോഗിക്കുന്നതിലും വരവ് തുക ഒടുക്കുന്നതിലും വീഴ്ച-നഗരസഭ ഫണ്ടിന് നഷ്ടം-83384/- രൂപ | 2-2 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക | 2-3 |
| 15 | തൊഴിൽ നികുതി -ഈടാക്കുന്നതിൽ അപാകത | 2-4 |
| 16 | നഗരസഭയിൽ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള അഭിഭാഷകർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 2-5 |
| 17 | പാരാമെഡിക്കൽ വിദഗ്ധർ തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. | 2-6 |
| 18 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-7 |
| 19 | സിനിമാ തീയറ്ററുകളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-8 |
| 20 | രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-9 |
| 21 | വസ്തു നികുതിയുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ- അപാകതകൾ | 2-10 |
| | ഭാഗം - 3 | |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 4,47,045/- രൂപ തടസ്സം ചെയ്യുന്നു | 3-1 |
| 23 | മുനിസിപ്പൽ ഓഫീസിൽ ടച്ച് സ്ക്രീൻ സ്ഥാപിക്കൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-2 |
| 24 | ഭൂമി വാങ്ങൽ – തഹസിൽദാരുടെ വാല്യുവേഷൻ, ലീഗൽ ഒപ്പീനിയൻ എന്നിവ കൂടാതെ ഭൂമി വാങ്ങി | 3-3 |
| 25 | തുമ്പൂർ മൂഴി സ്ഥാപിക്കുന്നതിന് നഗരസഭാ ഓഫീസിനോടടുത്ത് സ്ഥലം വാങ്ങൽ- അപാകതകൾ | 3-4 |

| | | |
|---|---|---|
| 26 | ആവശ്യകത നിർണ്ണയിക്കാതെ ആവിഷ്കരിച്ച പദ്ധതി- നടപ്പാക്കിയതിലെ അപാകതകൾ. | 3-5 |
| 27 | ഡി.പി.സി അംഗീകാരം ലഭിക്കുന്നതിനു മുൻപ് സ്ഥലം വാങ്ങി | 3-6 |
| 28 | സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കി | 3-7 |
| 29 | പി.എം.എ.വൈ പദ്ധതി- വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടാത്ത അക്കൗണ്ട് | 3-8 |
| 30 | സ്വച്ഛ് ഭാരത്, ടോയ്‌ലറ്റ് നിർമ്മാണം, നവീകരണം- രേഖകൾ ലഭ്യമാക്കിയില്ല .273360/- രൂപ തടസ്സം ചെയ്യുന്നു. | 3-9 |
| 31 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- 1,64,000/-രൂപ തടസ്സം ചെയ്യുന്നു | 3-10 |
| 32 | പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽഅടക്കുന്നില്ല-മുനിസിപ്പൽ പെൻഷൻ ഫണ്ട് പരിപാലിക്കുന്നില്ല-ചട്ട വിരുദ്ധം | 3-11 |
| 33 | സർക്കാർ ഉത്തരവിനു വിരുദ്ധമായി WBM സബ് ബേസ് കോഴ്സ് ഉപയോഗിച്ചു-അധിക നിരക്ക് നൽകി 61,322/-രൂപ നിരാകരിക്കുന്നു. | 3-12 |
| 34 | കുഴിച്ചെടുത്ത മണ്ണ് എംബാങ്ക്മെന്റ് നിർമ്മിതിക്കായി ഉപയോഗിക്കാത്തതു മൂലം അധികച്ചെലവു വന്നത് 68,766/- രൂപ നിരാകരിക്കുന്നു. | 3-13 |
| 35 | കരാർ വ്യവസ്ഥ യിലെ സമയക്രമം പാലിച്ചില്ല- പിഴ 42,681/-രൂപ ഈടാക്കേണ്ടതാണ്. | 3-14 |
| 36 | ഇന്റർലോക്ക് പ്രവൃത്തികൾക്ക് ഡി .പി.സി അംഗീകാരം നേടിയ ശേഷം കോൺക്രീറ്റ് ചെയ്തത് അധികച്ചെലവ് | 3-15 |
| 37 | ടൗൺ മാർക്കറ്റ് നവീകരണം-പണി പൂർത്തിയാക്കുന്നതിൽ കാലതാമസം-പദ്ധതി ലക്ഷ്യം കണ്ടില്ല – അധികം നൽകിയ 39,081/- രൂപ നിരാകരിക്കുന്നു. | 3-16 |
| 38 | ഉറവിടമാലിന്യ സംസ്കരണം- 16-17 ലെ സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല- പദ്ധതി ലക്ഷ്യം കണ്ടില്ല. | 3-17 |
| 39 | ജലശ്രീ പദ്ധതി-കിള്ളിയാർ മാലിന്യ മുക്തമാക്കൽ- ഒരേസമയം രണ്ടു പ്രോജക്ടുകൾ നടപ്പാക്കിയതിൽ അധികച്ചെലവ് | 3-18 |
| 40 | പ്ളാസ്റ്റിക്- ഖര-ദ്രവ-ഇ മാലിന്യങ്ങളുടെപരിപാലനം- നഗരസഭ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഫലപ്രാപ്തിയിലെത്തിയിട്ടില്ല | 3-19 |
| 41 | ഔഷധിയിൽ നിന്ന് 31,206/- രൂപയുടെ മരുന്നു ലഭ്യമായിട്ടില്ല. | 3-20 |
| 42 | അനുബന്ധ രേഖകൾ ഹാജരാക്കിയില്ല. 22,98,375/-തുക തടസ്സപ്പെടുത്തുന്നു | 3-21 |
| 43 | ഡി.പി.സി അംഗീകാരം ലഭിച്ച പദ്ധതികൾ | 3-22 |

| | | |
|---|---|---|
| | നടപ്പിലാക്കിയിട്ടില്ല. | |
| 44 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 3-23 |
| 45 | ജാഗ്രതാ സമിതി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 3-24 |
| 46 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല- തുക പിഴപ്പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ് | 3-25 |
| 47 | അങ്കണവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-26 |
| 48 | വികലാംഗർക്ക് ട്രൈസ്കൂട്ടർ-രേഖകൾ ലഭ്യമാക്കിയില്ല 382910/- രൂപ തടസ്സപ്പെടുത്തുന്നു | 3-27 |
| 49 | പുതിയ എൽ.ഇ.ഡി വിളക്കുകൾ വാങ്ങൽ-പ്രോജക്ട് ലക്ഷ്യം നേടിയിട്ടില്ല | 3-28 |
| 50 | ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ | 3-29 |
| 51 | സബ്സിഡി മാർഗ്ഗരേഖകളിലെ അവ്യക്തത-പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല. | 3-30 |
| 52 | കിടപ്പ് രോഗികൾക്ക് പോഷകാഹാര വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-31 |
| | ഭാഗം - 4 | |
| 53 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 54 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 55 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-3 |
| 56 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 57 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 58 | ഓഡിറ്റ് റിക്കവറി | 4-6 |
| 59 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 60 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 61 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 21.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ

2,81,985,863/- രൂപ വരവും 22,87,65,000/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. യഥാർത്ഥ വരവ് 17,11,78,548/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 13,40,89,399/- രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) .

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 06.06.2018 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

19.09.2018 ലെ കെ.എസ്.എ.റ്റി.വി.എം/എം.എൽ/1902/2018-ാം നമ്പർ റിപ്പോർട്ടായി പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

നഗരസഭയുടെ 2017-18 വർഷത്തെ വാർഷികക്കണക്കുകൾ പരിശോധിച്ചതിൽ 44 അപാകങ്ങൾ ഉൾപ്പെടെ വിശേഷണങ്ങളോടു കൂടിയഓഡിറ്റ് സാക്ഷ്യപത്രം കെ എസ് എ റ്റി വി.എം/എം.എൽ/1902/2018 dt 19.09.2018 നമ്പർ റിപ്പോർട്ടായി പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ പണമിടപാട് നടക്കുന്ന 33 അക്കൗണ്ടുകളിൽ 31 എണ്ണത്തിൽ 31.3.18 ലെ AFS, ബാങ്ക് ബുക്ക് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരുപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അവയുടെ Reconciliation Statement ഉം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വരവ് ചെലവ് നീക്കിയിരുപ്പ് കണക്കുകളുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താനോ ആയത് ഉൾപ്പെടുത്തി സാമ്പത്തിക വിശകലനം ഉൾപ്പെടുത്താനോ കഴിഞ്ഞിട്ടില്ല.

# 1-5 ഫണ്ട് വിനിയോഗം

ഖണ്ഡിക 1-3 ൽ പരാമർശിക്കുന്ന അപാകതകൾ നിലനിൽക്കുന്നതിനാൽ സ്ഥാപനത്തിന്റെ, സാമ്പത്തിക നില തയ്യാറാക്കാൻ കഴിയാത്ത സാഹചര്യമാണ്. ആയതിനാൽ ഫണ്ട് വിനിയോഗം, നീക്കിയിരുപ്പ് എന്നിവ തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | നിർവഹ ണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 7418,500 | 4 | 23,55,947 | - | 4 | 50 |
| 2 | വെറ്ററിനറി സർജൻ | 8 | 81,38.434 | 8 | 35,90,231 | - | - | 100 |
| 3 | പ്രിൻസിപ്പൽ ഗവ.എച്ച്.എസ്.എസ് നെടുമങ്ങാട് | 10 | 80,15,070 | 10 | 68,05,653 | - | - | 100 |
| 4 | ഐ.സി.ഡി.എസ് | 12 | 1,15,00,882 | 12 | 92,78,042 | - | - | 100 |
| 5 | മെഡിക്കൽ ഓഫീസർ(താലൂക്ക് ആശുപത്രി) | 1 | 15,00,000 | 1 | 14,97,500 | - | - | 100 |
| 6 | പട്ടിക ജാതി വികസന ഓഫീസർ | 6 | 95,86,000 | 6 | 92,80,296 | - | - | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 11,25,000 | 2 | 3,75,000 | - | - | 100 |
| 8 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 3 | 13,50,000 | 3 | 13,46,113 | - | - | 100 |
| 9 | ഹെൽത്ത് സൂപ്പർവൈസർ | 9 | 10,106,922 | 9 | 31,85,487 | - | - | 100 |
| 10 | മുനിസിപ്പൽ സെക്രട്ടറി | 20 | 3,09,34,365 | 14 | 1,85,42,355 | - | 6 | 100 |
| 11 | പ്രോജക്ട് ഓഫീസർ | 11 | 14,28,92,807 | 10 | 3,39,89,360 | - | 1 | 90 |
| 12 | മുനിസിപ്പൽ എഞ്ചിനീയർ | 293 | 23,53,01,463 | 236 | 14,10,70,677 | - | 57 | 80 |
| | **ആകെ** | **383** | **46,78,69,443** | **315** | **23,13,16,661** | **-** | **68** | **82** |

# 1-7 തൊഴിലുറപ്പ് പദ്ധതി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ മുന്നിരിപ്പ് 8,00,703/- രൂപയും നീക്കിയിരുപ്പ് 65,21,399/- രൂപയുമാണ്. ഈയിനത്തിലെ തൻവർഷ വരവ് -ചെലവ് എന്നിവ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ടിങ്ങിലെ അപാകം വാർഷിക ധനകാര്യ പത്രിക പരിശോധന റിപ്പോർട്ട് അനുബന്ധം 3 (n) ആയി ചേർത്തിട്ടുണ്ട്.

# 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5,51,400 | 930 |
| കർഷകത്തൊലാഴിലാളി പെൻഷൻ | 1,10,35,300 | 1011 |
| വിധവ പെൻഷൻ | 3,56,33,700 | 3079 |
| വാർദ്ധക്യകാലപെൻഷൻ | 5,89,64,400 | 4729 |
| വികലാംഗ പെൻഷൻ | 84,30,800 | 743 |
| വിവാഹധനസഹായം | 5,40,000 | 18 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10,39,200 | 91 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.12.2018 10.00 AM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 77,626/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

നെടുമങ്ങാട് നഗരസഭയിലെ ആഭ്യന്തര നിയന്ത്രണസംവിധാനം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. ഓഡിറ്റ് കാലയളവിൽ ഓഫീസ് പ്രവർത്തനങ്ങളിലും പണമിടപാടുകളിലും ചട്ടങ്ങളും ഉത്തരവുകളും പാലിക്കുന്നതിൽ ഉണ്ടായ അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

താഴെ പറയുന്ന വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1.രസീതു പ്രകാരം ഈടാക്കുന്ന തുകയുടെ അക്കൗണ്ടിങ്ങിലും രസീതുബുക്കുകളുടെ ഉപയോഗത്തിലും ഗുരുതരമായ അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (വിശദാംശങ്ങൾ ഖ 2-2ൽ)

2.നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് നഗരസഭയുടെ പുരോഗതിയുടെ അവശ്യ ഘടകമാണ്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

- വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.
- വരവിനങ്ങളിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവ കൃത്യമായി രേഖപ്പെടുത്തി AFS മായി പൊരുത്തപ്പെടുത്തി ഹാജരാക്കിയിട്ടില്ല.
- കെട്ടിട നിർമ്മാണവും വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. **(ഖ.2-10)**
- പ്രധാന നികുതി ഇനമായ വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.

<u>ഫ്രണ്ട് ഓഫീസ് പ്രവർത്തനം</u>

- ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
- വില ഈടാക്കുന്ന ഫോമുകളുടെ വിതരണ രജിസറ്ററുകൾ സൂക്ഷിക്കുന്നില്ല
- ഫ്രണ്ട് ഓഫീസ് മോണിറ്ററിങ്ങ് സമിതി രൂപീകരിച്ചിട്ടില്ല
- ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് നൽകുന്നില്ല.

<u>സാമ്പത്തിക ഇടപാടുകൾ</u>

- വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല . **ഖ.2- 1**കാണുക.
- ബാങ്കിൽ പണം ഒടുക്കുന്നതിൽ മുനിസിപ്പാലിറ്റി അക്കൗണ്ടിങ്ങ് റൂൾസിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.
- അതാത് ദിവസത്തെ ചെലവിനായി കളക്ഷനിൽ നിന്നും തുക എടുത്തതിനു ശേഷം അടുത്ത ദിവസം സെൽഫ് ചെക്ക് എഴുതി ക്രമീകരിക്കുന്ന പ്രവണത സാമ്പത്തികവർഷത്തിന്റെ ആദ്യപാദത്തിൽ നില നിന്നിരുന്നു

<u>ആസ്തി സൂക്ഷിപ്പിലെ അപാകങ്ങൾ</u>

നഗരസഭയുടെ ആസ്തികൾ വർഷംതോറും ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല

- 2017-18ലെ ആസ്തി ഡിജിറ്റലൈസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്ന നടപടി ഇതുവരെ പൂർത്തിയായിട്ടില്ല.
- ജി ഒ (എം എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

<u>പദ്ധതി രൂപീകരണവും നടത്തിപ്പും</u>

- വിവിധ ഫണ്ടുകളുടെ വിന്യാസം ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.
- ആസൂത്രണസമിതി, വർക്കിങ്ങ്ഗ്രൂപ്പ് എന്നിവയുടെ രൂപീകരണം, വികസനസെമിനാർ, വാർഷിക പദ്ധതി അംഗീകാരം എന്നീ നടപടിക്രമങ്ങളിൽ മാർഗരേഖ പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല.

- കർമ്മപദ്ധതി തയ്യാറാക്കിയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല.
- വിവിധ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ഓഡിറ്റിന് ഹാജരാക്കിയില്ല. സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണമായ രീതിയിൽ മാത്രമാണ് ലഭ്യമാക്കിയത്
- സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആവശ്യകത പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.
- ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഓരോ മാസവും യോഗം ചേരുന്നുണ്ടെങ്കിലും ബഡ്ജറ്റ് - ചെലവ് എന്നിവ താരതമ്യം നടത്തി ചെലവ് നിയന്ത്രിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിക്കുന്നില്ല
- പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന് മുമ്പായി പദ്ധതി അടങ്കൽ, വകയിരുത്തലുകൾ എന്നിവ സംബന്ധിച്ച ശുപാർശ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകേണ്ടതാണ്. അപ്രകാരം ഒരു ശുപാർശയും സ്റ്റാന്റിംഗ് കമ്മിറ്റി നൽകിയിട്ടില്ല
- ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്.
- സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഖ.3-29 കാണുക

**(ii)പൊതുഭരണം**

29.01.15ലെ ജി.ഒ.എം.എസ്.18/2015ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാൻ ഒരു പരിധി വരെ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിശദാംശങ്ങൾ ലഭ്യമല്ല. | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2015 സെപ്റ്റംബർ | 2012-13 മുതൽ 2015-16 വരെ | 07.10.2016 |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 ബജറ്റ് രൂപീകരണം -നടപടിക്രമം പാലിച്ചില്ല

ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെ.285 പ്രകാരം സെക്രട്ടറി വർഷം തോറും അടുത്ത വർഷത്തെ വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ജനവരി 15-ന് മുൻപ് തയ്യാറാക്കേണ്ടതാണെന്ന്

വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

9/1/17- ലെ G3/30/17 നമ്പർ കത്ത് പ്രകാരം നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിച്ചതിന്റെയും ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേർന്നതിന്റെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വച്ചതിന്റെയും,ക്രോഡീകരിച്ചതിന്റെയും രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 20/03/17-ലെ I-ാം നമ്പർ തീരുമാന പ്രകാരം കരട് ബജറ്റ് അംഗീകരിക്കുകയും 27/3/17-ലെ നഗരസഭാ കൗൺസിലിന്റെ I-ാം നമ്പർ തീരുമാന പ്രകാരം അന്തിമ ബജറ്റ് അംഗീകരിക്കുകയും ചെയ്തു. മാത്രമല്ല 27/3/17-ലെ നഗരസഭാ കൗൺസിലിന്റെ II-ാം നമ്പർ തീരുമാന പ്രകാരം ബജറ്റിൽ പാർട്ട് ബി കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ബജറ്റിനൊപ്പം ഹാജരാക്കിയില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെ.293(1) പ്രകാരം ഓരോ മുനിസിപ്പാലിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റി 286-ാം വകുപ്പനുസരിച്ച് തയ്യാറാക്കുന്ന ബജറ്റ്, നിർണ്ണയിക്കപ്പെട്ട ഫോറത്തിലും രീതിയിലും തയ്യാറാക്കി കൗൺസിൽ മുമ്പാകെ സമർപ്പിക്കേണ്ടതും യുക്തമെന്ന് തോന്നുന്ന ഭേദഗതികളോടു കൂടി പാസ്സാക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരിശോധനക്ക് ഹാജരാക്കിയ ബജറ്റ് Detailed Head code ഉം ഇനവിവരവും ഉൾപ്പെടുത്തി നിശ്ചിത മാതൃകയിലല്ല തയ്യാറാക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 47-നുള്ള മറുപടിയിൽ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് മുതലാണ് അക്കൗണ്ട് ഹെഡ് പ്രകാരം ബജറ്റ് തയ്യാറാക്കാൻ തുടങ്ങിയതെന്ന് അറിയിച്ചിട്ടുണ്ട്.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെ.293(3) പ്രകാരം ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനെയോ, അത് എറ്റെടുത്തിട്ടുള്ള വിവിധ സർവ്വീസുകൾക്കുള്ള ചെലവിനെയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ സ്റ്റാന്റിംഗ്കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബജറ്റ് തയ്യാറാക്കി അനുവാദത്തിനുവേണ്ടി കൗൺസിൽ മുമ്പാകെ വയ്ക്കേണ്ടതുമാകുന്നു. ആയത് പ്രകാരം ബജറ്റ് പുതുക്കിയതിന്റെ രേഖകളൊന്നും ലഭ്യമായില്ല.

പ്രസ്തുത പരാമർശങ്ങളിലെ രേഖകൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നഗരസഭാ കൗൺസിലിന്റെയും മിനിട്ട്സിലും ബജറ്റ് പുതുക്കിയതുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 47-നുള്ള മറുപടിയിൽ 2017-18 സാമ്പത്തിക വർഷത്തെ പരിഷ്കരിച്ച ബജറ്റ് 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

പരിശോധനക്കായി ലഭ്യമാക്കിയ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിലെ "പരിഷ്കരിച്ച ബജറ്റ് 2017-18 “ പ്രകാരം ഓരോ ഹെഡിലുള്ള വരവുകൾ എ.എഫ്.എസ്-ലുള്ള വരവുകളിൽ നിന്ന് പ്രത്യക്ഷ വ്യതിയാനമുണ്ട്. മാത്രമല്ല ചില വരവുകൾക്ക് ബജറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിന്റെ ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കോഡ് | ഹെഡ് ഓഫ് അക്കൗണ്ട് | 2018-19 ബജറ്റ്പ്രകാരം | എ.എഫ്.എസ് പ്രകാരം |
|---|---|---|---|---|
| 1. | 1101602 | Cess on Entertainment tax | nil | 16,023 |
| 2. | 1301008 | Rent from shopping complex | 35,00,000 | 1,044 |
| 3 | 1301011 | Rent from conference Hall | 25,000 | 30,480 |
| 4 | 1302003 | Rent from Buildings | nil | 33,044 |
| 5 | 1401002 | Tutorial college registration | 25,000 | 3,100 |

| | | | | |
|---|---|---|---|---|
| | | fees | | |
| 6 | 1601002 | Fund for transferred Institutions | 30,00,000 | 3,43,200 |

എ.എഫ്.എസ് പ്രകാരമുള്ള ചെലവുകൾ പരിശോധനക്കായി ലഭ്യമാക്കിയ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിലെ "പരിഷ്കരിച്ച ബജറ്റ് 2017-18 " പ്രകാരമുള്ള ചെലവുകളെ അധികരിച്ചിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കോഡ് | ഹെഡ് ഓഫ് അക്കൗണ്ട് | 2018-19 ബജറ്റ്പ്രകാരം | എ.എഫ്.എസ് പ്രകാരം |
|---|---|---|---|---|
| 1. | 1401299 | Other fee for grant of permit | nil | 4,01,879 |
| 2. | 1601001 | Development fund | 10,33,41,260 | 1,90,27,986 |
| 3 | 1601004 | Maintenance fund | nil | 4,07,59,662 |
| 4 | 1302003 | Rent from buildings | nil | 33,044 |
| 5 | 1601099 | Other revenue grants | 20,00,000 | 1,27,93,221 |

മാത്രമല്ല AFS-ലെ RP-47 പ്രകാരം വിവിധ ഹെഡുകളിലായി 1,25,06,326/- രൂപ ചെലവ് വന്നിട്ടുണ്ട്. ആയതിന് ബജറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുമില്ല. Function- 'Functionary Base -ന്റെ അടിസ്ഥാനത്തിലല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 47-നുള്ള മറുപടിയിൽ വരവ് ചെലവുകളുടെ ഹെഡ് കൃത്യമായി രേഖപ്പെടുത്താത്തതു മൂലവും പ്ളാൻ വരവുകളുടെ കൃത്യത ബജറ്റ് തയ്യാറാക്കുന്ന സമയത്ത് ഉറപ്പുവരുത്താൻ സാധിക്കാത്തത് മൂലം ഉണ്ടായ അപാകത ആണെന്നും ബജറ്റ് തയ്യാറാക്കിയതിന് ശേഷം വാർഷിക പദ്ധതി തയ്യാറാക്കുന്ന സമയത്ത് മാത്രമാണ് വിവിധ ഹെഡുകളുടെ യഥാർത്ഥ വിഹിതം കണക്കാക്കാൻ കഴിയുന്നതെന്നും അറിയിച്ചിട്ടുണ്ട്.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമവും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും അനുശാസിക്കുന്ന രീതിയിൽ ബജറ്റും പദ്ധതികളും തയ്യാറാക്കാത്തത് മൂലമാണ് ഇത്തരത്തിലുള്ള ഗുരുതര വീഴ്ചകളുണ്ടായത്. ആയത് പരിഹരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിൽ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 രസീത് ബുക്കുകൾ ഉപയോഗിക്കുന്നതിലും വരവ് തുക ഒടുക്കുന്നതിലും വീഴ്ച- നഗരസഭ ഫണ്ടിന് നഷ്ടം:83384/-രൂപ

2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ) നിയമങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള രസീതു ബുക്കുകൾ ഉപയോഗിക്കുന്നതിലെ പല വ്യവസ്ഥകളും നെടുമങ്ങാട് നഗരസഭയിൽ പാലിച്ചു പോരുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. നഗരസഭയുടെ തനതു വരുമാനത്തിന്റെ സുരക്ഷയെ ബാധിക്കുന്ന രീതിയിൽ ഗുരുതരമായ അപാകതകൾ ഇക്കാര്യത്തിൽ കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) സാമ്പത്തിക വർഷം അവസാനിച്ച ശേഷവും രസീതു ബുക്കുകളിൽ ഉപയോഗിക്കാതെ ശേഷിച്ച രസീതുകൾ ക്യാൻസൽ ചെയ്യാതെ സൂക്ഷിച്ചിട്ടുണ്ട്. രസീതുകൾ ദുരുപയോഗം ചെയ്യപ്പെടുവാനുള്ള സാദ്ധ്യതയുണ്ടായിട്ടും ചട്ടം 74 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

2) പരിശോധന കാലയളവിലെ രസീത് ബുക്കുകളിൽ രസീതുകൾ ക്യാൻസൽ ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ അവയൊന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) ഒരു ഉദ്യോഗസ്ഥന് നൽകുന്ന ഒരു രസീത് ബുക്ക് ടിയാൻ പൂർണ്ണമായും ഉപയോഗിച്ച് കഴിഞ്ഞതിനുശേഷം മാത്രമേ അടുത്ത ബുക്ക് അനുവദിക്കാവൂ എന്ന് ചട്ടം 74 നിഷ്കർഷിച്ചിട്ടുണ്ട്. ഒന്നിൽ കൂടുതൽ ബുക്കുകൾ അനുവദിക്കുന്നെങ്കിൽ, അതിനുള്ള വ്യക്തമായ കാരണം രസീത് ബുക്കിൽ രേഖപ്പെടുത്തണമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ പ്രത്യകിച്ച് ഒരു കാരണവും കൂടാതെ കാഷ്യർ ആയ ശ്രീ. മുരളീധരൻ നായർ താഴെ പറയും പ്രകാരം ഒരേ സമയം ഒന്നിലധികം രസീതു ബുക്കുകൾ ഉപയോഗിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(a) 15.12.17ൽ കൈപ്പറ്റിയ രസീത് നമ്പർ 457ൽ ഒരു രസീത് മാത്രം ഉപയോഗിച്ചിട്ടുള്ളപ്പോൾ 19.12.17ൽ വീണ്ടും രസീതു ബുക്ക് നമ്പർ 461 ടിയാന് പിരിവിനായി നൽകിയിരിക്കുന്നു.

(b) 02.7.18 ൽ 259, 05.7.18 ൽ 260, 03.7.18 ൽ 262 എന്നീ ബുക്കുകൾ ഒരേ സമയം കൈപ്പറ്റി ഉപയോഗിച്ചിട്ടുണ്ട്.

4) ഒരോ ദിവസവും രസീത് മുഖേന വരവായി ലഭിക്കുന്ന തുക തൊട്ടടുത്ത പ്രവൃത്തിദിവസം തന്നെ ബാങ്കിൽ ഒടുക്കേണ്ടതാണ് എന്ന വ്യവസ്ഥയുണ്ട്(ചട്ടം-21). എന്നാൽ നഗരസഭയിലെ വരവ് തുകകൾ ഒടുക്ക് വരുത്തുന്നതിൽ പല സന്ദർഭങ്ങളിലും കാലവിളംബം ഉണ്ടായതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വരവ് ലഭ്യമായ തീയതി | തുക | ഒടുക്കേണ്ട തിയതി | ഒടുക്ക വരുത്തിയ തിയതി |
|---|---|---|---|
| 13.04.2018 | 87930 | 16.04.2018 | 17.04.2018 |
| 29.05.2018 | 23491 | 30.05.2018 | 01.06.2018 |
| 06.08.2018 | 59318 | 07.08.2018 | 08.08.2018 |
| 19.09.2018 | 795887 | 20.09.2018 | 24.09.2018 |
| 16.11.2018 | 137581 | 17.11.2018 | 19.11.2018 |
| 19.11.2018 | 99192 | 20.11.2018 | 21.11.2018 |
| 12.02.2018 | 335771 | 13.02.2018 | 14.02.2018 |
| 01.03.2018 | 361863 | 02.03.2018 | 03.03.2018 |
| 12.03.2018 | 228057 | 13.03.2018 | 14.03.2018 |
| 28.03.2018 | 215009 | 29.03.2018 | 31.03.2018 |
| 21.08.2017 | 184041 | 22.08.2017 | 23.08.2017 |
| 25.08.2017 | 69501 | 25.08.2017 | 29.08.2017 |
| 31.08.2017 | 112501 | 01.09.2017 | 02.09.2017 |
| 23.06.2017 | 28496 | 24.06.2017 | 27.06.2017 |
| 30.06.2017 | 49712 | 01.07.17 | 01.07.17 ന 27712/- രൂപ മാത്രമേ ഒടുക്കിയിട്ടുള്ളൂ.ബാക്കി 22000/-രൂപ 3.7.17 നാണ് ഒടുക്കിയത് |
| 11.09.2017 | 158810 | 12.09.2017 | 13.09.2017 |

5) ദൈനംദിനമുള്ള വരവിൽനിന്നും അത്യാവശ്യ ചെലവുകൾക്കുള്ള പണം എടുക്കുകയും അടുത്തദിവസം തുക ഒടുക്കുവാനായി സെൽഫ് ചെക്ക് എഴുതി നൽകുകയും ചെയ്യുന്ന പ്രവണതയും നിലനിൽക്കുന്നു. ഇത്തരത്തിലുള്ള ഏതാനും തുകകളുടെ

ചെലവിനെ സാധൂകരിക്കുന്നതിനുള്ള വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ എൻക്വയറി നം.77 മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയവ ലഭ്യമാക്കുവാൻ അധികൃതർക്ക് കഴിഞ്ഞിട്ടുമില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| തീയതി | വരവിൽ നിന്നും ചെലവഴിച്ച തുക |
|---|---|
| 05.04.14 | 1,090/- |
| 05.04.17 | 62,775/- |
| 12.04.17 | 9,450/- |
| 27.04.17 | 17,000/- |
| 05.5.17 | 39,475/- |
| 22.05.17 | 26,104/- |
| 23.05.17 | 6,497/- |
| 03.06.17 | 65,320/- |
| 12.06.17 | 1,75,972/- |
| 03.07.17 | 10,000/- |
| 04.07.17 | 67,315/- |
| 31.07.17 | 6,639/- |

6) പദ്ധതിനിർവഹണത്തിന്റെ ഭാഗമായി ഗുണഭോക്തൃവിഹിതം ഈടാക്കുമ്പോൾ തുക ഒടുക്കിയാൾക്ക് രസീത് നൽകാത്ത സാഹചര്യവുമുണ്ട്.ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനുവേണ്ടി നഗരസഭയിൽ നിന്ന് കൈപ്പറ്റിയ 122 രസീത് ബുക്കുകൾ നിർവഹണോദ്യോഗസ്ഥയായ കൃഷി ഓഫീസർ വർഷാവസാനം കഴിഞ്ഞും കയ്യിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| രസീതു ബുക്ക് | കൈപ്പറ്റിയ തീയതി |
|---|---|
| 3,4 | 02.02.18 |
| 90-99 | 27.03.18 |
| 103-202 | 31.03.18 |
| 369-378 | 05.11.18 |

ഗുണഭോക്തൃവിഹിതം ഈടാക്കുമ്പോൾ തുകയും ഗുണഭോക്താക്കളുടെ പേരു വിവരവും ഒരു രജിസ്റ്ററിൽ എഴുതിചേർത്ത് തുക പിരിച്ചെടുക്കുകയാണ് ചെയ്തു വരുന്നത്. രസീതു ബുക്കുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് 24 രസീതു ബുക്കുകൾ തീയതി രേഖപ്പെടുത്താതെ തുക മാത്രം രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയത്. ശേഷിച്ച 35 രസീതു ബുക്കുകളിൽ യാതൊന്നും രേഖപ്പെടുത്താതെയും പരിശോധനയ്ക്ക് ലഭ്യമാക്കി. ഇപ്രകാരം 59 രസീതു ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കി. ബുക്കുകളിൽ യാതൊരു രേഖപ്പെടുത്തിലുമില്ലാതെ വർഷാവസാനം കഴിഞ്ഞും കൈയ്യിൽ സൂക്ഷിച്ചിരിക്കുകയാണ്. തുക നൽകിയ ഗുണഭോക്താക്കൾക്ക് പോലും രസീതു നൽകാത്ത നടപടി വൻ സാമ്പത്തിക ക്രമക്കേടിനു വഴി വയ്ക്കാവുന്ന ഒന്നാണ്.

ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ള ചുവടെ പറയുന്ന 63 രസീതു ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| രസീതു ബുക്ക് നം | കൈപ്പറ്റിയ തീയതി |
|---|---|
| 3 | 02.02.2018 |
| 90 | 27.03.2018 |
| | |

| | |
|---|---|
| 103-113,116,119,123-130,<br>135-140,150,157 | 31.03.2018 |
| 158,160,161,163,171-182,<br>188-191,195-202<br>372,373,378 | 05.11.2018 |

കൂടാതെ 1.04.2017 മുതൽ 24.01.18 വരെയുള്ള കാലയളവിലെ കൃഷി ഒാഫീസർക്ക് ഗുണഭോക്തൃവിഹിതം കളക്കുചെയ്യുന്നതിനായി വിതരണം ചെയ്ത തസീതു ബുക്കുകളിൽ 5 എണ്ണം (രസീതു ബുക്ക് നം 383 മുതൽ 387 വരെ)നാളിതുവരെ ഉപയോഗിച്ചിട്ടില്ലാത്തതും തിരികെ ഏൽപ്പിച്ചിട്ടില്ലാത്തതുമാണ്.

7. പരിശോധനക്ക് ഹാജരാക്കാത്ത മറ്റ് രസീത് ബുക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| കൈപ്പറ്റിയ വ്യക്തി | രസീത് ബുക്ക് നം/ തീയതി |
|---|---|
| ശ്രീ.ഉഷാകരൻ | 298/19.06.2017 |
| ശ്രീ.സുമൻ.ടി.എസ് | 338/22.08.2017 |
| ശ്രീ.സുമൻ.ടി.എസ് | 341/26.05.2017 |

പ്രസ്തുത രസീത് ബുക്കുകൾ ഹാജരാക്കാത്തതിൽ ഈടാക്കിയ തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

8)താഴെപറയുന്ന കളക്ഷൻ തുക നഗരസഭയിൽ ഒടുക്കിയതിൽ കുറവുള്ളതായി കാണുന്നു. .

<u>കളക്ഷൻ തുക നഗരസഭയിൽ ഒടുക്കിയതിൽ കുറവ്</u>

| രസീത് നം. / തിയതി | വരവ് തുക | ഒടുക്കിയ തുക | വ്യത്യാസം |
|---|---|---|---|
| 6266/12.10.2017 | 27807 | 24906 | 2901 |
| 1951/01.06.2017 | 12189 | 12184 | 5 |
| ആകെ | | | 2906 |

<u>9) താഴെ പറയുന്ന കളക്ഷൻ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയതിൽ കുറവ്</u>

| കളക്ഷൻ തിയതി | തുക | ബാങ്കിൽ ഒടുക്കിയ തുക | വ്യത്യാസം |
|---|---|---|---|
| 11.05.2017 | 51499 | 51494 | 5 |
| 14.07.2017 | 86902 | 76902 | 10000 |
| 20.07.2017 | 72108 | 62108 | 10000 |
| 28.07.2017 | 38383 | 30383 | 8000 |
| 10.10.2017 | 155762 | 150762 | 5000 |
| 13.10.2017 | 82592 | 76592 | 6000 |
| 07.11.2017 | 96195 | 86195 | 10000 |
| 24.11.2017 | 160317 | 155317 | 5000 |
| 08.12.2017 | 74173 | 66173 | 8000 |

| | | | |
|---|---|---|---|
| 08.12.2017 | 74173 | 66173 | 8000 |
| 31.03.2018 | 401224 | 334244 | 66980 |
| 17.05.2018 | 60078 | 40078 | 20000 |
| 18.05.2018 | 146982 | 131982 | 15000 |
| 12.06.2018 | 581608 | 581508 | 100 |
| 02.07.2018 | 592961 | 592960 | 1 |
| ആകെ | | | 164086 |

10)നഗരസഭയിൽ ക്യാഷ്യറായി ജോലിനോക്കിയിരുന്ന ശ്രീ. മുരളീധരൻ നായർ 03.07.2018 ലും 05.07.2018 ലും കൈപ്പറ്റിയ രസീതു ബുക്ക് നമ്പർ 260, 262 എന്നിവ ഉപയോഗിച്ച് പിരിച്ച തുക നഗരസഭയിൽ ഒടുക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബുക്ക് നമ്പർ | രസീതു നമ്പർ | തീയതി | തുക |
|---|---|---|---|
| 262 | 13051 | 05.07.2018 | 2137 |
| | 13052 | 05.07.2018 | 129 |
| | 13053 | 05.07.2018 | 530 |
| | 13054 | 05.07.2018 | 160 |
| | 13055 | 05.07.2018 | 576 |
| | 13056 | 05.07.2018 | 1322 |
| | 13057 | 05.07.2018 | 525 |
| | 13058 | 05.07.2018 | 100 |
| | 13059 | 05.07.2018 | 67 |
| | 13060 | 05.07.2018 | 150 |
| | 13061 | 05.07.2018 | 42 |
| | 13062 | 05.07.2018 | 150 |
| | 13063 | 05.07.2018 | 305 |
| | 13064 | 06.07.2018 | 567 |
| | 13065 | 06.07.2018 | 115 |
| | 13066 | 06.07.2018 | 510 |
| | 13067 | 06.07.2018 | 2888 |
| | 13068 | 06.07.2018 | 963 |
| | 13069 | 06.07.2018 | 160 |
| | 13070 | 06.07.2018 | 702 |
| | 13071 | 06.07.2018 | 60 |
| | 13072 | 06.07.2018 | 230 |
| | | ആകെ(ബുക്ക് നം 262 പ്രകാരം | 123,88/- രൂപ |
| ബുക്ക് | രസീതു | തീയതി | തുക |

| | | | |
|---|---|---|---|
| നമ്പർ | നമ്പർ | | |
| 260 | 12951 | 03.07.18 | 5930 |
| | 12952 | 04.07.18 | 1081 |
| | 12953 | 04.07.18 | 1273 |
| | 12954 | 04.07.18 | 2203 |
| | 12955 | 04.07.18 | 2298 |
| | 12956 | 04.07.18 | 5691 |
| | 12957 | 04.07.18 | 3686 |
| | 12958 | 04.07.18 | 1169 |
| | 12959 | 04.07.18 | 204 |
| | 12960 | 04.07.18 | 376 |
| | 12961 | 04.07.18 | 560 |
| | 12962 | 05.07.18 | 2996 |
| | 12963 | 06.07.18 | 7105 |
| | | ആകെ(ബുക്ക് നം 260 പ്രകാരം | 34572 |
| | | **ആകെ (രസീത് നം.262+260 എന്നിവ)** | **46,960/-** |

തുകകൾ അടവാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 76 ന് മറുപടി ലഭ്യമായിട്ടില്ല. നഗരസഭയുടെ ആഭ്യന്തര പരിശോധന വിഭാഗത്തിന്റെ വീഴ്ച്ചമൂലമാണ് ഈ വിധത്തിൽ പണാപഹാരവും മറ്റു ക്രമക്കേടുകളും സംഭവിച്ചിട്ടുള്ളതെന്ന ഓഡിറ്റിൽ വ്യക്തമാകുന്നു. അക്കൗണ്ടസ് ഓഫീസർ അതാത് ദിവസത്തെ വരവ് -ഒടുക്ക് വിവരം പരിശോധിക്കുന്നതിൽ ഗുരുതരമായ കൃത്യവിലോപം വരുത്തിയതായി കാണാം. മാസാന്ത്യ വരവു ചെലവു കണക്കുകൾ പരിശോധിച്ച് ഉറപ്പു വരുത്തുന്നതിലും ക്യാഷ് ബുക്ക്, പാസ് ബുക്ക് റിക്കൺസിലിയേഷൻ സാക്ഷ്യപ്പെടുത്തുന്നതിലും നഗരസഭ സെക്രട്ടറി വീഴ്ച്ച വരുത്തിയതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 32,35,52,55,61,76,77 എന്നിവയിൽ എൻക്വയറി നം 55 ന മാത്രമാണ് മറുപടി ഹാജരാക്കിയിട്ടുള്ളത്. ടി മറുപടി പ്രകാരം, കുറവ് കണ്ടെത്തിയതിൽ ക്യാഷ്യറായിട്ടുള്ള ശ്രീ.മുരളീധരൻനായരിൽ നിന്നും 1,27,662/- രൂപയും പലിശയിനത്തിൽ 22,979/- രൂപയും ഉൾപ്പെടെ 1,50,641/- രൂപ നഗരസഭയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമം 22(1) (എ) -ാം വകുപ്പ് പ്രകാരം മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ നിരന്തരം പരിശോധിക്കുക,സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ അക്കൗണ്ട് അംഗീകരിക്കുക എന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

എന്നാൽ മേൽ അപാകത പ്രതിമാസ അക്കൗണ്ട്സ് പരിശോധന വേളകളിൽ കണ്ട് പിടിച്ച് സമർപ്പിക്കുന്നതിനു സെക്രട്ടറിക്കോ അതിൻമേൽ തത്സമയം നടപടികളെടുക്കുന്നതിനു ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കോ കഴിഞ്ഞിട്ടില്ല. അപ്രകാരം നടപടി സ്വീകരിച്ചതിന്റെ രേഖകൾ മിനിട്സ്സിൽ ലഭ്യമല്ല. മേൽ പരാമർശിച്ച പ്രകാരം നഗരസഭയ്ക്ക് ആകെ നഷ്ടമുണ്ടായ തുക ആകെ 2,11,046/- (164086+46960) രൂപയാണ്. ഒടുക്കാൻ ബാക്കിയുള്ള 83,384/- രൂപ (211046-127662) പലിശ സഹിതം ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക

നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ടവറിന്റെ വിവരം | പ്ളിന്ത് ഏരിയ | ഈടാക്കേണ്ട നികുതി | കുടിശ്ശിക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | 26/151(3) | വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | $39.69m^2$ | 23,775 | 2010-11മുതൽ |
| 2. | 13/472(1) | ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ് (എയർസെൽ) | $8.17m^2$ | 6,615 | 2010-11മുതൽ |
| 3. | 14/195(14) | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | $27m^2$ | 6,600 | 2009-10മുതൽ |
| 4, | 11/33(2) | ഭാരത് ഇൻഫ്രടെൽ ലിമിറ്റഡ് | $12m^2$ | 615 | 2009-10മുതൽ |
| 5. | 11/27(7) | വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | $8.41m^2$ | 8,400 | 2014-15മുതൽ |
| 6. | 12/462(6) | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | $9.35m^2$ | 676 | 2017-18മുതൽ |
| 7. | 20/126(3) | റിലയൻസ് ഇൻഫ്രടെൽ ലിമിറ്റഡ് | $45.56m^2$ | 4,774 | 2010-11മുതൽ |

തുക ഡിമാന്റ് ചെയ്തതിന്റെ വിവരമൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്തിട്ടില്ല. (ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പ്രകാരം). മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 2-4 തൊഴിൽ നികുതി -ഈടാക്കുന്നതിൽ അപാകത

2005-കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യതയുള്ള ഓരോ സ്ഥാപനത്തിന്റെയും വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭ വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്ററല്ല പരിശോധനയ്ക്കായി ഹാജരാക്കിയത്.

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 5,6 എന്നിവ പ്രകാരം ഉടമസ്ഥനോടോ,കൈവശക്കാരനോടോ,തൊഴിൽ ഉടമയോടോ അവരുടെ പ്രതിനിധിയോടോ ഫാറം I ,III എന്നിവ പ്രകാരം നികുതി ദായകരുടെ ലിസ്റ്റ് സമർപ്പിക്കാൻ നഗരസഭ ആവശ്യപ്പെടേണ്ടതാണ്. പ്രസ്തുത വിവരം ഉടമസ്ഥനോടോ,കൈവശക്കാരനോടോ,തൊഴിൽ ഉടമയോടോ അവരുടെ പ്രതിനിധിയോടോ ഫാറം II, IVഎന്നിവ പ്രകാരം നികുതി ദായകരുടെ ലിസ്റ്റ് സമർപ്പിച്ചതിന്റെയും അടിസ്ഥാനത്തിലാണ് തോഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഇത്തരത്തിലുള്ള നടപടിക്രമം പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ലഭ്യമായ രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി അടവാക്കാനുള്ള 198 സ്ഥാപനങ്ങളുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | നികുതി അടവാക്കാത്തത് |
|---|---|---|
| 1 | കരിപ്പൂർ വെൽഫെയർ കോഓപ്പറേറ്റീവ് സോസൈറ്റി | I &II അർദ്ധവാർഷിക നികുതി |
| 2 | ഹെർക്കുലീസ് ആട്ടോമൊബൈൽസ് | I &II അർദ്ധവാർഷിക നികുതി |
| 3 | ടീം ലീസ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് | I &II അർദ്ധവാർഷിക നികുതി |
| 4 | ലാംസി വെഡ്ഡിംഗ് സെന്റർ | I -ാം അർദ്ധവാർഷിക നികുതി |
| 5 | ഹാജിറാസ് വെഡ്ഡിംഗ് സെന്റർ | I &II അർദ്ധവാർഷിക നികുതി |
| 6 | ഹോട്ടൽ ഇന്ദ്രപ്രസ്ഥ | I -ാം അർദ്ധവാർഷിക നികുതി |
| 7 | അരഫാ ഗോൾഡ് | I &II അർദ്ധവാർഷിക നികുതി |

| | | |
|---|---|---|
| 8 | ബി.എഡ്.കോളേജ്, മഞ്ച | I &II അർദ്ധവാർഷിക നികുതി |
| 9 | പോപ്പുലർ ഫിനാൻസ് | II-ാം അർദ്ധവാർഷിക നികുതി |
| 10 | RIMS ഹോസ്പിറ്റൽ | I &II അർദ്ധവാർഷിക നികുതി |
| 11 | ബദനി ഐ.റ്റി.ഐ | I -ാം അർദ്ധവാർഷിക നികുതി |
| 12 | കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ | I &II അർദ്ധവാർഷിക നികുതി |

2005-കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടം പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 നഗരസഭയിൽ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള അഭിഭാഷകർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

നഗരസഭയിൽ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള അഭിഭാഷകർ 2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലും മേൽവിഷയം പരാമർശിച്ചിട്ടുള്ളതാണ്. തൊഴിൽ നികുതി അടവാക്കുന്നതിനായി 9/3/18ൽ അഭിഭാഷകർക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും 61 പേർ നോട്ടീസ് കൈപ്പറ്റിയിട്ടില്ല. അഭിഭാഷകരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് 2005-കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 3(2)(1),4 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 2-6 പാരാമെഡിക്കൽ വിദഗ്ധർ തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല

നഗരസഭയിൽ നിന്ന് ലഭ്യമാക്കിയ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ പാരാമെഡിക്കൽ വിദഗ്ധർ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

1.ഐശ്വര്യ ഫിസിയോതെറാപി ക്ളിനിക്ക്,പഴകുറ്റി

2.സ്റ്റാർ X-Ray,ചന്തമുക്ക്

3.ലൈഫ് കെയർ ലബോറട്ടറി & ECD, കുരക്കോട്

4.ദേവകി ദന്തൽ ക്ളിനിക്ക്, നെടുമങ്ങാട്

5.മേടയിൽ മെഡിക്കൽസ്,നെടുമങ്ങാട്

മുനിസിപ്പാലിറ്റിയിൽ സ്വയം തൊഴിൽ ഏർപ്പെട്ടിട്ടുള്ളവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈക്കൊണ്ടിട്ടില്ല. (ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ്). പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

നഗരസഭയിൽ വിവിധ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന കരാറുകാരിൽ നിന്ന് നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ.സി.ബി.ദിലീഷ്

2.ശ്രീ.ഷിബു സതീഷ്

3.ശ്രീ.എസ്.രവി

4.ശ്രീ.ഷഹീദ്.എസ്

5.ശ്രീ.ജെ.ആർ.സാജുകുമാർ

6.ശ്രീ.പി.ശശിധരൻ നായർ

7.ശ്രീ.ആർ.പ്രഭാകരൻ നായർ

8.ശ്രീ.അനിൽകുമാർ.ജി

കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(21) ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല. പ്രസ്തുത കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നഗരസഭയിൽ 60 ദിവസത്തിൽ കൂടുതൽ കരാർ പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരുടെ രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യുവാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 2-8 സിനിമാ തീയറ്ററുകളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

നഗരസഭയിൽ നാല് സിനിമാ തീയറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സിനിമാ തീയറ്ററുകളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2008 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 5,6 എന്നിവ പ്രകാരം തൊഴിൽ ഉടമയോടോ, അവരുടെ പ്രതിനിധിയോടോ നികുതിദായകരുടെ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതാണ്.

തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21) ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല. തീയറ്ററുകളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-9 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1999- ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനങ്ങളും സ്ഥാപിക്കുവാൻ പാടുള്ളതല്ലെന്നും ചട്ടം 5 പ്രകാരം ഓരോ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നെടുമങ്ങാട് നഗരസഭയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ല.

1.VETO, KSRTC ബസ് സ്റ്റാൻഡിന് സമീപം, നെടുമങ്ങാട്

2.VYASA,പാളയം ജംഗഷൻ, നെടുമങ്ങാട്

3.NAPT,ഹോസ്പിറ്റൽ ജംഗഷൻ ,നെടുമങ്ങാട്

4.CADPOINT, KSRTC ബസ് സ്റ്റാൻഡിന് സമീപം, നെടുമങ്ങാട്

5.Winners, മുനിസിപ്പൽ ഓഫീസിന് എതിർവശം, നെടുമങ്ങാട്

6.Toppers PSC Coaching Centre, നെടുമങ്ങാട്

നെടുമങ്ങാട് നഗരസഭയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

1.ബദനി ആർട്ട്സ് & സയൻസ് കോളേജ്

2.Brilliance കോളേജ്, നെടുമങ്ങാട്

3.House of Kids Montessori International Public school

നഗരസഭയിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-10 വസ്തു നികുതിയുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറുകൾ- അപാകതകൾ

വസ്തു നികുതിയുമായി ബന്ധപ്പെട്ട സോഫ്റ്റ്വെയറായ സഞ്ചയയുടേയും പെർമിറ്റ് ഫീസിന്റെ സോഫ്റ്റ്വെയറായ സങ്കേതത്തിന്റെയും പ്രവർത്തനങ്ങളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

സഞ്ചയ-നിലവിലെ സ്ഥിതി

വസ്തു നികുതി ഉൾപ്പെടെയുള്ള എല്ലാ ടാക്സിനങ്ങളും ഫീസിനങ്ങളും ഉൾക്കൊള്ളുന്നതിനുള്ള സോഫ്റ്റ്വെയറാണെങ്കിലും നിലവിൽ എല്ലാ നികുതിയിനക്കാരുടെയും വരവ് കൈകാര്യം ചെയ്യുന്ന വിധത്തിൽ സോഫ്റ്റ്വെയർ പ്രവർത്തനക്ഷമമായിട്ടില്ല.

നിരീക്ഷണങ്ങൾ

ഇ ഗവേർണൻസ് ബഹുദൂരം മുന്നോട്ട് പോയിട്ടും ഏകദേശം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രോപ്പർട്ടി ടാക്സ് സഞ്ചയ സോഫ്റ്റ് വെയറിൽ ഉപയോഗിച്ച് തുടങ്ങിയെങ്കിലും നെടുമങ്ങാട് നഗരസഭയിൽ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതി മാന്വലായിത്തന്നെ കൈകാര്യം ചെയ്യുന്നു. ഇത് അടിയന്തിര ശ്രദ്ധ പതിയേണ്ട വിഷയമാണ്.

സങ്കേതം-നിലവിലെ സ്ഥിതി

സങ്കേതം സോഫ്റ്റ്വെയർ ഉപയോഗിച്ച് ഓൺലൈൻ സംവിധാനത്തിലൂടെ ബിൽഡിംഗ് പെർമിറ്റ് നൽകുന്ന പ്രവർത്തനം നടത്തുന്നു. ഇ ഫയലിംഗ് വഴി online applicaion സ്വീകരിച്ച് വെരിഫിക്കേഷൻ കഴിഞ്ഞ് SMS വഴി ഫീ ഡിമാന്റ് ചെയ്യുന്നു. തുടർന്ന് സാംഖ്യ വഴി തുക അടച്ച് രസീത് നമ്പർ ഹാജരാക്കുമ്പോൾ പ്രോസസ്സ് ചെയ്ത് പെർമിറ്റ് നൽകുന്നു.

നീരീക്ഷണങ്ങൾ

1. സങ്കേതം സോഫ്റ്റ്വയർ സഞ്ചയയും സാംഖ്യയുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടില്ല. ആയതിനാൽ ബിൽഡിംഗ് പെർമിറ്റ് വിവരങ്ങളിൽ നിന്ന് ടാക്സ് ഡിമാന്റ്, സാംഖ്യയിലെ ഡിമാന്റ് എന്നിവയുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.
2. മാന്വലായി നടത്തുന്ന രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ അപ്‌ലോഡ് ചെയ്യപ്പെട്ട Building Plan മായി താരതമ്യം ചെയ്യുന്നതിനോ മറ്റ് അപാകതകൾ കണ്ടു പിടിക്കുന്നതിനോ സോഫ്റ്റ്വെയറിൽ self detection സംവിധാനമില്ല.
3. പെർമിറ്റ് സർട്ടിഫിക്കറ്റിൽ Total area മാത്രമേ കാണിക്കുന്നുള്ളൂ. 1st Floor, 2nd Floor എന്നിങ്ങനെ തരം തിരിച്ച് കാണിക്കുന്നില്ല. ഇത് പരിഹരിക്കേണ്ടതാണ്.
4. പെർമിറ്റ് അനുവദിച്ചതിനുശേഷം നിർമ്മാണം പൂർത്തിയാകുമ്പോഴൊ പിന്നീടോ എക്സ്റ്റൻഷൻ ഉണ്ടായാൽ അത് regularise ചെയ്യുന്നത് സങ്കേതം മുഖേനയല്ല. മറ്റൊരു ഫയലായിട്ടാണ്. ഏരിയയിൽ വ്യത്യാസം വരുന്ന സന്ദർഭങ്ങളിലും പെർമിറ്റ് ഫയലിൽ മാറ്റം വരുന്നില്ല.
5. കെട്ടിട നമ്പറിംഗുമായി ഇത് ബന്ധപ്പെടുത്തുന്നില്ല.
6. Occupancy Change – ന്റെ സർട്ടിഫിക്കറ്റ് നൽകുമ്പോൾ Building Construction without permission എന്ന തലക്കെട്ടോടെയാണ് ലഭിക്കുന്നത്.ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 4, 47,045/- രൂപ തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| നം | പേര് | അടങ്കൽ തുക | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| S003/18 | ഐ.കെ.എം ന് വിഹിതം നൽകൽ | വികസനഫണ്ട് 2,47,045 | Bill No. 5/17-18/15.7.17- 2,47,045 | കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| S0412/18 | ജലശ്രീ പദ്ധതിയുടെ ഭാഗമായി ജില്ലാപഞ്ചായത്തിന് തുക കൈമാറുന്നത് സംബന്ധിച്ച് | വികസനഫണ്ട് 2,00,000 | Bill No 42/17-18/30.1.18- 2,00,000 | കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 18 ന് സമർപ്പിച്ച മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നതുവരെ 4,47,045/- രൂപ തടസ്സം ചെയ്യുന്നു.

# 3-2 മുനിസിപ്പൽ ഓഫീസിൽ ടച്ച് സ്ക്രീൻ സ്ഥാപിക്കൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 20/17-18 |
| പദ്ധതിയുടെ പേര്- | മുനിസിപ്പൽ ഓഫീസിൽ ടച്ച് സ്ക്രീൻ സ്ഥാപിക്കൽ |
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ ഗ്രാൻറ് 2,50,000 |
| ബിൽ നം | 7/17-18തീയതി15.7.17- 2,47,000 |
| നിർവഹണം | സെക്രട്ടറി |

ഫയൽ സ്റ്റാറ്റസ് പൊതുജനങ്ങൾക്ക് നേരിട്ടറിയുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിനുമായി ആവിഷ്കരിച്ച പ്രോജക്ടാണിത്. Oxyfoss, കുമാരപുരം എന്ന സ്ഥാപനമാണ് സ്ക്രീൻ സ്ഥാപിച്ചിട്ടുള്ളത്. പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി 26 ന് ലഭ്യമാക്കിയ മറുപടിയിൽ പൊതുജനങ്ങൾക്ക് ജനനമരണ, സാമൂഹ്യ സുരക്ഷാ പെൻഷൻ സേവനങ്ങൾ ലഭ്യമാണെന്നും ഓഫീസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റ് സേവനങ്ങൾ ഓഫീസ് നെറ്റ് വർക്കിംഗ് പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 2019ൽ synchronisation പൂർത്തിയാക്കി ഇഗവേണൻസ് പൂർണ്ണ അർത്ഥത്തിൽ നടപ്പാക്കി എല്ലാ സേവനങ്ങളും ഫ്രണ്ട് ഓഫീസ് ടച്ച് സ്ക്രീൻ മുഖേന പൊതുജനങ്ങൾക്ക്ഫയൽ ട്രാക്ക് ചെയ്യാൻ കഴിയുന്ന സംവിധാനത്തിലേക്ക് എത്തിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപൂർണ്ണവും വ്യകതതയില്ലാത്തതുമായ കരട് സ്റ്റാറ്റസ് റിപ്പോർട്ട് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് (കണക്കുകൾ, രേഖകകൾ തയ്യാറാക്കൽ, സേവനം തയ്യാറാക്കൽ) പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ മറുപടിയിൽ നിന്നും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചുവെന്നുറപ്പു വരുത്തി റിപ്പോർട്ട് ചെയ്യേണ്ടത് ഇതുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്.

# 3-3 ഭൂമി വാങ്ങൽ - തഹസിൽദാറുടെ വാല്യുവേഷൻ, ലീഗൽ ഒപ്പീനിയൻ എന്നിവ കൂടാതെ ഭൂമി വാങ്ങി

പ്രോജക്ട് നം : SO.416/18

പേര് : ഉള്ളിയൂർ വാർഡിൽ കമ്മ്യൂണിറ്റി ഹാളിന് സ്ഥലം വാങ്ങൽ

അടങ്കൽ : വികസന ഫണ്ട് : 15,00,000/- രൂപ

ചെലവ് : : ബിൽ നം 36/17.01.18 രൂപ 1452110

നിർവ്വഹണം : സെക്രട്ടറി

ഉള്ളിയൂർ വാർഡിൽ കമ്മ്യൂണിറ്റി ഹാളിന് സ്ഥലം വാങ്ങൽ എന്ന പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ (എം.എസ്)9/2008/lsgd dated.07.01.2008 പ്രകാരം ഭൂമി വാങ്ങൽ നടപടി ക്രമങ്ങളിൽ വ്യാപകമായ പരസ്യം, തിരച്ചിൽ, സമിതി രൂപവത്ക്കരണം എന്നിവ പാലിക്കേണ്ടതാണ്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. 25.08.17 ൽ PC1-758/27-ാം നമ്പരായി സെക്രട്ടറി ഒപ്പുവച്ചിട്ടുള്ള ഓഫർ നോട്ടീസിൽ പ്രസ്തുത പദ്ധതിക്ക് ആവശ്യമുള്ള സ്ഥലമായി കാണിച്ചിരിക്കുന്നത് 30 സെന്റാണ്. എന്നാൽ ശ്രീ.സിബിൽ.എസ്, ശ്രീ.പ്രസാദ് ആന്റ് സിന്ധുകല എന്നിവരിൽ നിന്ന് യഥാക്രമം മൂന്ന സെന്റിന്റെയും 7 സെന്റിന്റെയും ഓഫർ നോട്ടീസ് ലഭിക്കുകയും രണ്ടു പേരിൽ നിന്ന് സ്ഥലം വാങ്ങുകയും ചെയ്തിട്ടുണ്ട്. (ആകെ പത്ത് സെന്റ് )

3. തഹസിൽദാറുടെ വാല്യവേഷൻ പ്രകാരം പ്രസാദ്, സിന്ധുകല എന്നിവരുടെ വസ്തു വില 2.83 ആറിന് 3,08,750/-ആർ രൂപ എന്ന നിരക്കിൽ ആകെ 8,73,763/-രൂപയും സിബിൽ എന്ന വ്യക്തിയുടെ 1.01 ആർ വസ്തുവിന് അതേ നിരക്കിൽ 3,11,838/- രൂപയും ആണ് വില നിശ്ചയിച്ചിരുന്നത്. വില്ലേജ് ഓഫീസറുടെ പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരവും, കരം അടയ്ക്കൽ രസീത് പ്രകാരവും, തണ്ടപ്പേര് കണക്ക് പ്രകാരവും ശ്രീമതി.സിന്ധുകല, പ്രസാദ് എന്നിവർക്ക് 2.83 ആർ പുരയിടവും ശ്രീ.സിബിൽ ന് 1.01 ആർ വസ്തുവുമാണുള്ളത്. അഡ്വ.സി.ആർ.രാജീവിൽ നിന്ന് ലഭിച്ച ലീഗൽ ഒപ്പീനിയനിലും മേൽ അളവിലുള്ള വസ്തുവിനെക്കുറിച്ചാണ് പരാമർശിച്ചിട്ടുള്ളത്. തഹസിൽദാറുടെ വാല്യവേഷൻ 3.84 ആർ വസ്തുവിന് മാത്രമായിരുന്നു. എന്നാൽ 4.25 ആർ വസ്തുവിന്റെ വിലയായി ശ്രീ.സിബിൽ.എസിന് 4,37,500/- രൂപയും ശ്രീമതി.സിന്ധുകല.എസ് ന് 8,75,000/- രൂപയും നൽകിയിരിക്കുന്നു.

4. പ്രധാന റോഡിൽ നിന്ന് ഏകദേശം 200m അകലമുള്ളതും സുഗമമായ വാഹന ഗതാഗതം സാധ്യമല്ലാത്തതും വാഹന പാർക്കിംഗിന് സൗകര്യമില്ലാത്തതുമായ മൺപാതയോട് ചേർന്നതാണ് പ്രസ്തുത സ്ഥലം എന്ന് സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

ഇത് സംബന്ധിച്ച് എൻക്വയറി 29,30,72 എന്നിവയ്ക്ക് പത്രപ്പരസ്യം നൽകിയിട്ടുണ്ടെന്നും നെഗോസിയേഷൻ നടത്തി നിരക്ക് കുറച്ചിട്ടുണ്ടെന്നും 28.11.17 ലെ കൗൺസിൽ തീരുമാനം 2 പ്രകാരമാണ് പത്തരസെന്റ് സ്ഥലം വാങ്ങി ആനുപാതികമായി തുക നൽകിയിരിക്കുന്നതെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. നെടുമങ്ങാട് വില്ലേജിൽ സെക്രട്ടറിയുടെ പേരിൽ 4.25 ആർ വസ്തു പോക്കു വരവ് ചെയ്തതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. അധികം വാങ്ങിയ 0.41 ആർ വസ്തുവിന്റെ വാല്യുവേഷനും ലീഗൽ ഒപ്പീനിയനും ലഭ്യമാക്കേണ്ടതാണ്. അധികം വാങ്ങിയ വസ്തുവിന്റെ വില 1,26,899/- രൂപ (1237+125662) തടസ്സം ചെയ്യുന്നു. തഹസിൽദാറുടെ വാല്യുവേഷൻ, ലീഗൽ ഒപ്പീനിയൻ എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-4 തുമ്പൂർ മൂഴി സ്ഥാപിക്കുന്നതിന് നഗരസഭാ ഓഫീസിനോടടുത്ത് സ്ഥലം വാങ്ങൽ- അപാകതകൾ

പ്രോജക്ട് നം. - SO227/18

| | | |
|---|---|---|
| പദ്ധതിയുടെ പേര് | - | ഉമ്പൂർ മൂഴി സ്ഥാപിക്കുന്നതിന് നഗരസഭാ ഓഫീസിനോടടുത്ത് സ്ഥലം വാങ്ങൽ |
| അടങ്കൽ തുക | - | വികസനഫണ്ട് (ധനകാര്യ കമ്മീഷൻ) 81,41,234/- |
| | | വികസനഫണ്ട് - 6,00,000/- |
| | | തനത് ഫണ്ട് - 58,766/- |
| | | ആകെ – 88 ലക്ഷം |
| നിർവഹണം | - | സെക്രട്ടറി |
| ചെലവ് തുക | – | ബിൽനം. 57/28.3.18-6,00,000/- |
| | | ബിൽ നം.58/28.3.18-7910050/- |

എ)ഉമ്പൂർമൂഴി സ്ഥാപിക്കുന്നതിന് നഗരസഭാ ഓഫീസിനോടടുത്ത് സ്ഥലം വാങ്ങൽ എന്ന പ്രോജക്ടിനായി ആദ്യം ഡി.പി.സി അംഗീകാരം ലഭിച്ചത് നാല്പത്തിഒന്ന് ലക്ഷം രൂപയ്ക്കാണ്. എന്നാൽ വൃദ്ധസദനത്തിനുള്ള സ്ഥലവുമായി എക്സ്ചേഞ്ച് ചെയ്ത് കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എൺപത്തിയെട്ട് ലക്ഷം രൂപയാക്കി അടങ്കൽ ഉയർത്തിയതിന് ഡി.പി.സി അംഗീകാരം ലഭിക്കുന്നത് 24.3.2018 നാണ്. സതീഷ് കുമാർ എന്ന വ്യക്തിക്ക് അറിയിപ്പ് നൽകി രജിസ്ട്രേഷൻ നടപടികൾ 24.3.2018നു തന്നെയാണ് പൂർത്തീകരിച്ചിരിക്കുന്നത്. ഇപ്രകാരംഡി.പി.സി അംഗീകാരം ലഭിക്കുന്നതിനു മുൻപു തന്നെ ഏകദേശം ഇരട്ടിയോളം തുക അധികമായി വരുന്ന വസ്തു വാങ്ങൽ നടപടികൾ പൂർത്തിയാക്കിയതായി കാണുന്നു.

ബി)ജി.ഒ.(എം.എസ്) 18/98/lsgd dated 12.2.1998, ജി.ഒ(എം.എസ്) 9/2008/lsgd dated 7.1.2008 എന്നിവ പ്രകാരം ഭൂമി വാങ്ങൽ നടപടിക്രമങ്ങളിൽ വ്യാപകമായ പരസ്യം, തിരച്ചിൽ സമിതി രൂപവൽക്കരണം എന്നീ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 29,30,73 എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ വ്യാപകമായി പത്രപ്പരസ്യം നൽകിയിട്ടുള്ളതും നോട്ടീസ് ബോർഡുകളിൽ പരസ്യം പതിച്ചിട്ടുള്ളതുമാണെന്നും പത്രപ്പരസ്യം കട്ടിംഗ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ലായെന്നും പത്രപ്പരസ്യം ഹാജരാക്കുന്നതിന് സമയം അനുവദിക്കണമെന്നും അറിയിക്കുകയുണ്ടായി. തിരച്ചിൽ സമിതി രൂപീകരിച്ചിട്ടില്ലെന്നും വിശദീകരിച്ചിട്ടുണ്ട്.

സി) മേൽ പരാമർശിച്ചിരിക്കുന്ന പദ്ധതിയിൽ ഒരു വ്യക്തി മാത്രമാണ് ഓഫർ നൽകിയിരിക്കുന്നത്. നെഗോസിയേഷൻ നടത്തിയാണ് ടിയാളിൽ നിന്ന് വസ്തു വാങ്ങിയതെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി ലഭ്യമാക്കിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഡി) നഗരസഭാ ഓഫീസിനോടടുത്ത് സ്ഥലം വാങ്ങാൻ പദ്ധതിയിൽ ലക്ഷ്യമിടുകയും നഗരസഭയിൽ നിന്നും അകലെ പുലിപ്പാറയിൽ ഒരു ഏക്കർ അഞ്ച് സെന്റ് സ്ഥലം വാങ്ങുകയും ചെയ്തു.

ഇ) മുനിസിപ്പൽ എഞ്ചിനീയറും ഹെൽത്ത് സൂപ്പർവൈസറും അനുയോജ്യതാസാക്ഷ്യപത്രം നൽകിയിരിക്കുന്നത് സ്ഥലത്തിന്റെ ലോക്കേഷൻ വ്യക്തമായി സൂചിപ്പിക്കാതെയാണ്.

ഓഡിറ്റ് എൻക്വയറി 29,30 ന് ലഭ്യമാക്കിയ മറുപടിയിൽ വൃദ്ധസദനത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് ഇത്രയും സ്ഥലം ആവശ്യമില്ലാത്തതിനാലും ഉമ്പൂർ മൂഴിക്ക് വാങ്ങുന്ന സ്ഥലം ആയതിന് മതിയാകാത്തതിനാലുമാണ് ഈ സ്ഥലങ്ങൾ പരസ്പരം മാറ്റിയെടുക്കാൻ തീരുമാനിച്ചതെന്നും വൃദ്ധസദനത്തിന് സമീപത്തായി ഉമ്പൂർമൂഴി സ്ഥാപിക്കുമ്പോൾ ആവശ്യമായ ദൂരപരിധി ഉറപ്പ് വരുത്തേണ്ടതാണ് എന്നും വൃദ്ധസദനത്തിലെ അന്തേവാസികൾ കൃഷി ഇഷ്ടപ്പെടുന്നതിനാൽ കൃഷിക്ക് ആവശ്യമായ ജൈവവളം അവിടെ തന്നെ ഉല്പാദിപ്പിക്കുന്നതിന് പതിനഞ്ച് അറകളോടുകൂടിയ ഉമ്പൂർ മൂഴിയും അതിന് ആവശ്യമായ Rrc യൂണിറ്റുമാണ് നഗരസഭ വിഭാവനം ചെയതിരിക്കുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. സ്ഥല പരിശോധനയിൽ ജൈവഅജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണം നടത്തുന്നതിന് സ്ഥലം യോഗ്യമല്ല എന്ന് കാണുന്നു. പ്രധാന പാതയിൽ നിന്നും അകന്ന് ഉൾപ്രദേശത്തായാണ് പ്രസ്തുത സ്ഥലം. മേൽപ്പറഞ്ഞവ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 73 ന് ലഭ്യമാക്കിയ മറുപടിയിൽ ഡി.പി.സിയിൽ നിലവിൽ പ്രോജക്ട് നൽകുമ്പോൾ ആദ്യം prior approval ലഭ്യമാക്കേണ്ടതാണെന്നും അതിനു ശേഷം വെറ്റിംഗ് നടത്തിയ മുറയ്ക്ക് ബിൽ നൽകുകയായിരുന്നുവെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. നഗരസഭയോട് വളരെ അടുത്ത സ്ഥലമാണ് പുലിപ്പാറയെന്നും വാഹനസൗകര്യം ലഭ്യമാണെന്നും ലോക്കേഷൻ സൂചിപ്പിക്കണമെന്ന് വ്യക്തമല്ലാത്ത സാഹചര്യത്തിൽ സ്ഥലപരിശോധന നടത്തിയാണ് അനുയോജ്യത സർട്ടിഫിക്കറ്റ് നൽകിയതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഡി.പി.സി അംഗീകാരം ലഭിച്ച ഇപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതി വിഭാവനം

ചെയ്യതിൽ നിന്നും വ്യതിചലിച്ച് നടപ്പിലാക്കുന്നത് ആവശ്യകതാ നിർണ്ണയിച്ചതിനു ശേഷം മാത്രമാണെന്ന് ഉറപ്പ് വരുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ഉത്തരവാദിത്തമാണ്. ഇതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 3-5 ആവശ്യകത നിർണ്ണയിക്കാതെ ആവിഷ്ക്കരിച്ച പദ്ധതി-നടപ്പാക്കിയതിലെ അപാകതകൾ

പ്രോജക്റ്റ് നം : SO124/18

പദ്ധതിയുടെ പേര് : നഗരസഭാ ഓഫീസിൽ സി.സി.ടി.വി സ്ഥാപിക്കൽ

അടങ്കൽ തുക : വികസന ഫണ്ട് 400000

ചെലവ് തുക : ബിൽ നം.55/28.03.18 - 400000

പ്രോജക്റ്റ് നം : SO467/18

പദ്ധതിയുടെ പേര് : സി.സി.ടി.വി യ്ക്കാവശ്യമായ അധികതുക

അടങ്കൽ തുക : വികസന ഫണ്ട് 100000

ചെലവ് തുക : ബിൽ നം.56/28.03.18 - 100000

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പതിനാല് സിസിടിവികൾ സ്ഥാപിക്കുന്നതിനായി ആദ്യം പദ്ധതി ആവിഷ്ക്കരിക്കുകയും പിന്നീട് കൗൺസിൽ തീരുമാന പ്രകാരം ഇരുപത്തി എട്ടെണ്ണം സ്ഥാപിക്കാൻ തീരുമാനിക്കുകയും അവസാനം ഇരുപത്തി മൂന്നെണ്ണം സ്ഥാപിക്കുകയും ചെയ്തു. ഇതിൽ യഥാർത്ഥ ആവശ്യകതാ നിർണ്ണയം നടന്നിട്ടില്ല എന്ന് വ്യക്തമാകുന്നു.
2. 20.10.17 ൽ നടന്ന ആദ്യ ടെണ്ടറിൽ Winplusp trading company വീഡിയോ ആഡിയോ ഇൻപുട്ട് IP video in put 16 ch NVR ന് ആദ്യം ക്വാട്ട് ചെയ്തത് 63,720/- രൂപയും 04.12.17 ൽ നടന്ന റീടെണ്ടറിൽ 16 channel in put Third party ip cameNVIF conformance ന് ക്വാട്ട് ചെയ്തത് 40,000/- രൂപയുമാണ്. റീടെണ്ടറിൽ ഉപകരണങ്ങൾക്കെല്ലാം കൂടി ആകെ ക്വാട്ട് ചെയ്ത തുക 3,21,800/- രൂപയുമാണ്. കൗൺസിലിന്റെ 17.01.2018 ലെ VII(2) തീരുമാന പ്രകാരം കൂടുതൽ സി.സി.ടി.വി കൾ സ്ഥാപിക്കുന്നതിനായി അധിക തുക 1,00,000/- രൂപ വകയിരുത്തുകയും win plusp trading company യുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.
3. ആദ്യം 16 channel NVR Honeybell സ്ഥാപിക്കാൻ തീരുമാനിച്ച സ്ഥാനത്ത് 32 channel NVR Honeybell ആണ് സ്ഥാപിച്ചിരിക്കുന്നത്. എണ്ണത്തിൽ വ്യത്യാസം വരുത്തുകയും എന്നാൽ അധിക തുക വകയിരുത്തുകയും ചെയ്തു. എങ്കിലും അധികതുക ചെലവാക്കാതെ പാഴായിപ്പോകുകയും ചെയ്തു.

ആവശ്യകത ആദ്യമേ തന്നെ കൃത്യമായി നിർണ്ണയിച്ച ശേഷം പദ്ധതി ആവിഷ്ക്കരിക്കുകയും സാധനത്തിന്റെ മാർക്കറ്റ് വില അനുസരിച്ച് അടങ്കൽ നിശ്ചയിക്കുകയും അതിനു ശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള അപാകതകളും തുക ലാപ്സാകുന്ന സാഹചര്യവും ഒഴിവാക്കാനാകുമായിരുന്നു. ജി.ഒ(പി)നം.259/10/LSGD തീയിതി.08.11.2010 പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാന്വൽ പ്രകാരം പ്രോക്യൂർമെന്റ് കമ്മിറ്റി, പ്രോക്യൂർമെന്റ് പ്ലാൻ കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതാണെങ്കിലും അത്തരത്തിലുള്ള കമ്മിറ്റികളൊന്നും തന്നെ സ്ഥാപനത്തിൽ രൂപീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും ആവശ്യകത നിർണ്ണയിച്ച ശേഷം മാത്രം പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതുമാണ്.

# 3-6 ഡി.പി .സി.അംഗീകാരം ലഭിക്കുന്നതിനു മുൻപ് സ്ഥലം വാങ്ങി

പ്രോജക്റ്റ് നം - SO461/18

പദ്ധതിയുടെ പേര് - എൻ.യു.എൽ.എം മുഖേന വൃദ്ധസദനത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് അധിക സ്ഥലം വാങ്ങൽ

അടങ്കൽ തുക - വികസനഫണ്ട് 29,49,900/-

തനത് ഫണ്ട് 50,100/-

ചെലവ് തുക - ബിൽ നം. 52/17-18/21.3.18- 28,05,150

എ) NULM വൃദ്ധസദനം പ്രോജക്റ്റിന് 16,00,000/- രൂപയായിരുന്ന അടങ്കൽ നിശ്ചയിച്ചിരുന്നത്. ഈ തുക ഉയർത്തി 28,05,150/- രൂപയാക്കി പുതുക്കി ഡി.പി.സി അംഗീകാരം നേടിയത് 31.3.2018ൽ മാത്രമാണ്. എന്നാൽ ശ്രീമതി ആര്യ സുരേന്ദ്രൻ എന്ന വ്യക്തിയുടെ ഓഫർ സ്വീകരിച്ച് രജിസ്ട്രേഷൻ അടക്കമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി 28,05,150/-രൂപയുടെ ബിൽ മാറിയത് 24.3.18നാണ്. അതായത് ഡി.പി.സി അംഗീകാരം ലഭിക്കുന്നതിനു മുൻപ് നടപടിക്രമങ്ങൾ പൂർത്തിയാക്കി തുക മാറി

ബി) ജി.ഒ.(എം.എസ്) 18/98/lsgd dated 12.2.1998ജി.ഒ(എം.എസ്) 9/2008/lsgd dated 7.1.2008 എന്നിവ പ്രകാരം ഭൂമി വാങ്ങൽ നടപടിക്രമങ്ങളിൽ വ്യാപകമായ പരസ്യം, തിരച്ചിൽ സമിതി രൂപവൽക്കരണം എന്നീ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 29,30 എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ വ്യാപകമായി പത്രപ്പരസ്യം നൽകിയിട്ടുള്ളതു നോട്ടീസ് ബോർഡുകളിൽ പരസ്യം പതിച്ചിട്ടുള്ളതുമാണെന്നും എന്നാൽ തിരച്ചിൽ സമിതി രൂപീകരിച്ചിട്ടില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

സി) മേൽ പരാമർശിച്ചിരിക്കുന്ന പദ്ധതിയിൽ ഒരു വ്യക്തി മാത്രമാണ് ഓഫർ നൽകിയിരിക്കുന്നത്. ആ വ്യക്തിയുമായി നെഗോസിയേഷൻ നടത്തിയാണോ വസ്തു വാങ്ങിയിരിക്കുന്നത് എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ എൻക്വയറിക്ക് നെഗോഷിയേഷൻ നടത്തിയിട്ടുണ്ടെന്നും നിരക്ക് കുറച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയെങ്കിലും ആയതിന് രേഖകൾ ലഭ്യമാക്കിയില്ല.

ഡി) 23.3.18ലെ 10(2) നം തീരുമാനപ്രകാരം വൃദ്ധസദനത്തിന് ഓഫർ ലഭിച്ച അത്രയും സ്ഥലം ആവശ്യമില്ലാത്തതിനാൽ തുമ്പൂർ മൂഴിക്കുള്ള സ്ഥലവുമായി എക്സ്ചേഞ്ച് ചെയ്യാൻ തീരുമാനിച്ചു. എന്നാൽ നിലവിലുള്ള അടങ്കൽ തുകയേക്കാൾ കൂടുതൽ വരുന്ന എന്ന വിഷയം ചർച്ച ചെയ്യുകയോ അംഗീകരിക്കുയോ ചെയ്തിട്ടില്ല.

എൻക്വയറി 29,30 ന് വൃദ്ധസദനത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് ഇത്രയും സ്ഥലം ആവശ്യമില്ലാത്തതിനാലും തുമ്പൂർ മൂഴിക്ക് വാങ്ങുന്ന സ്ഥലം ആയതിന് മതിയാകാത്തതിനാലുമാണ് ഈ സ്ഥലങ്ങൾ പരസ്പരം മാറ്റിയെടുക്കാൻ തീരുമാനിച്ചതെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു.

ഓഡിറ്റ് എൻക്വയറി 73 ന് ലഭ്യമാക്കിയ മറുപടിയിൽ ഡി.പി.സിയിൽ നിലവിൽ പ്രോജക്റ്റ് നൽകുമ്പോൾ ആദ്യം prior approval ലഭ്യമാക്കേണ്ടതാണെന്നും അതിനു ശേഷം വെറ്റിംഗ് നടത്തിയ മുറയ്ക്ക് ബിൽ നൽകുകയായിരുന്നുവെന്ന് ഡി.പി.സി അംഗീകാരം ലഭിക്കാതെ തുക മാറുവാൻ സാധിക്കുകയില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. Prior approval എന്നത് നിയമപരമായി നിലനിൽക്കുന്നതല്ല. മാത്രമല്ല ആയത് സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾക്ക് വ്യക്തവും സാധൂകരിക്കാവുന്നതുമായ മറുപടിയല്ല ലഭ്യമാക്കിയിരിക്കുന്നത്. ഭൂമി വാങ്ങൽ പ്രവൃത്തികളിൽ കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ പാലിക്കുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

# 3-7 സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കി

പ്രോജക്റ്റ് നമ്പർ 15/17-18

പദ്ധതിയുടെ പേര് തുറസ്സായ 860 കുടിവെള്ള കിണറുകൾ ആഴം കൂട്ടൽ

അടങ്കൽ തുക- വികസനഫണ്ട് -15,73,521
ധനകാര്യകമ്മീഷൻ അവാർഡ് -25,12,212
തനത് ഫണ്ട് - 28,267

ആകെ അടങ്കൽ 41,14,000
ചെലവ് 40,25,000
നിർവഹണോദ്യോഗസ്ഥൻ പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമാർജന സെൽ

ചെലവിന്റെ വിശദാംശം

| ബിൽ നം | ചെലവ് തുക |
|---|---|
| 10/30.6.17 | 1,35,000 |
| 9/30.6.17 | 2,37,000 |
| 8/30.6.17 | 2,10,000 |
| 7/30.6.17 | 2,97,000 |
| 6/30.6.17 | 2,91,000 |
| 5/30.6.17 | 2,52,000 |
| 3/30.6.17 | 3,18,000 |
| 4/30.6.17 | 3,09,000 |
| 16/15.7.17 | 1,20,000 |
| 17/17.8.17 | 1,59,000 |
| 20/28.9.17 | 12,000 |
| 24/28.9.17 | 2,20,000 |
| 22/28.9.17 | 2,14,000 |
| 23//28.9.17 | 2,08,000 |
| 21/28.9.17 | 2,02,000 |
| 30/28.9.17 | 34,000 |
| 32/28.9.17 | 1,74,000 |
| 31/28.9.17 | 44,000 |
| 29/28.9.17 | 2,10,000 |
| 33/28.9.17 | 9,000 |
| 37/8.11.17 | 6,000 |
| 36/8.11.17 | 76,000 |
| 38/23.11.17 | 96,000 |
| 40/6.1.18 | 40,000 |
| 43/8.2.18 | 1,10,000 |
| 54/27.2.18 | 6,000 |
| 55/27.2.18 | 12,000 |
| 57/26.3.18 | 10,000 |
| 63/28.3.18 | 14,000 |
| ആകെ | 40,25,000 |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) കിണറിന്റെ ആഴം കൂട്ടുന്നതിന് അർഹരായ ഗുണഭോക്താക്കൾക്ക് 5,000/- രൂപ വീതം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. സ.ഉ.(എം.എസ് )നം.80/17/lsgd/03.04.17 സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രോജക്ടാണിത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.66 ന് 17-18 മാർഗ്ഗരേഖയിൽ പ്രസ്തുത പ്രോജക്ട് ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചു. എന്നാൽ 18-19 മാർഗ്ഗരേഖയിലാണ് ഈ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുള്ളത്. 17-18 ലെ മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രോജക്ട് നടപ്പിലാക്കാൻ സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതായിരുന്നു. പ്രസ്തുത നടപടിക്രമം പാലിക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ബിൽ നം. 8 പ്രകാരം ഗണേശൻ. ടി എന്ന ഗുണഭോക്താവിന് (അക്കൗണ്ട് നം. SBI 35235321224) 3000/-രൂപ ബിൽ നം. 17 പ്രകാരം 3000/-എന്നിങ്ങനെ ആകെ 6000/- രൂപ നൽകിയിട്ടുണ്ട്. ബിൽ നം. 5 പ്രകാരം സുരേഷ്. ടി എന്ന വ്യക്തിക്ക് (അക്കൗണ്ട് നം. 40326100102397) 3000/- രൂപ, ബിൽ നം.17പ്രകാരം 3000/- രൂപ , ബിൽ നം. 22 പ്രകാരം 2,000/- രൂപ എന്നിങ്ങനെ ആകെ 8000/- രൂപ നൽകിയതായി കാണുന്നു. ഇപ്രകാരം 4,000/- രൂപ അധികം നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച എൻക്വയറി 66ന് ലഭ്യമാക്കിയ മറുപടിയിൽ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം രണ്ട് ഗുണഭോക്താക്കൾക്കായി അധികം നൽകിയ 4,000/- രൂപ അവരിൽ നിന്ന് തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) നഗരസഭാ സെക്രട്ടറിയുടെ 15.04.17ലെ UPA 10886/16-ാം നം പ്രകാരം സബ്ട്രഷറി ഓഫീസർ നെടുമങ്ങാടിന് നൽകിയ കത്തിൽ സുനിതകുമാരി.പി -4000/-രൂപ, മോഹനൻ. എം- 4000/- രൂപ, ഗീതാകുമാരി. എസ്- 3000/- രൂപ, ആബിദ. ബി- 3000/- രൂപ, ഷീജ.എം- 3000/- രൂപ എന്നിങ്ങനെ ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിൽ തുക ലഭിച്ചിട്ടില്ലായെന്ന് കാണിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾക്ക് തുക അവരുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 38ന് മറുപടി ലഭ്യമാക്കിയിട്ടില്ല..

3) സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കിയതിന് ആകെ ചെലവഴിച്ച 40,25,000/- രൂപയിൽ നിരാകരിച്ച 4,000/- രൂപ കഴിച്ച് ബാക്കിയുള്ള 40,21,000/- രൂപ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.

# 3-8 പി.എം.എ.വൈ പദ്ധതി -വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടാത്ത അക്കൗണ്ട്

| | |
|---|---|
| പ്രോജക്ട് നം | 130 |
| പേര് | പി.എം.എ.വൈ എല്ലാവർക്കും ഭവനം രണ്ടാം ഘട്ടം |
| അടങ്കൽ | വികസന ഫണ്ട് 2,00,00,000 |
| | കേന്ദ്രാവിഷ്കൃത ഫണ്ട് 6,00,00,000 |
| | സംസ്ഥാനാവിഷ്കൃത ഫണ്ട് 2,00,00,000 |
| ചെലവ് തുക | ബിൽ നം.14/15.07.17 2,00,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 01.10.16 ൽ അക്കൗണ്ട് നം.44980100004020 പ്രകാരം ബാങ്ക് ഓഫ് ബറോഡയിൽ നഗരസഭാ സെക്രട്ടറിയുടെ പേരിൽ പി.എം.എ.വൈ യ്ക്കായി, അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 31.03.2018 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത അക്കൗണ്ടിൽ 4,28,32,645/- രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2) പ്രസ്തുത പദ്ധതിക്കായി കേന്ദ്രാവിഷ്കൃത ഫണ്ടും സംസ്ഥാനാവിഷ്കൃത ഫണ്ടും ഉൾപ്പെടെ ആകെ 1,35,500,000/- രൂപയും കേന്ദ്രാവിഷ്കൃത ഫണ്ട്, ULB വിഹിതം, സംസ്ഥാനാവിഷ്കൃത ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവയുൾപ്പെടെ 19,54,80,000/- രൂപയും ചെലവ് വന്നിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറി നം.67 ന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ സുലേഖ പ്രകാരമുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ പ്ലാൻ ഫണ്ടിനത്തിലുള്ള, ചെലവൊഴികെ മറ്റൊരു ചെലവും ഉൾപ്പെട്ടിട്ടില്ല. പ്രോജക്ട് ഓഫീസർ സബ്സിഡിയറി ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലഭ്യമാക്കിയ കണക്കുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നുവെന്നുറപ്പ് വരുത്തേണ്ടതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി നടത്തിപ്പ് കൃത്യമായി ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്നുറപ്പ് വരുത്തേണ്ടതുമാണ്.

# 3-9 സ്വച്ഛ് ഭാരത്,ടോയ്‌ലറ്റ് നിർമ്മാണം, നവീകരണം- രേഖകൾ ലഭ്യമാക്കിയില്ല 273360/- രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| നിർവഹണം | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജനം |
| എ) | |
| പ്രോജക്ട് നം | S0 11/18 |
| പേര് | സ്വച്ഛ് ഭാരത്, ടോയ്‌ലറ്റ് നിർമ്മാണം, നവീകരണം (സ്പിൽ ഓവർ) |
| അടങ്കൽ | (വികസനഫണ്ട്)-59670<br>കേന്ദ്രാവിഷ്കൃതം 20,00,000<br>സംസ്ഥാനാവിഷ്കൃതം6,66,500 |
| ചെലവ് തുക | Bill No 2/30.6.17-29335<br>45/8.2.18-8000<br>65/28.3.18-15134 |
| ബി) | |
| പ്രോജക്ട് നം. | S012/18 |
| പേര് | സ്വച്ഛ് ഭാരത്,ടോയ്‌ലറ്റ് നിർമ്മാണം, മെയിന്റനൻസ് (സ്പിൽ ഓവർ) |
| അടങ്കൽ | (വികസനഫണ്ട്)-353437<br>കേന്ദ്രാവിഷ്കൃതം 1600000<br>സംസ്ഥാനാവിഷ്കൃതം533200 |
| ചെലവ് തുക | Bill No 11/30.6.17-81608<br>12/30.6.17-68010<br>13/30.6.17-38737<br>46/8.2.18-28402<br>66/28.3.18-4134 |

ഗുണഭോക്താക്കളുടെ അപേക്ഷകൾ, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ തന്നെ വിനിയോഗിച്ച തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ വാർഡ് തലത്തിൽ അടുക്കി വച്ചിരുന്നതാണെന്നും എന്നാൽ ഫോട്ടോ അപ്‌ലോഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ആയവ കൈകാര്യം ചെയതപ്പോൾ അപേക്ഷകൾ മാറിപ്പോയിട്ടുണ്ടെന്നും ആയത് വാർഡ് അടിസ്ഥാനത്തിൽ ഉടനടി സമർപ്പിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കായി ക്രമനം. എ, ബി എന്നിവയിൽ ചെലവഴിച്ച ആകെ തുക 2,73,360/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-10 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- 1,64,000/-രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട് നം. 14,ഗാർഹിക പൈപ്പ് ലൈൻ കണക്ഷൻ സ്ഥാപിക്കൽ എന്ന പദ്ധതിക്ക് ബിൽ ബുക്ക് പ്രകാരം 1,64,000/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവഹണം | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമാർജനം |

| | |
|---|---|
| ബിൽ നം. | 18/17.1.18-56000<br>25/28.9.17-8000<br>26/28.9.17-8000<br>27/28.9.17-16000<br>34/28.9.17-4000<br>35/8.11.17-44000<br>39/23.11.17-28000 |
| ആകെ | 164000/- |

ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.69 ന് ഫയൽ ഓഡിറ്റിന് ഹാജരാക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ചെലവ് രേഖകളുടെ അഭാവത്തിൽ 1,64,000/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-11 പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽഅടക്കുന്നില്ല-മുനിസിപ്പൽ പെൻഷൻ ഫണ്ട് പരിപാലിക്കുന്നില്ല-ചട്ട വിരുദ്ധം.

കേരള മുനിസിപ്പാലിറ്റി (എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) റൂൾസ് 1996ൽ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടച്ച് പെൻഷൻ ആനുകൂല്യം പെൻഷൻ തുക എന്നിവ വിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റിയുടെ അക്കൗണ്ടുകളും ധനവിനിമയ രേഖകളും പരിശോധിച്ചതിൽ ചട്ടലംഘനത്തിന് സാദ്ധ്യത കാണുന്നു.

1. കേരള മുനിസിപ്പാലിറ്റി ഡി.സി.ആർ.ബി.റൂൾസ് 1996 റൂൾ 6ൽ പ്രതിപാദിച്ചിരിക്കുന്ന സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടക്കേണ്ടതായ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിന്റെ 15% വരുന്ന തുക എല്ലാ മാസവും ജീവനക്കാരുടെ ശമ്പളബില്ലിനോടൊപ്പം പിൻവലിക്കേണ്ടതും അതതുമാസം 25 ന് മുൻപായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ ഇത് പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.45 ന് 17-18 സാമ്പത്തിക വർഷത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല എന്നറിയിച്ചു.
2. ചട്ട വിരുദ്ധമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ തുക അടക്കാതിരിക്കുന്നതും മുനിസിപ്പൽ പെൻഷൻ ഫണ്ട് പരിപാലിക്കാതിരിക്കുന്നതും ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ മുനിസിപ്പൽ ഫണ്ടിൽ നിന്ന് നേരിട്ട് നൽകുകയും ചെയ്യുന്നത് പ്രത്യേക ഫണ്ടിന്റെ അഭാവത്തിലുള്ള പലിശ നഷ്ടത്തിനും പെൻഷൻ വിതരണത്തിനാവശ്യമായ തുക ലഭ്യമല്ലാത്ത സാഹചര്യങ്ങൾ ഉണ്ടാകുന്നതിനും തുടർന്നുള്ള നിയമ പ്രശ്നങ്ങൾക്കും ഇടയാക്കുമെന്നും നിയമ നടപടികൾക്ക് വിധേയമാകേണ്ടിവരുമെന്നും വിലയിരുത്തുന്നു. ആയതിനാൽ പെൻഷൻ കോൺട്രിബ്യൂഷൻ എല്ലാ മാസവും കൃത്യമായി സെൻട്രൽ പെൻഷൻഫണ്ടിൽ അടക്കുന്നതിനും മുനിസിപ്പൽ പെൻഷൻഫണ്ട് പരിപാലിക്കുന്നതിനുള്ള അടിയന്തര നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

# 3-12 സർക്കാർ ഉത്തരവിനു വിരുദ്ധമായി WBM സബ് ബേസ് കോഴ്സ് ഉപയോഗിച്ചു-അധിക നിരക്ക് നൽകി 61322/- രൂപ നിരാകരിക്കുന്നു

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങളിൽ Finance (Inspection wing-Technical) വകുപ്പിന്റെ സർക്കുലർ നമ്പർ 16/2016/Fin തീയതി.20/7/16, ചീഫ്എൻജിനീയർ (LSGD)യുടെ 10.08.16ലെ DB3/6512/2013/CE/LSGD നമ്പർ സർക്കുലർ എന്നിവ പ്രകാരം റോഡ് പ്രവൃത്തികളിൽ സബ് ബേസ്/ബേസ് കോഴ്സ് ചെയ്യുമ്പോൾ കൂടിയ നിരക്കിലുള്ള സ്പെസിഫിക്കേഷനിലുള്ള Water bound macadam(WBM) ഒഴിവാക്കി കൂടുതൽ

ഗുണനിലവാരവും ഉറപ്പുമുള്ളതും എന്നാൽ താരതമ്യേന നിരക്ക് കുറഞ്ഞതുമായ സ്പെസിഫിക്കേഷനിലുള്ള Wet Mix macadam(WMM) ഉപയോഗിച്ച് പ്രവൃത്തി ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇവയിൽ താഴെ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളിൽ ഇതിനു വിരുദ്ധമായി പ്രവൃത്തി ചെയ്തിട്ടുള്ളതായി കാണുന്നു

1.

| | |
|---|---|
| പ്രോജക്ട് നമ്പർ- | 435/17-18 |
| പേര് | കോട്ടറക്കോണം റോഡ് റീടാറിംഗ് |
| അടങ്കൽ | 500000/- |
| ചെലവ് | 499041/- |
| ബിൽ നമ്പർ | 263/17-18 തീയതി 28.03.18 |
| ഫണ്ട് | എസ്.സി.പി |
| എം.ബുക്ക് നമ്പർ | 128//17-18 |
| T.S നമ്പർ | 33678/17-18 |

എസ്റ്റിമേറ്റ് ഇനം-1ആയി DSR-16(C.I-46.67) സ്പെസിഫിക്കേഷൻ 4.7.3 Aആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ 128/17-18 പേജ് നമ്പർ 10 പ്രകാരം WBM സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയും വിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| അനുവദിച്ചത് - 30.15$m^3$@4061.90/ $m^3$ | 122466.29 |
| DSR16 സ്പെസിഫിക്കേഷൻ 4.9 wet mix Macadam പ്രകാരം അനുവദിക്കാവുന്നത് - 30.15$m^3$ @3205.25/$m^3$ | 96638.28 |
| അധികം അനുവദിച്ചത് | 25828.01 |

2.

| | |
|---|---|
| പ്രോജക്ട് നമ്പർ- | 357/17-18 |
| പേര് | തറട്ട അരുവിക്കുഴി റോഡ് ബാക്കി ഭാഗം ടാറിംഗ് |
| അടങ്കൽ | 300000/- |
| ചെലവ് | 222815/- |
| ബിൽ നമ്പർ | 223/17-18 തീയതി 21.3.18 |
| ഫണ്ട് | മെ.ഫണ്ട് |
| എം.ബുക്ക് നമ്പർ | 76/17-18 |
| T.S നമ്പർ | 40222/17-18 |

എസ്റ്റിമേറ്റ് ഇനം-2ആയി DSR-16 (C.I-46.67) സ്പെസിഫിക്കേഷൻ 4.7.3 Aആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ 76/17-18 പേജ് നമ്പർ 16,പ്രകാരംWBM

സ്പെസിഫിക്കേഷൻഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയും വിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| അനുവദിച്ചത് - 32.676m$^3$ @3680/m$^3$ | 120247.18 |
| DSR16 സ്പെസിഫിക്കേഷൻ 4.9 wet mix Macadam പ്രകാരം അനുവദിക്കാവുന്നത് - 32.676m$^3$ @ 3205.25/m$^3$ | 104734.74 |
| അധികം അനുവദിച്ചത് | 15512.94 |

3.

| | |
|---|---|
| പ്രോജക്ട് നമ്പർ- | 304/17-18 |
| പേര് | ചിന്ത-പാളയത്തിൻമുകൾ റോഡ് റീടാറിംഗം |
| അടങ്കൽ | 600000/- |
| ചെലവ് | 599682/- |
| ബിൽ നമ്പർ | 231/17-18 തീയതി 23.03.2018 |
| ഫണ്ട് | എസ്.സി.പി |
| എം.ബുക്ക് നമ്പർ | 74/17-18 |
| T.S നമ്പർ | 41132/17-18 |

എസ്റ്റിമേറ്റ് ഇനം-2 ആയി DSR-16(C.l-46.67) സ്പെസിഫിക്കേഷൻ 4.7.3 Aആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ 74/17-18 പേജ് നമ്പർ 14 പ്രകാരം WBM സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയും വിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| അനുവദിച്ചത് - 7.20 m$^3$@4061/m$^3$ | 29239.20 |
| DSR16 സ്പെസിഫിക്കേഷൻ 4.9 wet mix Macadam പ്രകാരം അനുവദിക്കാവുന്നത് - 7.20m$^3$ @3205.25/m$^3$ | 23077.80 |
| അധികം അനുവദിച്ചത് | 6161.40 |

4

| | |
|---|---|
| പ്രോജക്ട് | 300/17-18 |

| | |
|---|---|
| നമ്പർ- | |
| പേര് | കരിങ്ങളകോളനി-ഉരുൾപത്താംകുഴി-കാഞ്ഞിരംപാറ റോഡ് റീടാറിംഗം,സംരക്ഷണഭിത്തി |
| അടങ്കൽ | 1200000/- |
| ചെലവ് | 1079323/- |
| ബിൽ നമ്പർ | 247/17-18 തീയതി 23.03.2018 |
| ഫണ്ട് | എസ്.സി.പി |
| എം.ബുക്ക് നമ്പർ | 95/17-18 |
| T.S നമ്പർ | 4727/17-18 |

എസ്റ്റിമേറ്റ് ഇനം-2ആയി DSR-16(C.I-46.67) സ്പെസിഫിക്കേഷൻ 4.7.3 Aആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ 95/17-18 പേജ് നമ്പർ 26 പ്രകാരം WBM സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയും വിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| അനുവദിച്ചത് 13.5 $m^3$@3500/$m^3$ - | 47250/- |
| DSR16 സ്പെസിഫിക്കേഷൻ 4.9 wet mix Macadam പ്രകാരം അനുവദിക്കാവുന്നത് - 13.5$m^3$ @3205.25/$m^3$ | 43270.87 |
| അധികം അനുവദിച്ചത് | 3979.13/- |

5.

| | |
|---|---|
| പ്രോജക്ട് നമ്പർ- | SO 457/17-18 |
| പേര് | പൂവത്തൂർ പട്ടാളംമുക്ക് ഏല റോഡ് റീടാറിംഗ് |
| അടങ്കൽ | 500000/- |
| ചെലവ് | 480751/- |
| ബിൽ നമ്പർ | E1/12908/17തീയതി 31.10.2018 |
| ഫണ്ട് | 13-ാം CFC |
| എം.ബുക്ക് നമ്പർ | 190/17-18 |
| T.S നമ്പർ | 83163/17-18 |

എസ്റ്റിമേറ്റ് ഇനം-2 ആയി DSR-16(C.I-46.67) സ്പെസിഫിക്കേഷൻ 4.7.3 Aആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ 190/17-18 പേജ് നമ്പർ 27 പ്രകാരംWBM സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയും വിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| അനുവദിച്ചത് - 22.500 $m^3$@3500/$m^3$ | 78750/- |
| DSR16 സ്പെസിഫിക്കേഷൻ 4.9 wet mix Marcodam പ്രകാരം അനുവദിക്കാവുന്നത് - 22.500$m^3$ @3205.25/$m^3$ | 72118.12/- |
| അധികം അനുവദിച്ചത് | 6631.88/- |

6.

| | |
|---|---|
| പ്രോജക്ട് നമ്പർ- | 245/17-18 |
| പേര് | NES Block ഇരിഞ്ചയം റോഡിൽ ഇരപ്പിൽ മുതൽ റീടാറിംഗ് പാച്ച് വർക്ക് |
| അടങ്കൽ | 500000/- |
| ചെലവ് | 496439/- |
| ബിൽ നമ്പർ | 248/17-18തീയതി 28.03.2018 |
| ഫണ്ട് | MF Road |
| എം.ബുക്ക് നമ്പർ | 99/17-18 |
| T.S നമ്പർ | 40207/17-18 |

എസ്റ്റിമേറ്റ് ഇനം-2 ആയി DSR-16 (C.I-46.67) സ്പെസിഫിക്കേഷൻ 4.7.3 A ആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ 99/17-18 പേജ് നമ്പർ 19 പ്രകാരംWBM സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയും വിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| അനുവദിച്ചത് - 6.750 $m^3$@3680.36/$m^3$ | 24842.43/- |
| DSR16 സ്പെസിഫിക്കേഷൻ 4.9 wet mix Macadam പ്രകാരം അനുവദിക്കാവുന്നത് - 6.750$m^3$ @3205/$m^3$ | 21633.75/- |
| അധികം അനുവദിച്ചത് | 3208.68/- |

രണ്ടിനങ്ങളുടെയും detailed data സഹിതം അപാകം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 16 ന് പ്രസ്തുത പ്രവൃത്തിക ളിൽ ടാർ റോഡിൽ ഒരു ലെയർ മണ്ണ് പൂർണ്ണമായും ഒലിച്ചു പോയ സാഹചര്യത്തിൽ കൂടുതൽ ബൈന്റിംഗ് ഗുണം ലഭിക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരം ചെയ്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ Finance (Inspection wing-Technical) വകുപ്പിന്റെ സർക്കുലറിൽ WBM ടാർ റോഡിന്റെ ഈടിനെപ്പോലും ബാധിക്കും എന്ന വ്യക്തമാക്കിയിട്ടുള്ളതിനാൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി WBM സബ് ബേസ് കോഴ്സ് ഉപയോഗിച്ച അധിക നിരക്ക് നൽകിയത് അംഗീകരിക്കാൻ കഴിയില്ല.

ഈയിനത്തിൽ ആകെ ചെലവായതുക **61,322** /-രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

# 3-13 കുഴിച്ചെടുത്ത മണ്ണ് എംബാങ്ക്മെന്റ് നിർമ്മിതിക്കായി ഉപയോഗിക്കാത്തതു മൂലം അധികച്ചെലവു വന്നത് 68766/-രൂപ നിരാകരിക്കുന്നു.

2017-18 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പല പ്രവൃത്തികളിലും Earth work excavation ലൂടെ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ടെങ്കിലും അതേ പ്രവൃത്തിയിൽ തന്നെ എം ബാങ്ക് നിർമ്മാണത്തിനായി മണ്ണ് ഉപയോഗിക്കേണ്ടി വന്നതിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തതു മൂലം അധികച്ചെലവ് വന്നിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിരുന്നുവെങ്കിൽ ആ അളവിന് Mord 3. 3 പ്രകാരവും ബാക്കിയുള്ളതിന് Mord 3.4 പ്രകാരവുമുള്ള നിരക്കുകൾ നൽകിയാൽ മതിയായിരുന്നു. വിശദാംശങ്ങൾ താഴെ

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 423/17-18 |
| പേര് | മേനൂർകോണം-മുക്കംതോട് റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ | 600000 |
| ചെലവ് | 461267 |
| ബിൽ നമ്പർ | 133/17-18 തീയതി.12.01.18 |
| ഫണ്ട് | 13 ധനകാര്യകമ്മീഷൻ |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം |
| എം.ബുക്ക് നമ്പർ | 174/16-17 |
| TS NO: | 19090/2017-18 |

പ്രസ്തുത പ്രവൃത്തിയുടെ ഇനം 3 പ്രകാരം earth work excavation എന്ന പ്രവൃത്തിയിലൂടെ 16.56$m^3$ മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട് (എം.ബുക്ക് പേജ്നമ്പർ 13). എന്നാൽ ഇനം 1 പ്രകാരം എംബാങ്ക്മെന്റ് നിർമ്മാണം നടത്തിയപ്പോൾ (എം.ബുക്ക് പേജ് നമ്പർ 10) ഇനം 3 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല.

അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| കുഴിച്ചെടുത്ത മണ്ണ് (എം.ബുക്ക് പേജ് നം 3) | 16.56 $m^3$ |
| Embankment ന ഉപയോഗിച്ച മണ്ണ് (എം.ബുക്ക് പേജ് നം 2) | 75.60 $m^3$ |
| കുഴിച്ചെടുത്ത 16.56 $m^3$ മണ്ണ് ഉപയോഗിച്ചിരുന്നുവെങ്കിൽ | 59.04 $m^3$. |

| | |
|---|---|
| embankment ന നൽകേണ്ടിയിരുന്ന മണ്ണിന്റെ അളവ് 75.60-16.56 | |
| MORD 3.4 പ്രകാരം59.04 $m^3$ന് embankment ന നൽകേണ്ട നിരക്ക്<br><br>59.04$m^3$@ 483 | 28516/- |
| MORD3.3 പ്രകാരംകുഴിച്ചെടുത്തമണ്ണ്ഉപയോഗിച്ചിരുന്നുവെങ്കിൽ ആയതിന നൽകാവുന്ന നിരക്ക് 16.56 $m^3$ @ 54.84 | 908.15/- |
| മേൽ നിരക്ക് പ്രകാരം embankment ന ഉപയോഗിക്കേണ്ട 75.60 $m^3$ മണ്ണിന അനുവദിക്കേണ്ടിയിരുന്ന തുക<br><br>59.04$m^3$@483=28516+<br><br>16.56$m^3$@54.84= 908.15 | =29424.15/- രൂ |
| അനുവദിച്ച തുക 75.60@483 (എം.ബുക്ക് പേജ് നം 10) | 36514.80/- |
| അധികം നൽകിയ തുക 36514.80-29424.15 | 7090.65/- രൂപ |

2

| | |
|---|---|
| പ്രോജക്ട് നമ്പർ | 205/17-18 |
| പേര് | പുല്ലേക്കോണം ആനാട് റോഡ് സൈഡ് വാൾ, ഓട നിർമ്മാണം. |
| അടങ്കൽ | 400000/- |
| ചെലവ് | 395270/- |
| ബിൽ നമ്പർ | SCP4/17-18/39 തീയതി.31.05.17 |
| ഫണ്ട് | എസ്.സി.പി |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം |
| എം.ബുക്ക് നമ്പർ | 79/16-17 |
| TS NO: | 33447/2017-18 |

പ്രസ്തുത പ്രവൃത്തിയുടെ ഇനം 1 പ്രകാരം earth work excavation എന്ന പ്രവൃത്തിയിലൂടെ 17.4$m^3$ മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട് (എം.ബുക്ക് പേജ് നമ്പർ 2). ഇനം 5 പ്രകാരം എംബാങ്ക്മെന്റ് നിർമ്മാണം നടത്തിയപ്പോൾ (എം.ബുക്ക് പേജ് നമ്പർ 7) ഇനം 1 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല.

അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| കുഴിച്ചെടുത്ത മണ്ണ് (എം.ബുക്ക് പേജ് നം 2) | 17.4 $m^3$ |
| Embankment ന ഉപയോഗിച്ച മണ്ണ് (എം.ബുക്ക് പേജ് | |

| | |
|---|---|
| നം 7) | $75.17m^3$ |
| കുഴിച്ചെടുത്ത $17.4m^3$ മണ്ണ് ഉപയോഗിച്ചിരുന്നവെങ്കിൽ embankment ന നൽകേണ്ടിയിരുന്ന അളവ് 75.17-17.4 | $57.77m^3$ |
| MORD 3.4 പ്രകാരം embankment ന $57.77m^3$ ന് നൽകേണ്ട നിരക്ക്<br>57.77m3@ 483 | 27902.91/- |
| MORD 3.3 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിരുന്നവെങ്കിൽ ആയതിന് നൽകാവുന്ന നിരക്ക്<br>$17.4m^3$ @ 54.84 | 954.21/- |
| മേൽ നിരക്ക് പ്രകാരം embankment ന ഉപയോഗിക്കേണ്ട $75.17m^3$ മണ്ണിന്ന അനുവദിക്കേണ്ടിയിരുന്ന തുക<br>$57.77m^3$@483= 27902.91+<br>$17.4m^3$@54.84= 954.21 | 28857.12/- രൂപ |
| എം.ബുക്ക് പേജ് നം 10 പ്രകാരം അനുവദിച്ച തുക $75.17m^3$ @420.12 | 31580.42/- രൂപ |
| അധികം നൽകിയ തുക 31580.42-28857.12 | 2723.30/- രൂപ |

3.

| | |
|---|---|
| പ്രോജക്ട് നമ്പർ | 392/17-18 |
| പേര് | ഗുരുമന്ദിരം-മുളവൂർകോണം റോഡ് മെറ്റലിംഗ്, ടാറിംങ്ങ്. |
| അടങ്കൽ | 800000/- |
| ചെലവ് | 774679/- |
| ബിൽ നമ്പർ | 147/MGR/E1/7462/17-18 തീയതി.23.01.18 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം |
| എം.ബുക്ക് നമ്പർ | 165/16-17 |
| TS NO: | 5942/2016-17 |

പ്രസ്തുത പ്രവൃത്തിയുടെ ഇനം 1 പ്രകാരം earth work excavation എന്ന പ്രവൃത്തിയിലൂടെ $48.85m^3$ മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട് (എം.ബുക്ക് പേജ്നമ്പർ 4). ഇനം 6 പ്രകാരം എംബാങ്ക്മെന്റ് നിർമ്മാണം നടത്തിയപ്പോൾ (എം.ബുക്ക് പേജ് നമ്പർ 19) ഇനം 1 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല.

അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| കുഴിച്ചെടുത്ത മണ്ണ് (എം.ബുക്ക് പേജ് നം 4) | 48.85 $m^3$ |
| Embankment ന ഉപയോഗിച്ച മണ്ണ് (എം.ബുക്ക് പേജ് നം 19) | 60.75$m^3$ |
| കുഴിച്ചെടുത്ത 48.85$m^3$ മണ്ണ് ഉപയോഗിച്ചിരുന്നവെങ്കിൽ embankment ന നൽകേണ്ടിയിരുന്ന അളവ് 60.75-48.85 | 11.9$m^3$ |
| MORD 3.14 പ്രകാരം embankment ന നൽകേണ്ട നിരക്ക് 11.9$m^3$@ 469.93=5592.16/-രൂപയാണ്. | |
| MORD3.3 പ്രകാരംകുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിരുന്നവെങ്കിൽ നൽകാവുന്ന നിരക്ക് 48.85$m^3$ @ 54.84 | 2678.93/- |
| മേൽ നിരക്ക് പ്രകാരം embankment ന ഉപയോഗിക്കേണ്ട 60.75$m^3$ മണ്ണിന അനുവദിക്കേണ്ടിയിരുന്ന തുക 11.9$m^3$@469.93= 5592.16+48.85$m^3$@54.84= 2678.93 | 8271.09/- രൂപ |
| എം.ബുക്ക് പേജ് നം 28 പ്രകാരം അനുവദിച്ച തുക 60.75$m^3$ @464.29 | 28205.61/- |
| അധികം നൽകിയ തുക 28205.61-8271.09 | 19934.52/- രൂപ. |

4.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 263/17-18(SO 305/19) |
| പേര് | നാല് സെന്റ് വീട് കോളനി റോഡ് കോൺക്രീറ്റിംഗ്. |
| അടങ്കൽ | 469500/- |
| ചെലവ് | 325684/- |
| ബിൽ നമ്പർ | 162/FC/E1/7271/17-18 തീയതി.08.02.18 |
| ഫണ്ട് | 13 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം |
| എം.ബുക്ക് നമ്പർ | 13/17-18 |
| TS NO: | 40210/2017-18 |

പ്രസ്തുത പ്രവൃത്തിയുടെ ഇനം 2 പ്രകാരം earth work excavation എന്ന പ്രവൃത്തിയിലൂടെ 10.50$m^3$ മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്(എം.ബുക്ക് പേജ്നമ്പർ 2) . ഇനം 1 പ്രകാരം എംബാങ്ക്മെന്റ് നിർമ്മാണം നടത്തിയപ്പോൾ (എം.ബുക്ക് പേജ് നമ്പർ 1) ഇനം 2 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല.

അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| കുഴിച്ചെടുത്ത മണ്ണ് (എം.ബുക്ക് പേജ് നം 2) | 10.50 $m^3$ |
| Embankment ന ഉപയോഗിച്ച മണ്ണ് (എം.ബുക്ക് പേജ് നം 1)=21.m3 Embankment ന ഉപയോഗിച്ച മണ്ണ് (എം.ബുക്ക് പേജ് നം 1) | 21 $m^3$ |
| കുഴിച്ചെടുത്ത 10.5$m^3$ മണ്ണ് ഉപയോഗിച്ചിരുന്നുവെങ്കിൽ embankment ന നൽകേണ്ടിയിരുന്ന അളവ് 21-10.5 | 10.5 |
| MORD od71475/2017-18 പ്രകാരം 10.5 $m^3$ന് embankment ന നൽകേണ്ട നിരക്ക് 10.50$m^3$@ 420 | 4410/- |
| MORD 3.3 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിരുന്നുവെങ്കിൽ നൽകാവുന്ന നിരക്ക് 10.50$m^3$ @ 54.84 = | 575.82/- |
| മേൽ നിരക്ക് പ്രകാരം embankment ന ആകെഉപയോഗിക്കേണ്ട 21$m^3$ മണ്ണിന അനുവദിക്കേണ്ടിയിരുന്ന തുക 10.50$m^3$@420= 4410.00 10.50$m^3$@54.84= 575.82 | 4985.82/- |
| എം.ബുക്ക് പേജ് നം 7 പ്രകാരം അനുവദിച്ച തുക 21$m^3$ @420 | 8820/- രൂപ |
| അധികം നൽകിയ തുക 8820-4985.82 | 3834.18/- രൂപ. |

5.

| | |
|---|---|
| പ്രോജക്ട് നമ്പർ | 382/18 |
| പേര് | ഇലവിൻകുഴി റോഡ് സൈഡ് വാൾ, ഓട നിർമ്മാണം |
| അടങ്കൽ | 820202/- |
| ചെലവ് | 604153/- |
| ബിൽ നമ്പർ | 267/E1/7449/17-18 തീയതി.28.05.17 |
| ഫണ്ട് | 13 ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം |
| എം.ബുക്ക് നമ്പർ | 68/17-18,171/17-18 |
| TS NO: | 33693/2017-18 |

പ്രസ്തുത പ്രവൃത്തിയുടെ ഇനം 1 പ്രകാരം earth work excavation എന്ന പ്രവൃത്തിയിലൂടെ 12.75 $m^3$, 53.225 $m^3$ മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്(എം.ബുക്ക് 68/17-18 പേജ്നമ്പർ 2, 11). ഇനം 5 പ്രകാരം എംബാങ്ക്മെന്റ് നിർമ്മാണം നടത്തിയപ്പോൾ (എം.ബുക്ക് പേജ് നമ്പർ 21) ഇനം 1 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല.

അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| കുഴിച്ചെടുത്ത മണ്ണ് (എം.ബുക്ക് പേജ് നം 2,11) = 12.75$m^3$ + 53.225 $m^3$ | 65.975 $m^3$ |
| Embankment നു ഉപയോഗിച്ച മണ്ണ് (എം.ബുക്ക് പേജ് നം 21) | 84.058$m^3$ |
| കുഴിച്ചെടുത്ത 65.975$m^3$ മണ്ണ് ഉപയോഗിച്ചിരുന്നുവെങ്കിൽ<br>embankment നു നൽകേണ്ടിയിരുന്ന അളവ് 84.058$m^3$- 65.975$m^3$ | 18.605 $m^3$ |
| MORD 3.4 പ്രകാരം embankment നു നൽകേണ്ട നിരക്ക്<br>18.605@483 | 8986.21/- |
| MORD 3.3 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിരുന്നുവെങ്കിൽ നൽകാവുന്ന നിരക്ക്<br>65.975$m^3$ @ 54.84 | 3618.069/- |
| മേൽ നിരക്ക് പ്രകാരം embankment നു ഉപയോഗിക്കേണ്ട 84.605$m^3$ മണ്ണിനു അനുവദിക്കേണ്ടിയിരുന്ന തുക 18.605@483 =8986.215/-രൂപ.+5.975$m^3$ @ 54.84 =3618.069/- | 12604.28/- |
| എം.ബുക്ക് 171/17-18 പേജ് നം 3 പ്രകാരം അനുവദിച്ച തുക<br>84.58$m^3$ @565 | 47787.70/- |
| അധികം നൽകിയ തുക 47787.70-12604.28 | 35183.42/- |

മേൽ അപാകങ്ങൾ വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 53ന് പ്രസ്തുത പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ് അതേ പ്രവൃത്തിയിൽ തന്നെ ഉപയോഗിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ എം ബുക്ക് പ്രകാരം ടി അളവുകൾ കുറച്ചിട്ടില്ലാത്തതിനാലും മണ്ണിന്റെ ഉപയോഗത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടില്ലാത്തതിനാലും മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല.

ആകെ അധികച്ചെലവായ **68766/- രൂപ** തിരികെ ഈടാക്കേണ്ടതാണ്.

# 3-14 കരാർ വ്യവസ്ഥ യിലെ സമയക്രമം പാലിച്ചില്ല- പിഴ 42681/-

# രൂപ ഈടാക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2/12-1 പ്രകാരം കരാർ വ്യവസ്ഥ യിലെ സമയക്രമം പാലിക്കാത്തതിന് നിയമപ്രകാരം ഈടാക്കേണ്ടതായ പിഴ ഈടാക്കിയതായി കാണുന്നില്ല. പ്രവൃത്തി കരാർ പ്രകാരം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണവും സാധൂകരിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ/ പേര് | കരാറുകാരൻ | അടങ്കൽ/ ചെലവ് | ഫണ്ട്/ ബിൽനമ്പർ | എഗ്രിമെന്റ് & സൈറ്റ് ഏറ്റെടുത്ത തീയതി | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി (എം.ബുക്ക് പ്രകാരം) | ഈടാക്കേണ്ടതായ പിഴ (ആദ്യ3 മാസത്തിന് കരാർ തുകയുടെ 1% ഉം തുടർന്നുള്ള 3 മാസത്തിന് 2%വും) |
|---|---|---|---|---|---|---|---|
| 1) 382/17-18/ ഇലവിൻകുഴി റോഡ്- സൈഡ് വാൾ ഓട നിർമ്മാണം | കെ .രാമചന്ദ്രൻ | 820202<br>604153 | CFC Award 266/E1/7449/17 28.03.18 | 46/AEE/NMC/17-18 dt 3.10.17<br>4.10.17 | 4.1.18 (3 മാസം) | 26.9.18 | 20415 |
| 2)179/17-18 പൂവത്തൂർ HSS പാചകപ്പുര പ്ലംബിംഗ്& ഇലക്ട്രിഫിക്കേഷൻ | എം.ബിനുകുമാർ | 9,00,000<br>1,24,842 | MF(Non Read) E1/7242/17 31.10.18 | 64/AEE/NMC/17-18,dtd 10.10.17<br>11.10.17 | 11.1.18(3മാസം) | 3.8.18 | 22266 |
| | | | | | ആകെ | | 42681/- |

കരാറുകാരനിൽ നിന്ന് തുക ഈടാക്കി അടവാക്കേണ്ടതാണ്.

# 3-15 ഇന്റർലോക്ക് പ്രവൃത്തികൾക്ക് ഡി.പി.സി അംഗീകാരം നേടിയ ശേഷം കോൺക്രീറ്റ് ചെയ്തത് അധികച്ചെലവ്

1) മുനിസിപ്പൽ എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ താഴെ പറയുന്നവയിൽ റോഡ് പ്രവൃത്തികളിൽ റോഡിന്റെ അവസ്ഥ വിശകലനം ചെയ്തതിനുശേഷം ഇന്റർലോക്ക് ചെയ്യുന്നതിന് ഡി.പി.സി അംഗീകാരം നേടിയിരുന്നു. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിശദാംശങ്ങൾ വ്യക്തമാക്കാതെ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്തതായി കാണുന്നു. സമാനമായ മറ്റ് പ്രവൃത്തികളിൽ(proj.278/18) ഇന്റർലോക്ക് ചെയ്തതിന്റെ എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തിയപ്പോൾ കോൺക്രീറ്റ് പ്രവൃത്തിക്ക് കൂടുതൽ തുക ചെലവ് വരുന്നതായി കാണുന്നു.ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം& പ്രോജക്ടിന്റെ പേര് | അടങ്കൽ & ചെലവ്<br>ബിൽനം/ തീയതി | ഡിപിസി അംഗീകാരം നമ്പർ | സാങ്കേതി കാനുമതി നമ്പർ | ഇനം,എം .ബുക്ക് നമ്പർ& പേജ് | എസ്റ്റിമേറ്റ് പ്രകാരം കോൺക്രീറ്റ് ചെയ്യുന്നതിന് നല്കുന്ന തുക | എസ്റ്റിമേറ്റ് പ്രകാരം ഇന്റർലോക്ക് ചെയ്യുന്നതിന് (Granular sub base/ base/surface course ഉൾപ്പെടെ) ചെലവാകുമായിരുന്ന തുക | എസ്റ്റിമേറ്റ് പ്രകാരം അധികം ചെലവാകുന്ന തുക |
|---|---|---|---|---|---|---|---|---|
| 1. | 425/18 | 700000 | 116/AEE/LSGD/NDD/17- | 4536/17- | 1/17-18 | 175*3*.15 m3*@ | 1.Granular sub base ന് | 93407 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | കരിങ്ങ കറ്റുവെട്ടി റോഡ് ഇന്റർലോക്ക് | 523864<br>107/FC/E1/7494/12<br>20.11.17 | 18 തീയതി4.11.17 | 18 | page-10 | 8697.45=684924 | ചെലവാകുമായിരുന്നത് 175*3*.10@2337= 122692<br>2.Interlock ന് ചെലവാകുമായിരുന്നത്<br>175*3@893.21= 468825<br>ആകെ ചെലവ്=122692+ 468825=591517 | |
| 2. | 236/17-18<br>പള്ളിനട പടിക്കെട്ട് റോഡ് ഇന്റർലോക്ക് | 700000<br>549916<br>151/FC/E1/7254/17<br>27.01.18 | 60/AEE/LSGD/NDD/17-18 തീയതി.18.9.17 | 7556/17-18 | 166/17-18<br>page 11 | 170*3*.15m3 @8697.45= 665354 | 1.Granular sub base ന് ചെലവാകുമായിരുന്നത് 170*3*.10@2337= 119187<br>2.Interlock ന് ചെലവാകുമായിരുന്നത്<br>170*3@893.21 =455532<br>ആകെ ചെലവ്= 119187+455532= 574719 | 90635 |

ഇപ്രകാരം ഡിപിസി അംഗീകാരം നേടിയിട്ട് പ്രവൃത്തികളിൽ കൂടിയ നിരക്കുകളിലുള്ള വ്യത്യാസം വരുത്തി നടപ്പിലാക്കിയതു മൂലം അധികത്തുക ചെലവഴിച്ചതായി കാണുന്നു. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി എസ്റ്റിമേറ്റ് എടുക്കുന്ന വേളയിൽ സൈറ്റ് വിശദമായ പരിശോധന നടത്താൻ കഴിയാഞ്ഞതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

# 3-16 ടൗൺ മാർക്കറ്റ് നവീകരണം-പണി പൂർത്തിയാക്കുന്നതിൽ കാലതാമസം-പദ്ധതി ലക്ഷ്യം കണ്ടില്ല.-അധികം നൽകിയ 39081/- രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 299/16-17, 114/17-18 , 406/18-19 |
| പേര് | ടൗൺ മാർക്കറ്റ് നവീകരണം- |
| അടങ്കൽ | 10000000 |
| ചെലവ് | 1535690(17-18) |
| ബിൽ നമ്പർ | 122/WB/388/17 തീയതി-6.1.18 |
| ഫണ്ട് | ലോകബാങ്ക് ധനസഹായം<br>വികസനഫണ്ട്,തനതുഫണ്ട് |
| എം.ബുക്ക് നമ്പർ | 182/16-17,183/16-17,25/17-18,188/17-18 |
| T.S നമ്പർ | 85833/16-17 |
| നിരക്ക് | DSR-14 Cl-46.67 |
| ഫയൽ നമ്പർ | E1 3838/17 |
| കരാറുകാരന്റെ പേര് | എ.വിജയൻ |

മേൽ പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ( ഓഡിറ്റ് എൻക്വയറി 46) താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

1) 31.3.17ൽ കരാർ ഉടമ്പടി ഒപ്പിട്ട മേൽ പ്രവൃത്തി ഇറച്ചിക്കടകൾ പൊളിച്ച് നീക്കുന്നതിനുള്ള കാലവിളംബം കാരണം 14.09.17 ൽ മാത്രമാണ് നിർവ്വഹണത്തിന് വേണ്ടി കൈമാറിയത്. കച്ചവടക്കാർ കോടതിയിൽ കേസ് ഫയൽ ചെയ്തതിനെത്തുടർന്നാണ് (WPC 2851/1)സൈറ്റ് കൈമാറാൻ കഴിയാത്ത സാഹചര്യം ഉണ്ടായത്. എന്നാൽ 1,00,00,000/- രൂപ World bank ഫണ്ടുപയോഗിച്ച് വിഭാവനം ചെയ്ത് ഡി.പി.സി അംഗീകാരം നേടിയ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ ഫണ്ട് ലാപ്സാവുമെന്നിരിക്കെ (സെപ്റ്റംബർ 30 ന് World bankഫണ്ട് കാലാവധി അവസാനിക്കുമായിരുന്നു) വ്യക്തമായ മുന്നൊരുക്കമില്ലാതെയും കച്ചവടക്കാരുമായി ഒത്തു തീർപ്പിലെത്താതെയും പണി തുടങ്ങാൻ ശ്രമിച്ചത് ആസൂത്രണത്തിലെ പാളിച്ചയാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല.

World bank fund ഉപയോഗിച്ച് 16-17 സാമ്പത്തിക വർഷം അനുവദിച്ച മേൽ പ്രോജക്ടിന് ഫണ്ടിന്റെ കാലാവധി 2018 വരെ സർക്കാർ നീട്ടി നല്കിയിട്ടുണ്ട്. എന്നാൽ നീട്ടിക്കിട്ടിയ കാലാവധിക്കുള്ളിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ നഗരസഭയ്ക്കായില്ല. ഈയിനത്തിൽ തൻവർഷം 15,35,690/- രൂപ മാത്രമാണ് ചെലവഴിക്കാനായത്. പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി പ്ലാൻ ഫണ്ടും തനതു ഫണ്ടും 30,00,000/- രൂപ വകയിരുത്തുകയുണ്ടായി. എന്നാൽ ഈയിനത്തിൽ കരാറുകാരന് 27,25,256/- രൂപ കരാറുകാരന് ഇനിയും നൽകേണ്ടതുണ്ട്. അടിയന്തിരമായി പണി പൂർത്തിയാക്കി കരാറുകാരന് തുക നൽകാനുള്ള നടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

<u>എക്സ്ട്രാ ഐറ്റം-അധിക നിരക്ക് നൽകിയത് 39081/-രൂപ നിരാകരിക്കുന്നു</u>

ഇനം( Extra item 5 )Earth work excavation മുഖേന താഴെ പറയും വിധം മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.

Extra-5, 2.6.1 എന്ന സ്പെസിഫിക്കേഷനിൽ എം ബുക്ക് 25/17-18 പേജ് 5 പ്രകാരം 967.59 $m^3$ മണ്ണാണ് കുഴിച്ചെടുത്തത്. ഇതിന്റെ നിരക്ക് കണക്കാക്കിയപ്പോൾ tender deduction നടത്താതെയാണ് കണക്കാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ

ചേർക്കുന്നു.

DSR 14-Cost index 46.67 പ്രകാരം 2.6.1 എന്ന സ്പെസിഫിക്കേഷനിൽ

17.7% tender below യിൽ നൽകാവുന്നത് (187.83*967.59) =181742.42

എം ബുക്ക് 188/17-18 പേജ് 35 പ്രകാരം നൽകിയത്

(228.22*967.59) =220823.39

അധികം നൽകിയ തുക **=39081/-**

അധികം നൽകിയ 39,081/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

# 3-17 ഉറവിടമാലിന്യ സംസ്കരണം- 16-17 ലെ സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല- പദ്ധതി ലക്ഷ്യം കണ്ടില്ല

ഹെൽത്ത് സൂപ്പർവൈസർ നിർവഹണം നടത്തിയ ചുവടെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള കാലതാമസം കാരണം ലക്ഷ്യം ഇതു വരെ കൈവരിച്ചിട്ടില്ല.

1.<u>പ്രോജക്ട് നമ്പർ-7/17-18(317/16-17) -കിച്ചൻ ബിൻ സ്ഥാപിക്കൽ</u>

| | |
|---|---|
| ഫണ്ട് | ധനകാര്യ കമ്മിഷൻ അവാർഡ് |
| അടങ്കൽ | 1350622 |
| ബിൽ നമ്പർ | 1.3/17-18(217300)<br>2.9/17-18(88724) |
| ചെലവ് | 306024 |

1) ശുചിത്വ മിഷന്റെ 15.3.17 ലെ 180/DSM/TVPM/17നമ്പർ കത്തു മുഖേന3658കിച്ചൻ ബിന്നുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ IRTC- PIU എന്ന അംഗീകൃതസ്ഥാപനവുമായി 20.3.17 ന് കരാർ ചമച്ചു. ഒരു യൂണിറ്റിന്410/- രൂപ നിരക്കിൽ അടങ്കൽ നിശ്ചയിച്ച് തുക വകയിരുത്തി (1499780). കരാർ പ്രകാരമുള്ള ഒന്നാം ഗഡുവായ (20% 0f 1499780) 2,99,956/-രൂപ 31.3.17 ന് നൽകിയിരുന്നു. എന്നാൽ കരാർ വ്യവസ്ഥ 7ൽ നിഷ്കർഷിച്ചതിൽ പ്രകാരം ആദ്യഗഡു കൈപ്പറ്റി 4 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഇതുവരെ ആകെ 1478 എണ്ണം മാത്രമാണ് സ്ഥാപിച്ചതായി പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുള്ളത്.

2) കരാർ വ്യവസ്ഥകളിൽ കരാർ കാലാവധിയായ 4 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ പിഴ നൽകണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയില്ല.

3) ഈയിനത്തിൽ 2650 ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടുണ്ടെങ്കിലും 55% പേർക്കു മാത്രമാണ് കിച്ചർ ബിന്നുകൾ സ്ഥാപിച്ചു നൽകിയത്

4) 29.12.18ൽ IRTC-PIU കത്തു മുഖേന 1523 കിച്ചൻ ബിൻ സ്ഥാപിച്ചതായി അറിയിച്ചിരിക്കുന്നു.എന്നാൽ ഇതുവരെ ആകെ 1478 എണ്ണം മാത്രമാണ് സ്ഥാപിച്ചതായി പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുള്ളത്. ബാക്കിയുള്ളവ ലഭ്യമായെങ്കിലും സ്ഥാപിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി അധികൃതർ അറിയിച്ചിട്ടുണ്ട്.

5) 8.1.18 ന ശേഷം ഇത് സംബന്ധിച്ച് യാതൊരു കത്തിടപാടും നടത്തിയതായി കാണുന്നില്ല. കരാർ വ്യവസ്ഥയിൽ പറഞ്ഞിരിക്കുന്നതിന്റെ പകുതി പോലും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്നിരിക്കെ ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിഷയം ഗൗരവമായിക്കണ്ട് തുടർ നടപടി സ്വീകരിച്ചിട്ടില്ല.

6) കരാർ വ്യവസ്ഥ പ്രകാരം പൂർത്തിയാക്കിയിട്ടില്ലാത്ത പ്രവൃത്തിയ്ക്ക് റീ ടെൻഷൻ തുക കുറവ് ചെയ്യാതെ പ്രവൃത്തിക്ക് മുഴുവൻ വേലമൂല്യവും നൽകിയിരിക്കുന്നു.

**2.**പ്രോജക്ട് നമ്പർ-5/17-18(200/16-17) -ബയോഗ്യാസ് പ്ലാന്റ്

| | |
|---|---|
| ഫണ്ട് | ധനകാര്യ കമ്മിഷൻ അവാർഡ് |
| അടങ്കൽ | 3024000 |
| ബിൽ നമ്പർ | 1.2/17-18(216000)<br>2.12/17-18(60000)<br>3.7/17-18(108000) |
| ചെലവ് | 384000 |

1) IRTC- PIU എന്ന അംഗീകൃതസ്ഥാപനവുമായി 20.3.17 ന് കരാർ ചമച്ചു. 80 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് കരാർ വച്ചതെങ്കിലും 65 ബയോഗ്യാസ് പ്ലാന്റ് മാത്രമാണ് സ്ഥാപിച്ചത്.

2) 22.2.17 ന് ബയോഗ്യാസ് പ്ലാന്റ് പ്രോജക്ട് നടപ്പാക്കുന്നതിന് 1.3.17 വരെ സമയം കാണിച്ച് മംഗളം, ദേശാഭിമാനി പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ടെങ്കിലും ആയത് റദ്ദാക്കി ടെണ്ടർ നടപടികളില്ലാതെ IRTC ക്ക് നൽകുകയാണ് ഉണ്ടായത്. പത്രപ്പരസ്യം നൽകിയതിലൂടെ 4400+1600=6000 രൂപയുടെ പാഴ് ചെലവുണ്ടായിട്ടുണ്ട്.

3) കരാർ വ്യവസ്ഥയിൽ പറഞ്ഞിരിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്നിരിക്കെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിഷയം ഗൗരവമായിക്കണ്ട് തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

മേൽ പ്രവൃത്തികളിൽ ഗുണഭോക്തൃവിഹിതം അടച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് അടിയന്തിരമായി കിച്ചൻ ബിൻ, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിച്ചു നൽകുന്നതിനും പദ്ധതി പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 3-18 ജലശ്രീ പദ്ധതി-കിള്ളിയാർ മാലിന്യ മുക്തമാക്കൽ- ഒരേസമയം രണ്ടു പ്രോജക്ടുകൾ നടപ്പാക്കിയതിൽ അധികച്ചെലവ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 409/17-18 |
| പേര് | ജലശ്രീ പദ്ധതി-കിള്ളിയാർ മാലിന്യ മുക്തമാക്കൽ |
| അടങ്കൽ | 500000 |
| ചെലവ് | 495000 |
| ബിൽ നമ്പർ | 14/17-18 dt 28.3.18 |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | ആരോഗ്യം |
| ഡി.പി.സി തീരുമാനം | 409-നെടുമങ്ങാട് തീയതി-7.7.17 |
| ഓഡിറ്റ് എൻക്വയറി | 64 |

മരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശുപാർശയിൽ (1/30.5.17) 5ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രവൃത്തികളിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1) മെക്കാനിക്കൽ പ്രവൃത്തികൾ ഉൾപ്പെടുന്ന പ്രോജക്ടിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് മാത്രമായി എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകുകയും അംഗീകൃത നിരക്കിന്റെ അടിസ്ഥാനത്തിൽ കൂലി ഉൾപ്പെടെ എല്ലാ ചാർജ്ജുകളും ചേർത്ത്(DSR-2.6.1) 5 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് ലഭ്യമായതിനു ശേഷം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടമില്ലാതെയും മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്താതെയും പദ്ധതി നടപ്പിലാക്കി.

2) ഫയൽ നമ്പർ PH1/11862/18 പ്രകാരം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി മുഖേന പദ്ധതി നടപ്പാക്കാമെന്ന് നിർദ്ദേശിച്ചിരുന്നു എങ്കിലും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി മുഖേനപദ്ധതി Action plan അംഗീകരിച്ചതും manual labour ഉൾപ്പെട്ടതുമായ പ്രവൃത്തികൾ മാത്രമേ ഏറ്റെടുക്കാൻ കഴിയൂ എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് മുഖേന നടപ്പാക്കാതെ ക്വട്ടേഷൻ വഴി നടപ്പാക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത പ്രോജക്റ്റ് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി മുഖേന ഇതേ സ്പെസിഫിക്കേഷനിലുള്ള (ഫയൽ-P no:6-85/2016-17, M book no:40/2017-18. Ward no: 6) കിള്ളിയാർ പുനരുദ്ധാരണം എന്ന പ്രോജക്റ്റ് ആയി നടപ്പിലാക്കിയിട്ടുണ്ട്. രണ്ടു പ്രവൃത്തികളുംഒരേ പ്രവൃത്തി ദിനങ്ങളിൽ തന്നെ നിർവ്വഹിക്കുകയും 2,75,624/- രൂപ ചെലവഴിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഒരേ സമയം മെക്കാനിക്കൽ ഉപകരണങ്ങളും മാന്വൽ ലേബറും ആവശ്യമായി വന്നതിനാലാണ് ഇപ്രകാരം ചെയ്തതെന്നു മറുപടി നൽകി. എന്നാൽ ഇത് സംയുക്തമായി ചെയ്യേണ്ട പ്രവൃത്തിയായി കണക്കാക്കി മെക്കാനിക്കൽ ഉപകരണങ്ങളുടെയും തൊഴിലാളികളുടെയും കൂലി പ്രത്യേകം കണക്കാക്കി ടെണ്ടറിൽ കൃത്യമായി സൂചിപ്പിച്ച് പ്രവൃത്തി നടത്തിയിരുന്നെങ്കിൽ ഈ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു.

3) കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖ7.5,കേരള മുനിസിപ്പാലിറ്റി മരാമത്ത് ചട്ടങ്ങൾ 1997 ചട്ടം 8,9 എന്നിവ പ്രകാരം ഒരു ലക്ഷത്തിന് മുകളിലുള്ള മരാമത്ത് പ്രവൃത്തികൾ ഓപ്പൺ ടെണ്ടർ വഴി നിർവ്വഹിക്കണമെന്നിരിക്കെ ഓപ്പൺ ടെണ്ടർ വഴി നടപ്പിലാക്കാതെ ക്വട്ടേഷൻ വഴി നടപ്പാക്കിയത് ചട്ട വിരുദ്ധമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് അടിയന്തിര സാഹചര്യം കണക്കിലെടുത്താണ് ഇപ്രകാരം ചെയ്തത് എന്ന് മറുപടി നൽകി.

4) പ്രവൃത്തി നടപ്പാക്കുന്നതിന് JCBവാടക,ബാറ്റ,ലോറി കി.മീ വാടക, തൊഴിലാളികളുടെ കൂലി,എന്നിവ പ്രത്യേകം രേഖപ്പെടുത്തി ക്വട്ടേഷൻ സമർപ്പിക്കണമെന്ന് ക്വട്ടേഷൻ നോട്ടീസിൽ നിർദ്ദേശിച്ചിട്ടും JCB വാടകയും bataയുമാത്രം (എത്ര മണിക്കൂർ പ്രവർത്തിക്കണമെന്നോ എത്ര തൊഴിലാളികൾ ജോലി ചെയ്യണമെന്നോ വ്യക്തമാക്കാത്ത) ഉൾപ്പെട്ട ക്വട്ടേഷൻ സമർപ്പിച്ചതിൽ നിന്നും കരാറുകാരനെ തെരഞ്ഞെടുത്ത് പ്രവൃത്തി നടപ്പാക്കിയിരിക്കുന്നത് മുനിസിപ്പൽ എഞ്ചിനീയറോ മറ്റേതെങ്കിലും സാങ്കേതിക വിദഗ്ധനോ അളവുപുസ്തകത്തിൽ അളവുകൾ സാക്ഷ്യപ്പെടുത്താതെ കരാറുകാരൻ നൽകിയ വൗച്ചറിന്റെ മാത്രം അടിസ്ഥാനത്തിൽ 495000/- രൂപ (രസീത് പ്രകാരം ) നൽകിയതിന്റെ സാധുത വിശദീകരിച്ചിട്ടില്ല.

5) നഗരസഭാ പരിധിക്കുള്ളിൽ 8km നീളം വരുന്ന കിള്ളിയാറിൽ 22.3.18 മുതൽ 31.3.18 വരെ ഉള്ള 10 ദിവസങ്ങളിൽ ശരാശരി 8 മണിക്കൂർ വീതം 7 JCBകൾ പ്രവർത്തിപ്പിച്ചതായാണ് കരാറുകാരൻ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇതേ ദിവസങ്ങളിൽ ഇതേ

പ്രവൃത്തികൾ മാന്വലായി ചെയ്തതായി തൊഴിലുറപ്പ് പദ്ധതിയുടെ ഫയലിലും എം ബുക്കിലും രേഖപ്പെടുത്തിയിട്ടുണ്ട്.

6) ഫയൽ പരിശോധനയിൽ പത്താംകല്ല് മുതൽ കൊല്ലംകാവ് വരെയുള്ള കിള്ളിയാർ നല്ല വണ്ണം വൃത്തിയാക്കിയിട്ടുണ്ട് എന്ന് PWO IIറിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 10% റീടെൻഷൻ തുക പിടിച്ച് 4,45,000/- രൂപ ബിൽപ്രകാരം കരാറുകാരന് നൽകുകയും കരാറുകാരനിൽ നിന്ന് 495000/- രൂപയുടെ രസീത് വാങ്ങുകയും ചെയ്തിട്ടുണ്ട്.

7) റീടെൻഷൻ തുക നഗരസഭാ അക്കൗണ്ടിൽ നിന്നും ഇതുവരെ തിരികെ നൽകിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നം.64 ന് മറുപടി നൽകിയിട്ടുണ്ട്. ഇപ്രകാരം പ്രവൃത്തി പൂർത്തിയാക്കിയതായി റിപ്പോർട്ട് ചെയ്തിട്ടും പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച റീ ടെൻഷൻ തുക തിരികെ നൽകാതെ നഗരസഭാ അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ആയത് കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-19 പ്ളാസ്റ്റിക്- ഖര-ദ്രവ-ഇ മാലിന്യങ്ങളുടെപരിപാലനം- നഗരസഭ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

ജൈവ അജൈവ മാലിന്യങ്ങളുടെ സംസ്കരണം നഗരസഭപോലുള്ള ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലെ പരിസ്ഥിതി ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പ്രഥമപരിഗണന അർഹിക്കുന്ന ഒന്നാണ്. സർക്കാർ കാലാകാലങ്ങളിൽ ഈ ലക്ഷ്യം മുന്നിൽ കണ്ട് ചട്ടങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട് എങ്കിലും മാലിന്യ സംസ്കരണം എന്ന ലക്ഷ്യം ഫലപ്രാപ്തിയിലെത്തിയിലെത്തിക്കാൻ തദ്ദേശ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല എന്നു തന്നെയാണ് വിലയിരുത്തപ്പെടുന്നത്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്-The Municipal solid wastes(Management and handling ) rules 2000, 1986ലെ പരിസ്ഥിതി സംരക്ഷണത്തിൽ കീഴിൽ രൂപപ്പെടുത്തിയിട്ടുള്ള 2016ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016ലെ പ്ലാസ്റ്റിക് മാലിന്യപരിപാലനചട്ടം, 2016ലെ ഇ മാലിന്യ പരിപാലന ചട്ടം, 2016ലെ ബയോ മെഡിക്കൽ വേസ്റ്റ് റൂൾസ് എന്നിവയുടെയെല്ലാം അടിസ്ഥാനത്തിൽ 14/11/2016 ലെ നെടുമങ്ങാട് മുനിസിപ്പാലിറ്റി കൗൺസിലിന്റെ തീരുമാനപ്രകാരം പുറപ്പെടുവിച്ച കരട് വിജ്ഞാപനപ്രകാരം നഗരസഭ സ്വീകരിച്ചിട്ടുള്ള മാലിന്യ നിർമാർജന പദ്ധതികൾ, അവയുടെ നിർവഹണം എന്നിവ വിശകലനം ചെയ്തു.

അപാകങ്ങൾ/നിരീക്ഷണങ്ങൾ താഴെ പറയുന്നു.

(i) ഉറവിടമാലിന്യ സംസ്കരണത്തിനായി 16-17 ലെ സ്പിൽ ഓവർ പ്രോജക്ടുകളായി അംഗീകാരം ലഭിച്ച പ്രവൃത്തികൾ പോലുംപൂർത്തിയാക്കാൻ കഴിഞ്ഞില്ല- പദ്ധതി ലക്ഷ്യം കണ്ടില്ല

നഗരസഭാ പരിധിയിൽ നിശ്ചിത കാലയളവുകളിൽ (പ്രതിവർഷം) സൃഷ്ടിക്കപ്പെടുന്ന പ്ളാസ്റ്റിക്- ഖര-മാലിന്യങ്ങളുടെ അളവുകളുടെ തരം തിരിച്ചുള്ള കണക്ക് തയ്യാറാക്കിയിട്ടുണ്ട് എങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളുടെ സമ്പൂർണ്ണ സംസ്കരണം ലക്ഷ്യമിട്ടുകൊണ്ടുള്ള രീതിയിൽ 17-18 വർഷത്തിൽ മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കിയിട്ടില്ല. നഗരസഭ നൽകിയ കണക്ക് പ്രകാരം പ്രതി ദിനം 1.5 ടൺ ഖരമാലിന്യവും, 0.5 ടൺപ്ലാസ്റ്റിക് മാലിന്യവുമാണ് ഉല്പാദിപ്പിക്കപ്പെടുന്നത്.

(ii) മാലിന്യ സംസ്കരണം പ്രാദേശിക സംവിധാനങ്ങളുപയോഗിച്ച്

വിജ്ഞാപനത്തിന്റ വിശാല ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ജൈവ ഖരദ്രവ മാലിന്യങ്ങളെ പ്രാദേശിക സംവിധാനങ്ങളുപയോഗിച്ച് സംസ്കരിക്കുന്നതിനുള്ള നടപടികൾ ഭാഗികമായി മാത്രമാണ് നടപ്പിലാക്കപ്പെട്ടിട്ടുള്ളത്.

(iii).നഗരഹൃദയഭാഗത്തെ മാലിന്യ മുക്തമാക്കൽ-ടൗൺ മാർക്കറ്റ് നവീകരണം-പണി പൂർത്തിയായിട്ടില്ല.

നഗരഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ടൗൺ മാർക്കറ്റിലെ മാലിന്യങ്ങളുടെ സംസ്കരണത്തിനായിടൗൺ മാർക്കറ്റ് നവീകരണം എന്ന പ്രോജക്ട് 16-17 വർഷത്തിൽആരംഭിച്ചുവെങ്കിലും ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

വ്യക്തമായ മുന്നൊരുക്കമില്ലാതെയും കച്ചവടക്കാരുമായി ഒത്തു തീർപ്പിലെത്താതെയും പണി തുടങ്ങാൻ ശ്രമിച്ചതിന്റെ ഫലമായി കാലതാമസം ഉണ്ടാവുകയും പണി പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്തു. 2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(iv).മാർക്കറ്റ് മാലിന്യ മുക്തമാക്കുന്നതിനുള്ള മറ്റ് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല

നെടുമങ്ങാട് ടൗൺ മാർക്കറ്റിലെ മാലിന്യസംസ്കരണവും ആധുനിക അറവുശാലാ നിർമ്മാണവും ലക്ഷ്യമിട്ടുകൊണ്ടുള്ള താഴെപറയുന്ന പ്രോജക്ടുകൾക്ക് 16-17ൽ ഡി.പി.സി അംഗീകാരം നേടിയെങ്കിലും ഇതു വരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

1)ടൗൺമാർക്കറ്റ്- ഓർഗാനിക് ടമ്പ്ളർ കമ്പോസ്റ്റിംഗ് നിർമ്മാണം(പ്രോജക്ട് നമ്പർ-268/16-17,95/17-18)

മേൽ പ്രവൃത്തിക്കായി 9.3.18 ന് ടെണ്ടർ ക്ഷണിച്ചതിനെ ത്തുടർന്ന് M-Way Consultantsഎന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും സെലക്ഷൻ നോട്ടീസ് അയക്കുകകയും ചെയ്തു.എന്നാൽ തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.മാർക്കറ്റിലെ കടക്കാരുമായുള്ള പ്രശനങ്ങൾ കാരണമാണ് പ്രവൃത്തി തുടങ്ങാൻ കഴിയാത്തത്.

2.ടൗൺമാർക്കറ്റ് നവീകരണം (പ്രോജക്ട് നമ്പർ-236/16-17,78/17-18)
ടി പ്രവൃത്തിക്ക് കെ രവീന്ദ്രൻ എന്ന കരാറുകാരനുമായി 140/AE/NMC/16-17 നമ്പറായി കരാർ ചമച്ചെങ്കിലും പ്രവൃത്തി തുടങ്ങാനുള്ള സാഹചര്യം ഒരുക്കാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല.

3)അറവുശാലാ നിർമ്മാണം(പ്രോജക്ട് നമ്പർ119/17-18)

നെടുമങ്ങാട് ടൗൺ മാർക്കറ്റിന്റെ നവീകരണവുമായി സംയോജിപ്പിച്ച് പണി ആരംഭിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ അടിസ്ഥാന സാഹചര്യങ്ങൾ ഒരുക്കാൻ കഴിയാത്തതുമൂലം ടി പ്രോജക്ടിൽ പ്രവൃത്തി പൂർത്തിയാക്കാൻകഴിഞ്ഞിട്ടില്ല.

(V) മാലിന്യസംസ്കരണത്തിനായി തുമ്പൂർമൂഴി മാതൃക- നടപ്പാക്കിയിട്ടില്ല

മാലിന്യസംസ്കരണത്തിനായുള്ള നൂതനവും പരിസ്ഥിതി ദോഷരഹിതവുമായ മാർഗമായി അംഗീകരിക്കപ്പെട്ടിട്ടുള്ള തുമ്പൂർമൂഴി മാതൃക പ്ലാന്റ് നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിയില്ല.

എ) തുമ്പൂർമൂഴിക്കാവശ്യമായ സൗകര്യങ്ങളൊരുക്കൽ(പ്രോജക്ട് നമ്പർ116/17-18)

കല്ലമ്പാറയിൽ പഴയ ജിം പരിസരത്തും പാലത്തിനു വശങ്ങളിലുമായിതുമ്പൂർമൂഴി മോഡൽ ഏറോബിക് ബിന്നുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം 16-17ൽ വാങ്ങിയിട്ടുണ്ടെങ്കിലും സൗകര്യങ്ങളൊരുക്കൽ എന്ന മേൽ പദ്ധതിയുംആരംഭിച്ചിട്ടില്ല

ബി)തുമ്പൂർ മൂഴി സ്ഥാപിക്കുന്നതിന് നഗരസഭാ ഓഫീസിനോടടുത്ത് സ്ഥലം വാങ്ങൽ (പ്രോജക്ട് നം.SO227/18)

തുമ്പൂർ മൂഴി സ്ഥാപിക്കുന്നതിന് നഗരസഭാ ഓഫീസിനോടടുത്ത് സ്ഥലം വാങ്ങൽ എന്ന പ്രോജക്ടിനായി17-18 ൽ പുലിപ്പാറയിൽ ഒരേക്കർ അഞ്ചു സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. എന്നാൽഅവിടെ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇതു വരെ ആരംഭിച്ചിട്ടില്ല.

(vi)ദ്രവ – ഇമാലിന്യങ്ങളുടെ അളവുകളുടെ തരം തിരിച്ചുള്ള കണക്ക്തയ്യാറാക്കിയിട്ടില്ല.

2017-18 വർഷത്തിൽ ദ്രവ- ഇ മാലിന്യങ്ങളുടെ അളവുകളുടെ തരം തിരിച്ചുള്ള കണക്ക് തയ്യാറാക്കുകയോ ഇതിന്റെ നിർമാർജ്ജനത്തിനായിപദ്ധതി രൂപീകരിക്കുകയോ ചെയ്തിട്ടില്ല. 2019-20ൽ വിപുലമായ പദ്ധതി തയ്യാറാക്കിയതായി അറിയിച്ചിട്ടുണ്ട്.

(vii)മാലിന്യം പുനചംക്രമണം ചെയ്യുന്നതിനുള്ള പദ്ധതികൾ -ക്ഷമത വർദ്ധിപ്പിക്കണം

ഖരമാലിന്യങ്ങൾ, ജൈവമാലിന്യം എന്നിവ എയ്റോബിൻ കമ്പോസ്റ്റ് വഴി കമ്പോസ്റ്റ് ചെയ്യുന്നതിനും മറ്റുള്ളവ തരം തിരിച്ച് നഗരസഭയിൽ പ്രതിദിനം മാലിന്യം പുനചംക്രമണം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലുണ്ടെങ്കിലും ആയവ നഗരസഭാ പരിധിയിൽ നിശ്ചിത കാലയളവുകളിൽ സൃഷ്ടിക്കപ്പെടുന്ന പ്ളാസ്റ്റിക്- ഖര-മാലിന്യങ്ങളുടെ അളവുകളുടെ വ്യാപ്തി ഉൾക്കൊള്ളുന്നതിന് പര്യാപ്തമല്ലാത്തതിനാൽ 24 അറകളോടു കൂടിയ മൈസൂർ മോഡൽ MRF യൂണിറ്റ് 2019-20 പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിലുള്ള എം. ആർ.എഫ് പ്ലാസ്റ്റിക് ഷ്രഡിങ്ങ് യൂണിറ്റിന്റെ കപ്പാസിറ്റി നഗര സഭയുടെ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവിനെ ഉൾക്കൊള്ളാൻ കഴിയുന്നതല്ല.

(viii) സീവേജ് മാലിന്യ നിർമാർജനം-നടപടികൾ സ്വീകരിക്കേണ്ടതാണ്

അത്യന്തം പരിസ്ഥിതി ദോഷകരവും രോഗകാരണവുമായ സീവേജ് മാലിന്യ നിർമാജനത്തിനായി മലിനീകരണ നിയന്ത്രണ ബോർഡ് അംഗീകാരത്തോടെയുള്ള സംവിധാനങ്ങൾ സ്വീകരിച്ചിട്ടില്ലയെന്ന് അറിയിച്ചിട്ടുണ്ട്. അടിയന്തിര നടപടികൾ

സ്വീകരിക്കേണ്ടതാണ്.

(ix) ഇ മാലിന്യശേഖരണം

ഇ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പ്രത്യേകശേഖരണ കേന്ദ്രങ്ങൾ ക്രമീകരിച്ചിട്ടില്ല എങ്കിലും നിലവിൽ MRF യൂണിറ്റിൽ ശേഖരിച്ചു വരുന്നു.

(x) മാലിന്യനിർമാർജന നിധി രൂപീകരിച്ചിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്-334 വകുപ്പ്പ്രകാരമുള്ള നഗരമാലിന്യ സംസ്കരണം, നിർമ്മാർജ്ജനം എന്നിവ മുൻ നിർത്തി സർക്കാർ നൽകുന്ന വിഹിതം, വസൂലാക്കപ്പെടുന്ന പിഴ തുടങ്ങിയവ ഉൾപ്പെട്ട മാലിന്യനിർമാർജന നിധി നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആയത് രൂപീകരിച്ച് നിയമപ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കേണ്ടതാണ്.

(xi) മുനിസിപ്പൽ തല ശുചിത്വാരോഗ്യസമിതി പ്രവർത്തന ക്ഷമമാണ്

ചെയർമാൻ അദ്ധ്യക്ഷനായും സെക്രട്ടറി കൺവീനറായും മറ്റ് കൗൺസിൽ അംഗങ്ങളായുള്ള ഉദ്യോഗസ്ഥരും സമിതി യോഗങ്ങൾ കൂടി മാലിന്യ സംസ്കരണവും ശുചിത്വവുമായി ബന്ധപ്പെട്ട് വിഷയങ്ങൾ ചർച്ച ചെയ്യാറുണ്ട്. മഴക്കാല ജന്യരോഗങ്ങളെ ചെറുക്കുന്നതിനും സാംക്രമിക രോഗങ്ങൾ പടരുന്ന സാഹചര്യത്തിലും അടിയന്തിരമായി യോഗങ്ങൾ ചേരുന്നുണ്ട്. വാർഡ് സാനിട്ടേഷൻ കമ്മിറ്റികൾ പ്രവർത്തന ക്ഷമമാണ് എന്നും അറിയിച്ചിട്ടുണ്ട്

**അടിയന്തിര ശ്രദ്ധപതിയേണ്ട വിഷയങ്ങൾ**

1. ആശുപത്രി മാലിന്യ സംസ്കരണത്തിനു വേണ്ടിയുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം
2. ഡൊമസ്റ്റിക് ഹസാർഡസ് മാലിന്യം നിലവിൽ യൂസർ ഫീ ഈടാക്കി 39വാർഡുകളിൽ നിന്നും ശേഖരിച്ച് MRF യൂണിറ്റിലേക്ക് മാറ്റുന്നു. കുപ്പി ട്യൂബ് ലൈറ്റ് മുതലായവ ശേഖരിച്ച് കൈമാറ്റം ചെയ്യുന്നതിനുള്ള പദ്ധതി 2019-20 ൽ നടപ്പാക്കേണ്ടതുണ്ട്.
3. മാലിന്യ സംസ്കരണ നിയമങ്ങൾ പാലിക്കാത്തതിനുള്ള ശിക്ഷാ നടപടികൾ നടപ്പിലാക്കുന്നതിലും ശരിയായ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത ഹോട്ടലുകാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിലും കൂടുതൽ ജാഗ്രത വേണം.
4. നെടുമങ്ങാട് ടൗൺ മാർക്കറ്റിന്റെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ശോചനീയാവസ്ഥ പരിഹരിക്കുന്നതിന്17-18 വർഷത്തിൽ പ്രോജക്റ്റുകളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല.
5. ടൗൺ മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തന ക്ഷമമല്ല. ജൈവമാലിന്യ സംസ്കരണം ഒരു ഗുരുതര പരിസ്ഥിതി/ആരോഗ്യ പ്രശ്നമായി നഗരസഭ കണക്കാക്കേണ്ടതും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മാലിന്യ സംസ്കരണത്തിനു വേണ്ടി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി പൂർത്തിയാക്കിയിട്ടുണ്ടോ എന്നത് മോണിറ്ററിംഗ് നടത്തേണ്ടതും നഗരസഭയുടെ മാലിന്യ സംസ്കരണ ശ്രമങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനു വേണ്ടി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-20 ഔഷധിയിൽ നിന്ന് - 31206/- രൂപയുടെ മരുന്നു ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് നം : 166/18,ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ

അടങ്കൽ : 1200000/-

ചെലവ് : 1200000/-

ഫണ്ട് : വികസന ഫണ്ട്

ബിൽ നം : 1/2017-18 തീയതി 27.09.2017

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണോദ്യോഗസ്ഥയായ ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ ഔഷധിയിൽ നിന്നും മരുന്നു വാങ്ങുന്നതിനായി 27.09.2017 തീയതിയിൽ 12,00,000/- ലക്ഷം രൂപ

നൽകുകയുണ്ടായി. എന്നാൽ 11,68,794/- രൂപയുടെ മരുന്ന മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളു. ഓഡിറ്റ് എൻക്വയറി നം. 17/18 നുള്ള മറുപടിയിൽ നിരന്തരം ഫോൺ വിളിച്ചിട്ടും കത്തെഴുതിയിട്ടും ബാക്കി തുകയ്ക്കുള്ള മരുന്ന ലഭ്യമാക്കിയിട്ടില്ല എന്ന അറിയിച്ചിട്ടുണ്ട്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-21 അനുബന്ധ രേഖകൾ ഹാജരാക്കിയില്ല 22,98,375/-തുക തടസ്സപ്പെടുത്തുന്നു

കൃഷി ഫീൽഡ് ഓഫീസർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1. പ്രോജക്ട് നം SO 22/17, വനിതകൾക്ക് മട്ടുപ്പാവിൽ ജൈവപച്ചക്കറി കൃഷി.

അടങ്കൽ 1445500/-രൂപ

ചെലവ് 855000/-രൂപ

ഫണ്ട് വികസന ഫണ്ട്

ബിൽ നം KBN5/2017-18 /തീയതി 05.03.2018 തുക 151500 /-

ബിൽ നം KBN9/2017-18 /തീയതി 15.03.2018 തുക 225000/-

ബിൽ നം KBN10/2017-18 /തീയതി 28.03.2018 തുക 300000/-

ബിൽ നം KBN12/2017-18 /തീയതി 28.03.2018 തുക 85500/-

ബിൽ നം KBN13/2017-18 /തീയതി 28.03.2018 തുക 93000/-

ആകെ 855000/-രൂപ

2. പ്രോജക്ട് നം 211/18, ചെറുകിട കർഷകർക്ക് അത്യുൽപാദന ശേഷിയുള്ള 2 തെങ്ങിൻതൈകളും,ഒരു പ്ലാവും, ഒരു മാവും തൈ ലഭ്യമാക്കൽ

അടങ്കൽ 10,00,000/-രൂപ

ചെലവ് 603375/-രൂപ

ഫണ്ട് വികസന ഫണ്ട്

ബിൽ നം KBN1/2017-18 /തീയതി 06.011.2017 തുക 316875/-

ബിൽ നം KBN2/2017-18 /തീയതി 19.01.2018 തുക 270000/-

ബിൽ നം KBN6/2017-18 /തീയതി 05.03.2018 തുക 16500/-

ആകെ 603375/-രൂപ

3. പ്രോജക്ട് നം 210/18,വീടുകളിലെ വാഴകൃഷിയും, പച്ചക്കറികൃഷിയും പ്രോത്സാഹിപ്പിക്കൽ

അടങ്കൽ . 915000/-രൂപ

ചെലവ്. 840000/-രൂപ

ഫണ്ട് വികസന ഫണ്ട്

ബിൽ നം KBN03/2017-18 /തീയതി 19.01.2018 തുക90000/-

ബിൽ നം KBN8/2017-18 /തീയതി 15.03.2018 തുക 540000/-

ബിൽ നം KBN11/2017-18 /തീയതി 15.03.2018 തുക 165000/-

ബിൽ നം KBN15/2017-18/തീയതി 28.03.2018 തുക 45000/-

ആകെ 840000/-രൂപ

മുനിസിപ്പാലിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. അതിൽ നിന്നും എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയെന്നോ, ഗുണഭോക്താക്കളുടെ വിവരമോ വ്യക്തമല്ല. കൂടാതെ ഗുണഭോക്തൃവിഹിതം മുനിസിപ്പാലിറ്റിയിൽ അടവാക്കിയതിന്റെ രസീത് മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. യഥാർത്ഥ ഗുണഭോക്താക്കളുടെ വിവരം ലഭ്യമാക്കാത്തതിനാൽ അവയുടെ ആധികാരികത കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല. ഗുണഭോക്തൃ വിഹിതം അടവാക്കിയതു സംബന്ധിച്ച രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ പരിപാലിച്ചിട്ടില്ല. യഥാർഥ വരവും ചെലവും പരിശോധിക്കുവാൻ ആവശ്യമായ രേഖകളൊന്നും ലഭ്യമാക്കാത്തതിനാൽ മേൽ പ്രവൃത്തിക്ക് ആകെ ചെലവഴിച്ച തുക 22,98,375/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അപേക്ഷകളും രേഖകളും 2 മാസത്തിനുള്ളിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക തിരികെ ഈടാക്കാൻ സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണ്.

# 3-22 ഡി.പി.സി അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥയായ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് 2017-18 സാമ്പത്തിക വർഷത്തിൽ ഡി.പി.സി അംഗീകാരം ലഭിക്കുകയുണ്ടായി. എന്നാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | ഫണ്ടിനം | അടങ്കൽ |
|---|---|---|---|
| 1 | 21/18 ,കിണർ ചാർജിംഗ് | വികസന ഫണ്ട് | 3125000 |
| 2 | 218/18,കാർഷിക ഉല്പന്നങ്ങൾക്ക് താങ്ങുവില | വികസന ഫണ്ട് | 8000 |
| 3 | 229/18,200 പട്ടികജാതിക്കാരുടെ കിണർ റീചാർജ്ജ് | വികസന ഫണ്ട്(എസ്.സി.പി) | 600000 |
| 4 | 280/18,എൽ.പി.സ്കൂകളിൽ കിണർ റീചാർജ്ജിംഗ് സൗകര്യം ഏർപ്പെടുത്തൽ | മെ.ഫണ്ട്(റോഡിതരം) | 25000 |

മേൽ പദ്ധതികൾ നടപ്പിലാക്കാത്തതു വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ജാഗ്രത കുറവായി കണക്കാക്കുന്നു.

# 3-23 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികാധ്വാനത്തിനു തയ്യാറായിട്ടുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് തൊഴിൽ ഉറപ്പാക്കുകയും അതു വഴി അവരുടെ ജീവിതസുരക്ഷ ഉറപ്പാക്കുകയും ചെയ്യുകയെന്നതാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം.

2017-18 സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റിയിൽ തൊഴിൽ കാർഡ് എടുത്തവർ 3179 പേരാണ്. ഇതിൽ 1590 പേർ പദ്ധതിയുമായി സഹകരിക്കുകയും തൊഴിൽ ഡിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മുനിസിപ്പാലിറ്റിയിലെ ആകെ 39 വാർഡുകളിൽ 638 അയൽക്കൂട്ടങ്ങളാണുള്ളത്. എന്നാൽ 100 ദിവസം തൊഴിൽ ഡിമാന്റ് ചെയ്ത ഒരു കുടുംബവും ഇല്ല.

തൻവർഷം ലേബർ ബജറ്റ് പ്രകാരം 40 പദ്ധതികൾ വിഭാവനം ചെയ്യുകയും 40 പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 16162 തൊഴിൽ ദിനങ്ങൾ മാത്രമേ സ്ഥാപനത്തിനു സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ആസ്തി വർദ്ധിപ്പിക്കുന്ന പ്രവൃത്തികളൊന്നും

തന്നെ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. ലേബർ കമ്പോണന്റിനത്തിൽ 40,16,098/-രൂപ ചെലവഴിച്ചിരിക്കുന്നു.

ആസ്തികൾ സൃഷ്ടിക്കുന്ന യാതൊരു പ്രവൃത്തിയും മുനിസിപ്പാലിറ്റി നിർവഹിച്ചിട്ടില്ല. ആയത് പദ്ധതി നിർവഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്കും പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

# 3-24 ജാഗ്രതാ സമിതി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നമ്പർ - S044/18

അടങ്കൽ തുക - 100000/- (വികസനഫണ്ട് പൊതുവിഭാഗം)

ചെലവ് തുക - 99500/-(വികസനഫണ്ട് പൊതുവിഭാഗം)

ബിൽ നമ്പർ /തീ. - 30/ 28/3/18

നിർവ്വഹണ ഉദ്യോഗസ്ഥൻ - ICDS സൂപ്പർവൈസർ

സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ എല്ലാ വാർഡുകളിലെയും അംഗണവാടികളിൽ ജാഗ്രതാ സമിതി ബോർഡും പരാതിപ്പെട്ടിയും സ്ഥാപിക്കുന്നതിനായിട്ടാണ് തുക ചെലവഴിച്ചത്. ജാഗ്രതാസമിതിയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 13 നുള്ള മറുപടിയിൽ പ്രസ്തുത പദ്ധതി ആദ്യമായിട്ടാണ് നഗരസഭയിൽ നടപ്പിലാക്കുന്നതെന്നും ആയതിന്റെ പ്രാരംഭഘട്ടം എന്ന നിലയിലാണ് എല്ലാ വാർഡുകളിലും ജാഗ്രതാ സമിതി ബോർഡും പരാതിപ്പെട്ടിയും സ്ഥാപിച്ചതെന്ന മറുപടിയാണ് ലഭ്യമായത്. നഗരസഭയിൽ ഇതുവരെ ജാഗ്രതാസമിതി രൂപീകരിക്കുകയോ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായുള്ള യാതൊരു പ്രവർത്തനം നടത്തുകയോ ചെയ്തിട്ടില്ല.

എല്ലാ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സ്ത്രീകൾക്ക് അനുഭവിക്കാൻ കഴിയുന്ന സാമൂഹികസാഹചര്യം ഉണ്ടാക്കുക എന്ന ലക്ഷ്യം നേടുന്നതിനായിട്ടാണ് ജാഗ്രതാസമിതികൾ രൂപീകരിക്കേണ്ടത്. എല്ലാ വാർഡുസഭകളിലും ജാഗ്രതാസമിതിയുടെ അന്നുവരെയുള്ള പ്രവർത്തനം ജാഗ്രതാസമിതി റിപ്പോർട്ടാക്കി അവതരിപ്പിക്കുവാനും വ്യവസ്ഥയുണ്ട്. വാർഡുതല ജാഗ്രതാസമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതുമുണ്ട്. കൂടാതെ 28.03.17-ലെ ജി.ഒ എം എസ് നം.72/17/തസ്വഭവ പ്രകാരം ജാഗ്രതാസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്ക് കൗൺസിലിംഗ് ഉൾപ്പെടെ ഉള്ള പ്രവർത്തനങ്ങൾ നടത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ എന്തു സംഭവിച്ചാലും ഇടപെടാനും വേണ്ട പിന്തുണ നൽകാനും തൊട്ടടുത്തുള്ള ഒരു ജനകീയ ഔദ്യോഗിക സംവിധാനമായി പ്രവർത്തിക്കാൻ കഴിയുന്ന ജാഗ്രതാസമിതി രൂപീകരിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

# 3-25 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല- തുക പിഴപ്പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്

കേരള ഫിനാൻസ് കോഡ്, കാലാകാലങ്ങളിൽ ഇറക്കിയിട്ടുള്ള സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം മുൻകൂറായി നൽകിയിട്ടുള്ള തുകകൾ മൂന്നു മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിന്റെ പരിശോധനയിൽ താഴെപ്പറയുന്ന മുൻകൂറുകൾ ഓഡിറ്റ് കാലയളവുവരെയും ക്രമീകരിച്ചിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു

| അഡ്വാൻസ് നൽകിയ തീയതി | ഉദ്യോഗസ്ഥന്റെ പേര് | ഉദ്ദേശ്യം | വൗച്ചർ നം | തുക |
|---|---|---|---|---|
| 14/8/17 | ബിബിൻറോയി | Advance for quality testing of ILED lights | 430/8-17 | 2500 |
| 27/9/17 | രാജൻമൈക്കിൾ | Advance for advertisement of FIFA under 17 World cup | 600/9-17 | 10000 |

| | | | | |
|---|---|---|---|---|
| 9/10/17 | രാജൻമൈക്കിൾ | Advance for keralaosvam17-18 | 662/10-17 | 50000 |
| 19/10/17 | രാജൻമൈക്കിൾ | Advance for keralaosvam17-18 | 685/10-17 | 50000 |
| 21/10/17 | സുമേഷ് | Advance for vehicle fuel test | 689/10-17 | 4000 |
| 17/11/17 | മിനി.ജി | Advance for repair of vehicle KL-21-N-9337 | 787/11-17 | 5000 |
| 17/11/17 | അനീഷ്.ജെ.പി | Advance for low tension connection for KSEB | 790/11-17 | 1000 |
| 3/3/18 | ബിജു.ഡി | Advance for vikasana seminar | 1079/3-18 | 40000 |
| 16/3/18 | ബിനുകുമാർ | Advancefor cutting of dangerous trees | 1128/3-18 | 5000 |
| 28/2/18 | ശകുന്തള കുമാരി | Advance for tax revision | 92/4-18 | 2000 |

2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.3.6 യിൽ പരാമർശിച്ചിട്ടുള്ള 2016-17 സാമ്പത്തിക വർഷത്തിലുള്ള മുൻകൂറുകളും ഇതുവരെ ക്രമീകരിച്ചിട്ടില്ല.

നാളിതുവരെയും ക്രമീകരിക്കാത്ത മുൻകൂർ തുകകൾ 18% പിഴപ്പലിശ സഹിതം ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 3-26 അങ്കണവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

അങ്കണവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലെരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും പരിശോധന നടത്തി ലഭിക്കുന്ന ലാബ് റിപ്പോർട്ടിൽ ന്യൂട്രിമിക്സിന് ഗുണനിലവാരമില്ലെങ്കിൽ ആയതു വാങ്ങിയതിനുള്ള വില ന്യൂട്രിമിക്സ് നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ലെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010ലെ ഐ.സി.ഡി.എസ്/ബി-3/312 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ അങ്കണവാടി കുട്ടികൾക്ക് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.56 ന് തൃപ്തികരമായ മറുപടി ലഭ്യമായില്ല. ന്യൂട്രിമിക്സ് സാമ്പിളുകൾ അടിയന്തിരമായി പരിശോധനയ്ക്ക് വിധേയമാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനും അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 3-27 വികലാംഗർക്ക് ട്രൈസ്ക്കൂട്ടർ-രേഖകൾ ലഭ്യമാക്കിയില്ല 3,82,910/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. : SOO19/18

നിർവഹണോദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ തുക : 1003418/- ( വികസന ഫണ്ട് ജനറൽ 973418/-, തനതു ഫണ്ട് 30000/-)

ചെലവ് തുക : 765820/-

ബിൽ നം /തീയതി : 4/29.08.2017

12 വികലാംഗർക്ക് ട്രൈസ്ക്കൂട്ടർ നൽകുന്നതിനായി സ്പ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയിൽ 10 വികലാംഗർക്ക് ട്രൈസ്ക്കൂട്ടർ വാങ്ങുന്നതിനായി 5,19,860/-രൂപ മരിക്കാർ മോട്ടോഴ്സിനും (സ്കൂട്ടർ) 2,45,960/-രൂപ ഓം മോട്ടേഴ്സിനും (സൈഡ് വീൽ) നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ്

ലൈസൻസിന്റെ അഭാവത്തിലാണ് ട്രൈസ്റ്റർ നൽകിയിരിക്കുന്നത് എന്ന് കാണുന്നു. മാത്രവുമല്ല ചില ഗുണഭോക്താക്കൾ വാഹനത്തിന്റെ രജിസ്ട്രേഷന്റെ പകർപ്പും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഹാജരാക്കാത്ത രേഖകൾ |
|---|---|---|
| 1 | ശ്രീ. മയൻ ഉണ്ണി | ഡ്രൈവിംഗ് ലൈസൻസ് |
| 2 | ശ്രീ.കമാലുദ്ദീൻ.എം | ഡ്രൈവിംഗ് ലൈസൻസ്,രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് |
| 3 | ശ്രീ.എം. ശാന്തകുമാർ | ഡ്രൈവിംഗ് ലൈസൻസ് |
| 4 | ശ്രീ.സൈനുലാബ്ദീൻ | ഡ്രൈവിംഗ് ലൈസൻസ്,രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് |
| 5 | ശ്രീമതി.നസീമ.ജെ | ഡ്രൈവിംഗ് ലൈസൻസ്,രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് |

പ്രസ്തുത രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.54 ന് മറുപടി ഹാജരാക്കിയില്ല. ഗുണഭോക്താക്കളിൽ നിന്നും പദ്ധതിയ്ക്ക് ആവശ്യമായ രേഖകൾ വാങ്ങാതെയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ആയതിനാൽ മേൽ പദ്ധതിയ്ക്കായി ചെലവഴിച്ച 3,82,910/- (76582x 5) രൂപ തടസ്സത്തിൽ വയ്ക്കുന്നു. മേൽ രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

# 3-28 പുതിയ എൽഇഡി വിളക്കുകൾ വാങ്ങൽ-പ്രോജക്ട് ലക്ഷ്യം നേടിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 376/18 |
| പേര് | നഗരപ്രദേശങ്ങളിലെ തെരുവു വിളക്കുകൾ എൽ. ഇ.ഡി. ആക്കൽ |
| ഫയൽ നമ്പർ | E2-7443/17 |
| അടങ്കൽ | 4000000 |
| ചെലവ് | 993600(18-19) |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം-മരാമത്ത് |
| ഡി.പി.സി അംഗീകാരം | NO: PLG 500/17-18/DPC/DPO/TVM dtd 13.6.17 |

ഫയൽനമ്പർ E2 7443/17ലെ തീരുമാനപ്രകാരം 40,00,000 അടങ്കൽ നിശ്ചയിച്ച് ഇ-ടെണ്ടർ മുഖേന 24 Watts Automatic LED Lamp എന്ന ഇനം തെരുവ് വിളക്ക് വാങ്ങുന്നതിന് തീരുമാനിച്ചു. മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിൽ മുനിസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ ഈ പ്രോജക്ടിൽ ഇ-ടെണ്ടർ മുഖേന തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിൽ ഉഷ ഇലക്ട്രോണിക്സിന്റെ നിരക്കുകൾ അംഗീകരിച്ച് കരാർ ഉറപ്പിച്ച് 2314 L.E.Dവിളക്കുകൾ സപ്ളൈ ചെയ്ത് സ്ഥാപിക്കുന്നതിന് ഓർഡർ നൽകി. ഈ പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായിട്ടുള്ള അപാകങ്ങൾ താഴെ പറയുന്നു.

1. നഗരസഭാപരിധിയിലുള്ള തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെഎസ്ഇബി യുമായി സംയുക്ത പരിശോധന നടത്തി രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.പുതിയ 2314 എൽ.ഇ.ഡി വിളക്കുകൾ വാങ്ങി സ്ഥാപിക്കാൻ പ്രോജക്ട് തയ്യാറാക്കിയപ്പോൾ തെരുവ് വിളക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ ആയതിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലല്ല മാറ്റി സ്ഥാപിക്കേണ്ട വിളക്കുകളുടെ എണ്ണവും അടങ്കലും

നിശ്ചയിച്ചത്. വാർഡ് കൗൺസിലർമാർ നൽകുന്ന പോസ്റ്റ് നമ്പരുകൾ പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

3.നിലവിലുള്ള ട്യൂബ് ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ട്. എന്നാൽ പുതിയ വിളക്കുകൾ സ്ഥാപിച്ചപ്പോൾ നിലവിലുണ്ടായിരുന്ന ലൈറ്റുകൾ സ്റ്റോക്കിലെടുത്ത് ലേലം ചെയ്തിട്ടില്ല.

4. 2017-18 വർഷത്തിൽ ഉഷ ഇലക്ട്രോണിക്സ് എന്ന സ്ഥാപനം 2314 ലൈറ്റുകളാണ് സപ്ളൈ ചെയ്തിട്ടുള്ളത്. എന്നാൽ കെ.എസ്.ഇ. ബിയുടെ അനുമതി ലഭ്യമാകാത്തതിനാൽ അതിൽ ഒന്നു പോലും സ്ഥാപിച്ചിട്ടില്ല.

5.കരാർ പ്രകാരമുള്ള പ്രവൃത്തികൾ സ്ഥാപനം പൂർത്തിയാക്കിയിട്ടില്ല എന്ന് ഫയലിൽ കാണുന്നു. ആയത് പൂർത്തീകരിക്കുന്നതിന് കരാർ വ്യവസ്ഥ പ്രകാരമുള്ള നടപടികൾസ്വീകരിച്ചിട്ടില്ല.

6.സ്ഥാപനം ലഭ്യമാക്കുന്ന വിളക്കുകൾ സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കി ഗുണനിലവാരം പരിശോധിച്ച് ബോദ്ധ്യപ്പെട്ട് സ്റ്റോക്കും വിതരണവും സാക്ഷ്യപ്പെടുത്തി ഹാജരാക്കുകയും ഇൻസ്റ്റലേഷൻ സംബന്ധിച്ച് കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യേണ്ടതും അടിയന്തിരമായി പണി പൂർത്തീകരിക്കേണ്ടതുമാണ്.

# 3-29 ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിലെ അപാകത

ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിന് സ.ഉ(കൈ) നം. 11/18/തസ്വഭവ തീയതി 29.01.2018 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങളൊന്നും സ്ഥാപനത്തിൽ പാലിച്ചുകാണുന്നില്ല.

അപേക്ഷകൾ സ്വീകരിച്ച ശേഷം കരട് ലിസ്റ്റോ മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുള്ള കരട് മുൻഗണനാ ലിസ്റ്റോ തയ്യാറാക്കുന്നില്ല. പ്രസ്തുത ലിസ്റ്റ് പ്രകാരമുള്ള അർഹത 2 ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി ലിസ്റ്റ് പുതുക്കുകയും ആക്ഷേപങ്ങൾ സ്വീകരിക്കുകയും അവ പരിഗണിക്കുന്ന മുറയ്ക്ക് കരട് മുൻഗണനാലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിക്കുകയും ചെയ്യണമെന്നതാണ് വ്യവസ്ഥ.

എന്നാൽ സ്ഥാപനത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അപേക്ഷകൾ വിതരണം ചെയ്ത് മാർക്ക് ഇടുകയും മാർക്കുകളോടു കൂടിയ ലിസ്റ്റ് വാർഡ് സഭയിൽ വെച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കുകയുമാണ് ചെയ്യുന്നത് എന്ന് ഓഡിറ്റ് എൻക്വയറി 2 നുള്ള മറുപടിയായി അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. ഈ വാർഡ്തല ലിസ്റ്റുകളിൽ നിന്നും അർഹത പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു എന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുക്കുന്ന ലിസ്റ്റാണ് ഭരണസമിതി അംഗീകരിക്കുന്നത്.
വാർഡ്സഭാ ലിസ്റ്റുകളിൽ നിന്നും തദ്ദേശസ്ഥാപനലിസ്റ്റ് തയ്യാറാക്കണമെന്നും അതിനെ അടിസ്ഥാനലിസ്റ്റായി കണക്കാക്കണമെന്നും വ്യവസ്ഥയുണ്ട്. അംഗീകരിച്ച ലിസ്റ്റ് സ്ഥാപനത്തിന്റെ നോട്ടീസ് വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തപക്ഷം ലിസ്റ്റിന് സാധുതയില്ല എന്നും അങ്ങനെ ചെയ്യാത്തപക്ഷം ആനുകൂല്യം നൽകാൻ പാടില്ല എന്നും 03.04.17 ലെ സ. ഉ(എം.എസ് ) നം 80/17/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിക്കുന്നു.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളൊന്നും പാലിക്കാതെയുള്ള ഗുണഭോക്തൃതെരഞ്ഞെടുപ്പ് അർഹരായവരെ ആനുകൂല്യങ്ങളിൽ നിന്നും അകറ്റിനിർത്തുവാൻ മാത്രമേ സഹായകരമാകുകയുള്ളൂ. തുടർ വർഷങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

# 3-30 സബ്സിഡി മാർഗ്ഗരേഖകളിലെ അവ്യക്തത - പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല

നിർവ്വഹണോദ്യോഗസ്ഥൻ : വ്യവസായ വികസന ഓഫീസർ

പ്രോജക്ട് : SO 162/18 - പരമ്പരാഗതകൈത്തൊഴിൽ ഗ്രൂപ്പുകൾക്ക് ധനസഹായം

അടങ്കൽ/ ചെലവ് : 1,25,000/- രൂ

ബിൽ നം : i) 1/23.10.2017 -1,00,000/-രൂ

ii) 3/18.03.2018 - 25,000/- രൂ

പരമ്പരാഗതകൈത്തൊഴിൽ ചെയ്യുന്ന 5 ഗ്രൂപ്പുകൾക്ക് അവരുടെ തൊഴിലിന് ആവശ്യമായ അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിന് ധനസഹായം നൽകാനുദ്ദേശിച്ചുള്ളതാണ് പ്രോജക്റ്റ്. സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം 5 ഗ്രൂപ്പുകൾ പുതുതായി രൂപീകരിക്കുകയും പ്രസ്തുത ഗ്രൂപ്പുകൾ തുടങ്ങിയ ബാങ്ക് അക്കൗണ്ടുകളിലേക്ക് 25,000/-രൂ വീതം നൽകുകയും ചെയ്തിട്ടുണ്ട്. ബാങ്ക് വായ്പ അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. തുക മുഴുവനും പിൻവലിച്ചതിനു തെളിവായി പാസ്സ്ബുക്കിന്റെ ബന്ധപ്പെട്ട പുറത്തിന്റെ പകർപ്പും തുക മുഴുവനും ഈറ വാങ്ങാൻ ഉപയോഗിച്ചിട്ടുണ്ടെന്നുള്ള ഗ്രൂപ്പംഗങ്ങളുടെ സാക്ഷ്യപ്പെടുത്തലും മാത്രമാണ് ഫയലിൽ ലഭ്യമായുള്ളത്. തൊഴിൽ സാധനങ്ങൾ വാങ്ങിയതിനോ പ്രസ്തുത ഗ്രൂപ്പുകൾ തുടർന്നും പ്രവർത്തിക്കുന്നതിനോ ഉള്ള രേഖകളൊന്നും ലഭ്യമല്ല. ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതിയും ഇതിൽ ശ്രദ്ധ ചെലുത്തിക്കാണുന്നില്ല.

വായ്പാബന്ധിത പ്രോജക്റ്റാണെങ്കിൽ തുക സബ്സിഡിയായി ബാങ്ക് മുഖേന നൽകണമെന്ന മാത്രമാണ് മാർഗ്ഗരേഖകളിലെ നിർദ്ദേശം. ഇക്കാരണത്താൽ പ്രോജക്റ്റ് വായ്പാബന്ധിതമായല്ലാതെ രൂപീകരിക്കുകയും ഓരോ ഗ്രൂപ്പംഗത്തിനും 5000/-രൂ വീതം ധനസഹായം ലഭിക്കുന്ന സാഹചര്യമാണ് നിലവിലുള്ളതെന്ന് കാണുന്നു. ബാങ്ക് വായ്പ ലഭ്യമാകുന്ന മുറയ്ക്ക് മാത്രം സബ്സിഡി നൽകുന്നതിന് ശ്രമിക്കേണ്ടതാണ്.

# 3-31 കിടപ്പ് രോഗികൾക്ക് പോഷകാഹാര വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

A) പ്രോജക്റ്റ് നമ്പർ - SO230/18

അടങ്കൽ തുക - 450000/- (വികസന ഫണ്ട്, പൊതുവിഭാഗം)

ചെലവ് തുക - 397630/- (വികസന ഫണ്ട്, പൊതുവിഭാഗം)

ബിൽ നമ്പർ/തീ - 1.16/Supplimentary food for Bed Patients

തീ.18/1/18 Rs.. 90610/-

2.19/Supplimentary food for Bed Patients

തീ.22/2/18 Rs.98020/-

3. 21/Supplimentary food for Bed Patients

തീ.17/3/18 Rs. 96200/-

4. 28/Supplimentary food for Bed Patients

തീ.24/3/18 Rs.112800/-

B) പ്രോജക്റ്റ് നമ്പർ - SO463/18

അടങ്കൽ തുക - 350000/- (വികസന ഫണ്ട് (SCP))

ചെലവ് തുക - 307020/- (വികസന ഫണ്ട് (SCP) )

ബിൽ നമ്പർ/തീ - 1.20/Nutritional food for destitute SC oldage people

തീ.28/2/18 Rs.98020/-

2.22/Nutritional food for destitute SC oldage people

തീ.17/3/18 Rs.96200/-

3. 29/Nutritional food for destitute SC oldage people

തീ.24/3/18 Rs.112800/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ICDS സൂപ്പർവൈസർ

39 വാർഡുകളിലെയും ജനറൽ, എസ്.സി വിഭാഗത്തിൽ പെട്ട കിടപ്പ് രോഗികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായി നടപ്പിലാക്കിയ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. മേൽ പദ്ധതികളിൽ വാർഡ് സഭ, നഗരസഭ കൗൺസിൽ എന്നിവയുടെ അംഗീകാരത്തിന് വിധേയമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനാണ് മാനദണ്ഡം നിശ്ചയിച്ചിരുന്നത്. എന്നാൽ മേൽസൂചിപ്പിച്ച പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൂടാതെ, ഗുണഭോക്തൃ ലിസ്റ്റ് നഗരസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമില്ല. എസ്.സി വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റാണ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളത്. വാർഡുസഭ പ്രസ്തുത ലിസ്റ്റ് അംഗീകരിച്ചിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 44 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമായില്ലെന്ന് അറിയിച്ചു. സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം പാലിയേറ്റീവ് കെയറിന്റെ കയ്യിൽ നിന്നുള്ള ഗുണഭോക്താക്കളുടെ വിവരം ഇതിൽ ഉൾപ്പെടുത്താൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ബോധിപ്പിച്ചിരുന്നെങ്കിലും ആയത് ലഭ്യമാകാത്തതിനാൽ 39 വാർഡുകളിലെ കൗൺസിലർമാരുടെ നിർദ്ദേശപ്രകാരം അവർ തന്നെ തിരഞ്ഞെടുത്തു തന്ന കിടപ്പുരോഗികൾക്ക് പോഷകാഹാരം വിതരണം ചെയ്തതെന്ന് അറിയിച്ചിട്ടുണ്ട്.

2. പ്രസ്തുത പദ്ധതികൾക്കായി നെടുമങ്ങാട് ത്രിവേണി ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ നിന്ന് 9/1/18, 30/1/18, 28/2/18,24/3/18 എന്നീ തീയതികളിലാണ് പോഷകാഹാരം വാങ്ങിയിട്ടുള്ളത്. എന്നാൽ ഫയലിനൊപ്പം ലഭ്യമാക്കിയ പോഷകാഹാര വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ജനറൽ വിഭാഗത്തിൽപ്പെട്ട 190 പേർ ഡിസംബർ മാസത്തിലും 17 പേർ ജനുവരി മാസത്തിലും എസ്.സി വിഭാഗത്തിൽപ്പെട്ട 166 പേർ ഡിസംബർ മാസത്തിലും ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിൽ യാതൊരു രേഖപ്പെടുത്തലുകളുമില്ല. പോഷകാഹാര വിതരണം ഫലപ്രദമായി നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാനായില്ല. സാമൂഹ്യക്ഷേമവർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടൽ | 4683642 | 4683642 |
| KSEB | ഇല്ക്ട്രിക്ക് ലൈൻ നീട്ടൽ | 3490001 | 3490001 |
| KSEB | പോസ്റ്റ് മാറ്റി വയ്ക്കൽ | 487508 | 487508 |
| KSEB | പോസ്റ്റ് മാറ്റി വയ്ക്കൽ | 421353 | 421353 |
| KELTRON | സോളാർ ഇലക്ട്രിസിറ്റി | 2226733 | 2226733 |

സ്ഥാപനം ലഭ്യമാക്കിയ പത്രിക പ്രകാരമാണ് ഡെപ്പോസിറ്റിന്റെ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | GO(Rt)No.913/13 LSGD dtd 05.04.2013 | 55394227/- | 28312258/- | 6403472 | 2987466 | 21908786 |

സ്ഥാപനം ലഭ്യമാക്കിയ പത്രിക പ്രകാരമുള്ള വിശദാംശങ്ങളാണ് മുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 34117592 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 34117592 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 4000000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 30117592 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം**

| ബാങ്കിന്റെ പേര് | അക്കൗണ്ട് നം | തുക |
|---|---|---|
| Bank of Baroda | Rt.No 903954 | 5000000 |
| Bank of Baroda | Rt.No 903886 | 20000000 |
| SBI | 67062823583 | 2497026 |
| DCB(M/E) | 020321821030693 | 2120566 |
| Clean kerala | Share certificate | 500000 |
| | Total | 30117592 |

സ്ഥാപനം ലഭ്യമാക്കിയ പത്രിക പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | നഗരസഭയുടെ 2017-18 വർഷത്തെ വാർഷിക കണക്കുകളുടെ ഓഡിറ്റ് സാക്ഷ്യപത്രം കെ.എസ്.എ.റ്റി.വി.എം/ എം.എൽ/1902/18 തീയതി 19.09.18 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ AFS പ്രകാരമുള്ള വരവ് ചെലവ് കണക്കുകളിൽ ധാരാളം അപാകതകൾ നിലനിൽക്കുന്നു. ഓഡിറ്റിനായി ലഭ്യമാക്കിയ വാർഷിക കണക്കുകൾ പ്രകാരം തൻ വർഷത്തെ വരവ് 31,47,52,860/- രൂപയും ചെലവ് 387979077.40 രൂപയും ആണ്. |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 215850 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7713589 |

** ഖണ്ഡിക 1-4 പ്രകാരമുള്ള സാമ്പത്തിക നില തയ്യാറാകാത്തതിനാൽ ഓഡിറ്റ് വർഷത്തെ ആകെ വരവ്,ചെലവ് എന്നിവ തയ്യാറാക്കിയിട്ടില്ല

ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.7 | | 4000 | ശ്രീ.ശ്രീകുമാർ.ഡി പ്രോജക്ട് ഓഫീസർ |
| 3.12 | | 61322 | ശ്രീ.പി.കൃഷ്ണകുമാർ മുനിസിപ്പൽ എഞ്ചിനീയർ |
| 3.13 | | 68766 | 1.37907/- ശ്രീ.ഷിജു ചന്ദ്രൻ മുനിസിപ്പൽ എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | 2. 30859/-<br>ശ്രീ.പി.കൃഷ്ണകുമാർ,<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3.14 | | 42681/- | ശ്രീ.പി.കൃഷ്ണകുമാർ<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3.16 | | 39081 | ശ്രീ.പി.കൃഷ്ണകുമാർ<br>മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | | 215850 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 447045/- | ശ്രീമതി.ബീന.എസ്,കുമാർ.<br>മുനിസിപ്പൽ സെക്രട്ടറി,നെടുമങ്ങാട് നഗരസഭ |
| 3.3 | 126899 | ശ്രീമതി.ബീന.എസ്.കുമാർ<br>സെക്രട്ടറി |
| 3.7 | 4021000 | ശ്രീ.ശ്രീകുമാർ,പ്രോജക്ട് ഓഫീസർ,<br>നെടുമങ്ങാട് നഗരസഭ |
| 3.9 | 273360/- | ശ്രീ.ശ്രീകുമാർ,പ്രോജക്ട് ഓഫീസർ,<br>നെടുമങ്ങാട് നഗരസഭ |
| 3.10 | 164000/- | ശ്രീ.ശ്രീകുമാർ,പ്രോജക്ട് ഓഫീസർ,<br>നെടുമങ്ങാട് നഗരസഭ |
| 3.21 | 2298375/- | ശ്രീ.സുദർശനൻ. Rs.(676875/-)<br>കൃഷി ഓഫീസർ,നെടുമങ്ങാട് നഗരസഭ |
| | | ശ്രീമതി.ആനിറോസ്, Rs.(1621500/-)<br>കൃഷി ഓഫീസർ,നെടുമങ്ങാട് നഗരസഭ |
| 3.27 | 382910/- | ശ്രീമതി.രജി വി എസ്.<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 7713589/- | |

സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരമേൽവിലാസം</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| 1.ശ്രീമതി.ബീന.എസ്.കുമാർ സെക്രട്ടറി | സെക്രട്ടറി, നെടുമങ്ങാട് നഗരസഭ | ശിവശൈലം, റ്റി.സി 42/443(2), തവളോട് നഗർ, വള്ളക്കടവ്, തിരുവനന്തപുരം |
| ഷിജു ചന്ദ്രൻ.<br>മുനിസിപ്പൽ എഞ്ചിനീയർ<br>പി.കൃഷ്ണകുമാർ<br>മുനിസിപ്പൽ എഞ്ചിനീയർ | 01.04.17-07.11.17<br><br>മുനിസിപ്പൽ എഞ്ചിനീയർ നെടുമങ്ങാട് നഗരസഭ<br>(5.01.2018-31.03.2018) | 1. ഷിജു ചന്ദ്രൻ, കാവേരി, അവനവൻചേരി.പി.ഒ, ആറ്റിങ്ങൽ.<br>2. പി.കൃഷ്ണകുമാർ<br>അരുണോദയം<br>സർവോദയംറോഡ്,നേമം.പി.ഒ |
| കൃഷി ഓഫീസർ<br>1.സുദർശനൻ.എസ്.<br>2. ആനി റോസ് | | 1.സുദർശനൻ.എസ്. കാർത്തിക, ചിറയിൻകീഴ്<br>2.ആനിറോസ്<br>ശ്രീശൈലം, അമരവിള.പി.ഒ, നെയ്യാറ്റിൻകര |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി.എം.എൽ/4/795/2000, തീയതി 02.01.2003 | 40 | |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ/65/04, തീയതി.22.12.2004 | 40 | |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ/473/08, തീയതി.24.10.2008 | 37 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ/359/04, തീയതി.31.07.2004 | 18 | |
| 1999-00 | എൽ.എഫ്.റ്റി.ഡി.എം.എൽ/1117/03, തീയതി.24.10.2008 | 24 | |

| | | | |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.എം.എൽ/22/08, തീയതി.20.04.2009 | 39 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ/139/09, തീയതി.20.04.2009 | 50 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ/1819/07, തീയതി.25.11.2008 | 22 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ/1846/07, തീയതി 20.04.2009 | 43 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ/1544/09, തീയതി.06.08.2012 | 16 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ/9630/11, തീയതി.31.05.2011 | 24 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ/1430/12, തീയതി.27.12.2012 | 11 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ/533/11, തീയതി.23.06.2012 | 25 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ/1119/1, തീയതി. 25.11.2013 | 22 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ/2356/13, തീയതി.21.03.2013 | 25 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ/1471/11, തീയതി.25.11.2013 | 21 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ/99/15, തീയതി.30-03-15 | 36 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ/1066/14, തീയതി. 01-10-14 | 30 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.എം.എൽ/1168/15, തീ.29.9.15 | 24 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ എം.എൽ.1361/2016 തീയതി. 1.8.16 | 14 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/21/17 തീയതി.12.01.17 | 29 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ എം.എൽ/2053/17 തീയതി.03.11.17 | 46 | |

1995-96 സാമ്പത്തിക വർഷത്തിനു മുമ്പുള്ള റിപ്പോർട്ടുകളുടെ വിവരങ്ങൾ ലഭ്യമല്ല.

ഒപ്പ്

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള നഗരപാലിക നിയമത്തിന്റെ വകുപ്പ് 295(4)-ാം വകുപ്പ് ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

താഴെപ്പറയുന്ന പരാമർശങ്ങൾ നെടുമങ്ങാട് നഗരസഭയുടെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് പത്രികയിൽ നിലനിൽക്കുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

1. സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ രേഖകൾ പ്രകാരം 31.03.2018 ലെ സ്ഥാപനത്തിന്റെ cash in hand 4,01,224/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം cash in hand(31.03.2018) (6,20,74,631/-) രൂപയാണ്.
2. Cash Book പ്രകാരമുള്ള നീക്കിയിരിപ്പ് Credit Balance ലാണ്. (30721630.756)
3. സ്ഥാപനത്തിന്റെ തനത് വരുമാനം നിക്ഷേപിക്കുന്ന Bank of Baroda -14ൽ Bank Pass Book പ്രകാരമുള്ള നീക്കിയിരിപ്പ് 264938.15/- രൂപയാണ്. എന്നാൽ Bank Book പ്രകാരം 31.03.2018 ലെ നീക്കിയിരിപ്പ് -4964385/- രൂപയാണ്.
4. സ്ഥാപനത്തിന്റെ പണമിടപാട് നടക്കുന്ന 33 അക്കൗണ്ടുകളിൽ 31 എണ്ണത്തിൽ 31.03.2018 ലെ പ്രകാരമുള്ള നീക്കിയിരിപ്പും Bank Statement പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. അവയുടെ Reconcilaition Statement ഉം ലഭ്യമാക്കിയിട്ടില്ല. അവയുടെ വിശദാംശം അനുബന്ധം (3) ആയി ചേർത്തിട്ടുണ്ട്.

5. സ്ഥാപനത്തിന്റെ യഥാർത്ഥത്തിലുള്ള പല വരവുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ട്രഷറി TPA Provident Fund Account ൽ തൻവർഷം 30 ലക്ഷം രൂപ വരവ് വന്നിട്ടുണ്ടെങ്കിലും ആയത് AFS ൽ ഉൾപ്പെട്ടിട്ടില്ല. B-Fund ലെ യാതൊരുവിധ വരവ് ചെലവുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. (ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം B-Fund ഇനത്തിലെ ചെലവ് 116975040)

6. ജനറൽ പർപ്പസ് ഫണ്ട് Treasury Statement പ്രകാരം 29.3.2018 ലെ നീക്കിയിരിപ്പ് 28,89,465/- രൂപയാണ്. എന്നാൽ Bank Book പ്രകാരം 31.3.2018 ലെ CB 3,22,936/- രൂപയാണ്. ലഭ്യമാക്കിയ Reconciliation Statement ൽ ട്രഷറിയിലെ 31.03.2018 ലെ നീക്കിയിരിപ്പ് 26,46,540/- ആയി കാണിച്ചാണ് Reconcilaition നടത്തിയിരിക്കുന്നത്.

7. വികസന ഫണ്ട് (ജനറൽ) ACR പ്രകാരം വരവ്/ചെലവ് എന്നിവ 6,32,46,797/- രൂപയാണ്. എന്നാൽ AFS പ്രകാരം ആയത് 6,32,26,404/-രൂപയാണ്.

8. ധനകാര്യ കമ്മീഷൻ ഗ്രാൻറ് ACR പ്രകാരം വരവ്/ചെലവ് എന്നിവ 9,76,66,494/- രൂപയാണ്. എന്നാൽ AFS പ്രകാരം ആയത് 9,70,89,395/-രൂപയാണ്.

9. മുൻ വർഷത്തെ അംഗീകരിച്ച AFS പ്രകാരം ജനറൽ ഫണ്ട് നീക്കിയിരിപ്പ് 66509432.40/- രൂപയാണ്. എന്നാൽ 2017-18 വർഷത്തെ AFS ന്റെ General Ledger Trail Balance പ്രകാരം മുന്നിരിപ്പ് 79223.37/- രൂപയാണ്.

10. മുൻ വർഷത്തെ അംഗീകരിച്ച AFS പ്രകാരം excess of income over expenditure ലെ നീക്കിയിരിപ്പ് 15,54,116/- രൂപയാണ്. എന്നാൽ 2017-18 വർഷത്തെ AFS ന്റെ General Ledger Trail Balance പ്രകാരം ഈ ഇനത്തിലെ മുന്നിരിപ്പ് 68142771.77/- രൂപയാണ്.

11. 35,02,00,125/- Recoveries Payable Audit Recovery- B9 Schedule പ്രകാരം (108888/-) രൂപയായി ഉൾപ്പെടുത്തിയിരിക്കുന്നു. ഈ തുക സ്ഥാപനത്തിന്റെ Liability ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

12. മുൻ വർഷ AFS പ്രകാരം Fixed Deposit 3,27,85,368/- രൂപയാണ്. തൻവർഷവും ഈ ഇനത്തിലെ നീക്കിയിരിപ്പ് 3,27,85,368/- രൂപയായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഹാജരാക്കിയ Fixed Deposit Register പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ഈ ഇനത്തിലെ നീക്കിയിരിപ്പ് 2,96,17,592/- രൂപയാണ്.

13. B-13 Schedule പ്രകാരം Central Government Securities Special Funds 35,12,230/- രൂപയും State Government Securities Special Funds (16,46,749/-) രൂപയുമാണ്. മുൻ വർഷ AFS ലും ഇതേ തുക തന്നെയാണ് നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്. ആയത് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

14. B-5 Schedule പ്രകാരം Loans from Government Bodies And Association ഇനത്തിൽ 9,670/- രൂപ, Loans from Bank ഇനത്തിൽ 1,69,56,715/ രൂപയും, Loans from Financial Institutions ഇനത്തിൽ (37,66,034/-) രൂപയും, ലോൺ from LIC ഇനത്തിൽ (113944/-) രൂപയും നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു. നീക്കിയിരിപ്പിന്റെ വിശദാംശം പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

15. B-6 Schedule പ്രകാരം Unsecured loan ഇനത്തിൽ loan from State Government 62,286/- രൂപ, loan from Government Bodies and association (1,20,000/-) രൂപ, Other loan ഇനത്തിൽ 7,315/- രൂപയും ഉൾപ്പെടെ (50,399/-) രൂപ സ്ഥാപനത്തിന്റെ liability ആയി കാണിച്ചിരിക്കുന്നു. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

16. RP-25 Schedule പ്രകാരം loans from financial institution 3,77,000/- രൂപയും loan from LIC ഇനത്തിൽ 1,13,944/- രൂപയും ചെലവ് ചെയ്തിട്ടുള്ളതായി കാണുന്നു. RP-26 Schedule പ്രകാരം loans from Government Bodies and Association ഇനത്തിൽ 1,20,000/- രൂപ ചെലവ് ചെയ്തതായി കാണിച്ചിരിക്കുന്നു. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

17. B-5 Schedule ഉം B-16 Schedule ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല.

18. ബാലൻസ് ഷീറ്റ് B1 Schedule പ്രകാരം ജനറൽ ഫണ്ടിനത്തിൽ 6,80,63,548/- രൂപയും Excess of Income over Expenditure ഇനത്തിൽ 3,62,25,362/- രൂപയും നീക്കിയിരിപ്പുണ്ട്. എന്നാൽ Schedule B1 Vertical Sheet പ്രകാരം ജനറൽ ഫണ്ടിനത്തിൽ നീക്കിയിരിപ്പ് 79223.37/- രൂപയും Excess of Income Over Expenditure ൽ നീക്കിയിരിപ്പ് 104368133.77 രൂപയുമാണ്.

19. Schedule B-2 Earmarked Fund പ്രകാരം Pension Fund for Contingent Staff ഇനത്തിൽ (21,83,362/-) രൂപ ബാദ്ധ്യതയുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിൽ ഒരു പെൻഷൻ ഫണ്ട് മുനിസിപ്പാലിറ്റിയിൽ നിലവിലില്ല.

20. RP-15 Schedule പ്രകാരം distress Relief fund ഇനത്തിൽ 1,000/- രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ B-2 Schedule ൽ Earmarked Fund ൽ മേൽ അക്കൗണ്ടിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല.

21. B-3 Schedule പ്രകാരം ഗുണഭോക്തൃ വിഹിതം (ചെലവഴിച്ചത്) ഇനത്തിൽ (58,000/-) രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

22. B-4 Schedule ൽ ഉൾപ്പെടുത്തിയിരിക്കുന്ന മുഴുവൻ ഇനങ്ങളുടെയും നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

23. B-7 Schedule പ്രകാരം ഡെപ്പോസിറ്റിനത്തിൽ 7,32,592/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

24. B-9 Schedule പ്രകാരം 10436856.05/-രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

25. B-10 Schedule പ്രകാരം Provision for expenses contractorഇനത്തിൽ (2,79,651/-) രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

26. B-11 Schedule ൽ അസ്തികൾക്ക് Depreciation രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും depreciation Statement ലഭ്യമാക്കുകയോ Income & Expenditure Statement ൽ Depreciation രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

27. B-14 Schedule പ്രകാരം Stock in hand ഇനത്തിൽ 2,56,216/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

28. തൻ വർഷം പാർട്ട് പേയ്മെന്റ് നടത്തിയ മരാമത്തു പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കിയില്ല.

29. B-18 Schedule ലെ Loans Advances and Deposits എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. Electricity Deposit ഇനത്തിൽ 67,405/- രൂപയാണ് കാണിച്ചിരിക്കുന്നതെങ്കിലും തൻവർഷം ഈ ഇനത്തിൽ 4,37,57,069/- രൂപ KSEB യ്ക്കക്ക് നൽകിയിട്ടുണ്ട്. ആയതിന് UC ലഭിച്ചിട്ടില്ല. കൂടാതെ 46,83,642/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്ത മേൽ Deposit തുകയുടെ വിവരവും B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

30. B-21 ൽ provision for outstanding Electricity charges ഇനത്തിൽ 1,650/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

31. B-21 Schedule പ്രകാരം

432100100 Provision for outstanding property tax എന്ന ഹെഡിൽ (168096/-)

432120100 Provision for outstanding Professional tax എന്ന ഹെഡിൽ (23184/-)

432300201 Provision for outstanding license fee എന്ന ഹെഡിൽ (2735/-) രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ വർഷ AFSലും ഇതേ തുക തന്നെയാണ് Provision ആയി രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുള്ള എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

32. ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ പ്രകാരമുള്ളDemand, Collection, Balance AFS മായി പൊരുത്തപ്പെടുന്നില്ല.

| | Demand | Collection | Balance |
|---|---|---|---|
| AFS | 5172884 | 1044 | nil |
| Register | 5339200 | 4953348 | 385858 |

33. 2017-18 ലെ AFS പ്രകാരം Rent from Other Civic Amenities ഇനത്തിൽ 9,00/-രൂപ Demand ഉം RP(3), RP(37) എന്നിവ പ്രകാരം 51,27,942/-രൂപ വരവും വന്നിട്ടുണ്ട്. ഡിമാന്റിനേക്കാൾ അധിക തുകയാണ് വരവായി വന്നിട്ടുള്ളത്. എന്നാൽ

ബാലൻസ് ഷീറ്റ് പ്രകാരം 11,49,792/- രൂപ Rent Receivable from civic amenities (current) ഇനത്തിലും, 3,20,835/- രൂപ Rent from civic Amenities (Arrear) ഇനത്തിലും നീക്കിയിരിപ്പുണ്ട്. ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

34. വസ്തു നികുതിയുമായി ബന്ധപ്പെട്ട് നൽകിയ DCB പത്രിക AFS മായി പൊരുത്തപ്പെടുന്നില്ല.

| | Demand | Collection | Balance |
|---|---|---|---|
| AFS | 11205679 | 10226362(current)<br>3415449(Arrear) | 568099(current)<br>1863265(Arrear) |
| DCB | 10280439(current)<br>3525589(Arrear) | 10226362 (current)<br>3410399(Arrear) | 54077(current)<br>115688(Arrear) |

35. 2017-18 സാമ്പത്തിക വർഷത്തിൽ E-tender ചെയ്ത പ്രവൃത്തികൾക്ക് Tender form ഇനത്തിൽ 7,08,596/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക 2017-18 വർഷത്തിത്തെ AFS ൽ വരവ് വന്നിട്ടില്ല.

36. AFS പ്രകാരം Hire charge for Vehicle (others) ഇനത്തിൽ വരവായി രേഖപ്പെടുത്തിയിട്ടുള്ള തുക (-4995) credit balance ആണ്.

37. വിവിധ വരവുകൾ AFS ലും സാംഖ്യയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| Item | Sankhya | AFS |
|---|---|---|
| 1) Fee for construction of Building<br>Other fee for grant of permit<br>Delayed Registration fee | 767949 | Fee for construction of = 644629<br>building<br>Fee for grant of permit = 401879<br>Delayed registration fee = 4400<br>1050908/- |
| 2) Private hospital and Para Medical Institution reg.fees | 9800 | 9100 |
| Tutorial college registration fees | 7425 | 3100 |

38. 2017-18 ലെ AFS പ്രകാരം RP47 ലെ 253105502 Seabass farming-Pisciculture-SCP ഇനത്തിൽ 3,26,798/- രൂപയും, 253106102-fisheries Insfrastructure-SCP ഇനത്തിൽ 12,00,000/- രൂപയും ചെലവ് വന്നിട്ടുണ്ട്. എന്നാൽ Sulekha Software ൽ നിന്ന് ലഭ്യമായ Expenditure Statement (2017-18) പ്രകാരം പ്രസ്തുത ഇനവുമായി ബന്ധപ്പെട്ട project കൾ ഉൾപ്പെടുകയോ ചെലവ് വരികയോ ചെയ്തിട്ടില്ല.

39. വിവിധ ഇനങ്ങളിലായി AFSപ്രകാരം ലഭ്യമായ വരവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. 431400107-Rent Receivable from lease on Land (current)- 440249/-

2. 140200200-Penal Interest-385623/-

3. 140200300-Fines -497758/-

4. 150120300-Receipt from action of Obsolete assests-637667/-

5. 110160100-Entertainment tax-1005236/-

6. 130200300-Rent from Buildings-33044/-

പ്രസ്തുത വരവുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

40. വിവിധ വരവിനങ്ങളിലെ രജിസ്റ്റർ പ്രകാരമുള്ള വരവ് AFSമായി പൊരുത്തപ്പെടുന്നില്ല.

| Item | Register | AFS |
|---|---|---|
| 1.Market Fee (Rent from town market) | 2710099 | 1581936 |
| 2.Rent from stadium (ground booking) | 2750 | 3500 |
| 3. Rent from Agricultural Trees | 6764 | 9389 |
| 4.Slaughter house fee | nil | 45120 |
| 5.Rent from town hall & conference hall | 604850 | 766346 |

41. 2017-18 AFS പ്രകാരം Advertisement Tax ഇനത്തിൽ I1 Schedule പ്രകാരം 49,672/- രൂപ Demandഉം RP Schedule പ്രകാരം 76,687/-(49672 (RP1) + 27015 (RP37)) രൂപ വരവും B-15 Schedule പ്രകാരം 1,35,132/- രൂപ (arrear), (27015) (current) കുടിശ്ശികയുമുണ്ട്. ആയതിൻെറ പരിശോധനക്ക് ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

42. തൊഴിൽ നികുതിയുമായി ബന്ധ്പ്പെട്ട രജിസ്റ്ററുകളോ DCB പത്രികയോ ഹാജരാക്കാത്തതിനാൽ ആയതിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചില്ല.

43. D&O ലൈസൻസുമായി ബന്ധപ്പെട്ട വാർഡ് തിരിച്ചുള്ള കളക്ഷൻ രജിസ്റ്ററുകളിൽ DCB തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ ആയതിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

44. ലോൺ രജിസ്റ്റർ പ്രകാരം KURDFC തിരിച്ചടവ് 93,90,842/- രൂപയാണ്. AFS പ്രകാരം 99,11,747/- രൂപയാണ് തിരിച്ചടവ്. ആയവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. Sulekha പ്രകാരമുള്ള Expenditure Statement പ്രകാരം തൻവർ
ഷം KURDFC ലോൺ തിരിച്ചടവിനായി 16,00,000/- രൂപ വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചിട്ടില്ല.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.**